പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 62 ലക്കം 10 ജനുവരി 2023

# കേരളം മുന്നോട്ട്

പ്രതിസന്ധികൾക്കിടയിലും സാമ്പത്തിക
രംഗത്ത് ശക്തമായ തിരിച്ചുവരവ്

ജലസമൃദ്ധ
നവകേരളം

അറിയാം കെട്ടിട
നിർമ്മാണ ചട്ടങ്ങൾ


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്
ജനുവരി 2023

## അകത്ത്






പതറാതെ കേരളം മുന്നോട്ട്
ഹുസൈൻ എം. മിന്നത്ത് 5

ജലസമൃദ്ധ നവകേരളത്തിലേക്ക്
ഡോ. ടി. എൻ. സീമ 10

തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിക്കൽ - ഒരു അവലോകനം
അനീഷ് കുമാർ കെ.വി. 13

നദികളുടെ വീണ്ടെടുപ്പിനായി ഒരു ദിനം, മാർച്ച് 14 അന്താരാഷ്ട്ര നദികൾക്ക് വേണ്ടിയുള്ള ദിനം
ടി. ഷാഹുൽ ഹമീദ് 18

ഇ-ഗ്രാം പോർട്ടൽ
ദീപു പി. 21

പ്രവാസികൾക്കായി ഒരു ദിനം
അജിത് വെണ്ണിയൂർ 24

അറിയാം; കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പുതിയ ഭേദഗതികൾ
എൻ. ആർ. ശിവദാസ് 28

മാലിന്യ സംസ്കരണം നമ്മൾ ചെയ്യേണ്ടത്
പി. അജയകുമാർ 35

നമുക്ക ചിരിക്കാം ഇത്തിരി വർത്തമാനം പറയാം
മുരളീധരൻ തഴക്കര 39


### പംക്തികൾ


എന്റെ മലയാളം 32
വാർത്തകൾ വിശേഷങ്ങൾ 34
ഊരും പേരും - 30 38
എന്ന് വായനക്കാർ 42

ജനുവരി 2023
പുസ്തകം 62 ലക്കം 10
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.ബി. രാജേഷ്**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ. എൻ. സാനു
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# പതറാതെ കേരളം മുന്നോട്ട്, ഒപ്പം പ്രാദേശിക സർക്കാരുകളും

2022 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് കേരളത്തിന് ശുഭസൂചകമാണ്. നിരവധി പ്രതിസന്ധികൾക്കിടയിലും സാമ്പത്തികരംഗത്ത് ശക്തമായ തിരിച്ചുവരവാണ് കേരളം നടത്തിയതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ 12.1 ശതമാനം വർധനവ് ഉണ്ടായിയെന്നത് സംസ്ഥാനത്തിന് പുത്തൻ ഉണർവ് പകരുന്നതാണ്. സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് അവശ്യസേവനങ്ങളും സാധനങ്ങളും പണവും എത്തിക്കുന്നതിന് നിർണ്ണായക നടപടികൾകൈക്കൊണ്ടും സാമ്പത്തിക സൂചകങ്ങൾ സ്ഥിരമായി നിലനിർത്തുന്നതിൽ ശ്രദ്ധിച്ചും ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സാധിച്ചതായി 2022 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് അടിവരയിടുന്നു. വ്യവസായ മേഖലയിൽ 2021-22 ൽ 3.9 ശതമാനം വളർച്ച നേടാനായത് ശ്രദ്ധേയമാണ്.

സംസ്ഥാനത്തിന് മുന്നിൽ വെല്ലുവിളികൾ നിരവധിയായിരുന്നു. കോവിഡും പ്രകൃതിദുരന്തങ്ങളും ആഗോളമാന്ദ്യവും കേന്ദ്രവിഹിതത്തിലെ കുറവുമൊക്കെ സൃഷ്ടിച്ച സമ്മർദ്ദം വളരെ വലുതായിരുന്നു. ഈ സമ്മർദ്ദം ഒരു പരിധിവരെ അതിജീവിക്കുന്നതിന് സഹായകരമായ പ്രാദേശിക സർക്കാരുകളുടെ സംഭാവന വിലപ്പെട്ടതായിരുന്നു. പ്രതിസന്ധികൾക്കിടയിലും സമ്പദ്‌വ്യവസ്ഥയിലെ വളർച്ചയും വികസനവും സാധ്യമാക്കുന്നതിലും ഉന്നത നിലവാരമുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും ക്രിയാത്മക ഇടപെടലുകളിലൂടെ പ്രാദേശിക സർക്കാരുകൾ ഒപ്പം നിന്നു.

ഇന്ത്യയിൽ നീതി ആയോഗിന്റെ വരവോടെ പഞ്ചവത്സര പദ്ധതി ഇല്ലാതായെങ്കിലും കേരളത്തിൽ മാത്രം ആയത് തുടരുന്നത് വിവിധ മേഖലകളിൽ വികസനം സാധ്യമാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് ഊർജ്ജം പ്രദായനം ചെയ്യുന്നതിലേക്ക് പഞ്ചവത്സര പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ സാധിച്ചത് ഗുണകരമെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു. ഐക്യരാഷ്ട്രസഭ മുന്നോട്ട് വച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാദേശികവത്ക്കരിക്കുകവഴി നമുക്ക് മുന്നിലുള്ള വികസന സ്വപ്നങ്ങൾ ആർജ്ജിക്കുന്നതിനുള്ള പ്രേരകശക്തിയായി പ്രാദേശിക സർക്കാരുകളെ ഉയർത്തേണ്ടതിന്റെ ആവശ്യകത റിപ്പോർട്ട് എടുത്തുപറയുന്നു.

പതിനാലാം പദ്ധതിയുടെ പൊതുസമീപനം തന്നെ പ്രാദേശിക സർക്കാരുകളെ സുസ്ഥിര , പ്രാദേശിക സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്നതാണ്. സംസ്ഥാന പദ്ധതി അടങ്കലിന്റെ 25 ശതമാനത്തിലധികം പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്ന ഏക സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് സ്വന്തം. കാലഘട്ടത്തിനനുസരിച്ച് പുതിയ വെല്ലുവിളികൾ നേരിടാനും രണ്ടാംതലമുറ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും പ്രാദേശിക സർക്കാരുകളെ സജ്ജമാക്കുന്നതിനുള്ള കർമ്മപഥത്തിൽ ശരിയായ ദിശയിൽ സഞ്ചരിക്കുന്ന സംസ്ഥാന സർക്കാരിനൊപ്പം നമുക്കും നടന്നുനീങ്ങാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

**"ഞാൻ ഒരു സമൂഹത്തിന്റെ പുരോഗതി അളക്കുന്നത് അവിടെ സ്ത്രീകൾ കൈവരിച്ച പുരോഗതിയുടെ അടിസ്ഥാനത്തിലാണ്."**
- ഡോ. ബി.ആർ. അംബേദ്കർ



# പതറാതെ കേരളം മുന്നോട്ട്

■ ഹുസൈൻ എം. മിന്നത്ത്

ഒട്ടനവധി പ്രതിസന്ധികൾക്കിടയിലും സാമ്പത്തിക രംഗത്ത് ശക്തമായ തിരിച്ചുവരവാണ് സംസ്ഥാനം കഴിഞ്ഞ വർഷം നടത്തിയതെന്ന് 2022 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് കാണിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ 12.1 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനം നടപ്പിലാക്കിയ വിവിധ ഉത്തേജന പാക്കേജുകളിലൂടെ 2018 ലെയും 2019 ലെയും പ്രളയവും കോവിഡ് മഹാമാരിയും മൂലം തകർന്ന സമ്പദ് വ്യവസ്ഥയെ ദ്രുതഗതിയിൽ വളർച്ചയുടെ പാതയിലേക്ക് കൊണ്ടുവരുവാൻ സാധിക്കുകയും സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് അവശ്യസേവനങ്ങൾ, സാധനങ്ങൾ, പണം എന്നിവ നൽകികൊണ്ട് ആശ്വാസം നല്കാൻ സർക്കാർ മുന്നോട്ട് ഇറങ്ങിയത് സാമ്പത്തിക സൂചകങ്ങൾ സ്ഥിരമായി നിലനിർത്തുന്നതിനും ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുന്നതിനും സംസ്ഥാനത്തിന് സാധിച്ചതായി 2022 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പറയുന്നു. 2021-22 ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 2020-21 ലെ 12.66 ശതമാനത്തിൽ നിന്നും നേരിയ തോതിൽ വർധിച്ച് 12.86 ശതമാനമായി മാറുകയുണ്ടായി. അതേസമയം മുൻവർഷത്തെ അപേക്ഷിച്ച് 2021-22-ൽ കേന്ദ്ര നികുതികളുടെയും ഗ്രാന്റിന്റെയും വിഹിതത്തിൽ 0.8 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുമുണ്ട്. കൃഷി, അനുബന്ധമേഖലകളിൽ 2020-21 ലെ 0.24 ശതമാനം വളർച്ചയെ അപേക്ഷിച്ച് 2021-22 ൽ 4.64 ശതമാനം വളർച്ച നേടുകയുണ്ടായി. വ്യവസായ മേഖലയിൽ 2021-22 ൽ 3.9 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. കോവിഡ്-19, പ്രകൃതി ദുരന്തങ്ങൾ, ആഗോളമാന്ദ്യം, കേന്ദ്ര വിഹിതത്തിലെ കുറവ് തുടങ്ങി ഒട്ടനവധി സമ്മർദ്ദങ്ങൾ ഉണ്ടായിട്ടും സമ്പദ് വ്യവസ്ഥയിലെ വളർച്ചയും വികസനവും സാധ്യമാക്കുന്നതിലും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിലും ഉന്നതനിലവാരമുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും സംസ്ഥാനത്തിന്



സാധിച്ചുവെന്നത് സാമ്പത്തിക അവലോകന റിപ്പോർട്ട് അടിവരയിട്ടു പറയുന്നു. ഇതിൽ പ്രാദേശിക സർക്കാരുകളുടെ പങ്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

## വികേന്ദ്രീകരണത്തിന്റെ കാൽ നൂറ്റാണ്ട്

പ്രാദേശിക സർക്കാരുകളുടെ ഘടനയിലും പ്രവർത്തനങ്ങളിലും ചുമതലകളിലും ലക്ഷ്യങ്ങളിലും ഘടനാപരമായ മാറ്റങ്ങൾക്ക് നിദാനമായ ജനകീയാസൂത്രണം സംസ്ഥാനത്ത് ആരംഭിച്ചിട്ട് 2021 ൽ കാൽ നൂറ്റാണ്ട് പിന്നിടുകയുണ്ടായി. 2015 ൽ നീതി ആയോഗിന്റെ വരവോടെ ആസൂത്രണ കമ്മീഷൻ ഇല്ലാതായെങ്കിലും കേരളത്തിൽ മാത്രം പഞ്ചവത്സര പദ്ധതി തുടർന്നതും സർവ്വതല സ്പർശിയായ വികസനം സാധ്യമാക്കുവാൻ പ്രാദേശിക സർക്കാരുകളെ സജ്ജമാക്കുന്ന രീതിയിലേക്ക് പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധിച്ചതായി റിപ്പോർട്ട് വിലയിരുത്തുന്നു. വികസനതന്ത്രമെന്ന നിലയിൽ കഴിഞ്ഞ രണ്ടര പതിറ്റാണ്ട് കാലം സംസ്ഥാനത്ത് നടപ്പിലാക്കിയ വികേന്ദ്രീകൃതാസൂത്രണം വഴി പ്രാദേശിക സർക്കാരുകൾ ആർജ്ജിച്ച കരുത്തിന്റെ വെളിച്ചത്തിൽ കാലഘട്ടത്തിനനുസരിച്ച് പുതിയ വെല്ലുവിളികൾ നേരിടാനും രണ്ടാം തലമുറ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും പ്രാദേശിക സർക്കാറുകളെ സജ്ജമാക്കേണ്ടതായിട്ടുണ്ട്. അതേ പോലെ തന്നെ സമയബന്ധിതമായി ഗുണകരവും ഫലപ്രദവുമായി പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്നതിനും കഴിഞ്ഞ കാല ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള മുന്നേറ്റം ലക്ഷ്യം വെച്ചുകൊണ്ട് ആരംഭിച്ച ‘നവകേരളത്തിന് ജനകീയാസൂത്രണം’ മുന്നോട്ടുവെക്കുന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ തന്നെയാണ് മുന്നോട്ടുപോകുന്നതെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഐക്യരാഷ്ട്ര സഭ മുന്നോട്ട് വെച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാദേശികവൽക്കരിക്കുക വഴി (Sustainable Development Agenda-2030) ഈ ലക്ഷ്യങ്ങൾ നേടി എടുക്കുന്നതിനുള്ള ചാലകമായി പ്രാദേശിക സർക്കാരുകൾ മാറുന്ന തലത്തിലേക്ക് ഉയരേണ്ടതായും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

## പ്രാദേശിക സർക്കാറുകളും പതിനാലാം പദ്ധതിയും (2022-27)

പതിനാലാം പദ്ധതിയുടെ പൊതു സമീപനം പരിശോധിച്ചാൽ പ്രാദേശിക സർക്കാരുകളെ സുസ്ഥിര, പ്രാദേശിക സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുകയെന്നതാണെന്ന് കാണാവുന്നതാണ്. പ്രാഥമിക മേഖലയിലെ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനും ദ്വിതീയ സേവനമേഖലയിലെ വളർച്ചയും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും ശാസ്ത്രീയമായ പ്രകൃതി വിഭവ മാനേജ്മെന്റിനെ പ്രോത്സാഹിപ്പിക്കുന്നതിനും സമഗ്ര വികസനത്തിനും ദാരിദ്ര്യ നിർമാർജ്ജനത്തിനും സേവന വിതരണത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും പ്രാദേശിക സർക്കാരുകളെ കേന്ദ്രബിന്ദുക്കളായി കണ്ടുള്ള ഒരു വികസന തന്ത്രമാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. സംസ്ഥാന പദ്ധതിയടങ്കലിന്റെ 25 ശതമാനത്തിലധികം തുകയും പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്ന ഏക സംസ്ഥാനമാണ് കേരളം. എന്നാൽ ഗ്രാമ വികസനം, നഗര വികസനം, പ്രാദേശിക സർക്കാർ മുഖേന നടപ്പാക്കുന്ന കേന്ദ്ര പിന്തുണയുള്ള പദ്ധതികൾ, മറ്റ് അനുബന്ധ പരിപാടികൾ എന്നിവകൂടി കണക്കിലെടുത്താൽ സംസ്ഥാന ബഡ്ജറ്റിന്റെ 40 ശതമാനം തുകയും ചെലവഴിക്കുന്നത് പ്രാദേശിക സർക്കാരുകളാണ്. സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമായി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി സംസ്ഥാനത്തെ പരിവർത്തനപ്പെടുത്തുകയും ചെയ്യുകയെന്നതു തന്നെയാണ് പതിനാലാം പദ്ധതിയുടെ ആത്യന്തിക ലക്ഷ്യമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പദ്ധതികളിൽ വിജ്ഞാന ഉള്ളടക്കം വർധിപ്പിക്കുന്നതിനും ആസൂത്രണ പ്രക്രിയ കൂടുതൽ പങ്കാളിത്തമുള്ളതാക്കുന്നതിനുമായി ആരംഭിച്ച ജില്ലാ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനം ഭരണഘടനാ സമിതിയായ ജില്ലാ ആസൂത്രണസമിതികളുടെ നേതൃത്വത്തിൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ചില ഉറച്ച കാൽവയ്പ്പുകൾ കഴിഞ്ഞവർഷം സംസ്ഥാനത്ത് തുടക്കമിടുകയുണ്ടായി. അതേപോലെ പതിനാലാം പദ്ധതികാലയളവിൽ അതിദാരിദ്ര്യം തുടച്ചുനീക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി പരമദരിദ്രരെ കണ്ടെത്തുന്നതിനുള്ള ജനകീയ പങ്കാളിത്തത്തോടെയുള്ള ദൗത്യത്തിന് സർക്കാർ തുടക്കമിടുകയും 64,006 കുടുംബങ്ങൾ അതീവ ദരിദ്രരായി കണ്ടെത്തുകയുമുണ്ടായി. ഇതിൽ 12763 പേർ പട്ടികജാതി വിഭാഗത്തിലും 3021 പേർ പട്ടികവർഗ്ഗ വിഭാഗത്തിലുംപ്പെടുന്നു. ഭക്ഷണം, പാർപ്പിടം, ഉപജീവനമാർഗം, ശാരീരിക അവസ്ഥ, വൈദ്യസഹായം എന്നിവയെ അടിസ്ഥാനമാക്കി കണ്ടെത്തിയ അതിദരിദ്രരെ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ നിന്നും മോചിപ്പിക്കുന്നതിനായി പ്രത്യേകം മൈക്രോ പ്ലാനുകൾ തയ്യാറാക്കു

ന്നതിനുള്ള വിപുലമായ പദ്ധതികൾ കഴിഞ്ഞ വർഷം പ്രാദേശിക സർക്കാർ തലത്തിൽ ആരംഭിക്കുകയുണ്ടായി. ആഗോളതലത്തിൽ പോലും ഇത്തരം മാതൃകകൾ നമുക്ക് കാണാൻ സാധിക്കുകയുമില്ല. ഇതൊക്കെ പ്രാദേശിക സർക്കാറുകളുടെ പതിനാലാം പഞ്ചവത്സരപദ്ധതിയെ മുൻ പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നു.



## 2021-22 ലെ പ്രാദേശിക സർക്കാർ പദ്ധതി - അവലോകനം

2021-22 ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനം തുകയായ 7180 കോടി രൂപയാണ് വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി വികസന ഫണ്ടായി പ്രാദേശിക സർക്കാരുകൾക്ക് നൽകിയത്. ഇതിൽ 3421.75 കോടി രൂപ സാധാരണ വിഹിതവും 2454 കോടി രൂപ ധനകാര്യ കമ്മീഷൻ വിഹിതവും 1221.15 കോടി രൂപ പട്ടികജാതി വിഹിതവും 183.10 കോടി രൂപ പട്ടികവർഗ്ഗ വിഹിതവും ആയിരുന്നു. വികസന ഫണ്ട് കൂടാതെ മെയിന്റനൻസ് ഫണ്ടായി 3168.42 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റായി 1949.80 കോടി രൂപയും പ്രാദേശിക സർക്കാരുകൾക്ക് നൽകുകയുണ്ടായി. വികസന ഫണ്ടായി 2021-22 ൽ പ്രാദേശിക സർക്കാരുകൾക്ക് ബഡ്ജറ്റ് വിഹിതമായി നൽകിയ 7180 കോടി രൂപയിൽ 5853.07 കോടി രൂപ അതായത് 88.38 ശതമാനം തുകയും പ്രാദേശിക സർക്കാരുകൾ ചെലവഴിച്ചതായി കാണാവുന്നതാണ്. പട്ടികജാതി വികസനത്തിനായി വകയിരുത്തിയ 1221.5 കോടി രൂപയിൽ 1131.307 കോടി രൂപയും (93 ശതമാനം) ചെലവഴിക്കുകയുണ്ടായി. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി പ്രാദേശിക സർക്കാരുകൾക്ക് നൽകിയ 183.10 കോടി രൂപയിൽ 186.413 കോടി രൂപയും (102ശതമാനം)ചെലവഴിക്കുകയുണ്ടായി.

പ്രാദേശിക സർക്കാർ തലത്തിൽ പരിശോധിച്ചാൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ മൊത്തത്തിലുള്ള പദ്ധതി ചെലവ് 90 ശതമാനത്തിനും മുകളിലാണ്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ചിലവ് 83.05 ശതമാനവും മുനിസിപ്പാലിറ്റികളിൽ 84.26 ശതമാനവും കോർപ്പറേഷനുകളിൽ 70 ശതമാനത്തിനു മുകളിലാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള പ്രാദേശിക സർക്കാറുകളും പദ്ധതി തുക ഉപയോഗിച്ച് വിവിധ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിലും പദ്ധതി തുക വിനിയോഗിക്കുന്നതിലും കാണിക്കുന്ന പ്രാധാന്യം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിലും പ്രതിഫലിക്കുന്നതായി കാണാവുന്നതാണ്.

> പ്രാദേശിക സർക്കാറുകൾക്ക് സർക്കാർ നൽകുന്ന വികസന ഫണ്ട് ഉപയോഗിച്ച് ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലാണ് പദ്ധതികൾ ഏറ്റെടുക്കുന്നത്. പൊതു വിഭാഗം ഫണ്ടിന്റെ 30% തുക ഗ്രാമീണ തദ്ദേശസ്ഥാപനങ്ങളും 10% തുക നഗര തദ്ദേശ സ്ഥാപനങ്ങളും ഉത്പാദന മേഖല പ്രവർത്തനങ്ങൾക്ക് നിർബന്ധമായും നീക്കിവെക്കാൻ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്

## വിവിധ മേഖലകളും 2021-22 വാർഷിക പദ്ധതി വിനിയോഗവും

പ്രാദേശിക സർക്കാറുകൾക്ക് സർക്കാർ നൽകുന്ന വികസന ഫണ്ട് ഉപയോഗിച്ച് ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലാണ് പദ്ധതികൾ ഏറ്റെടുക്കുന്നത്. പൊതു വിഭാഗം ഫണ്ടിന്റെ 30% തുക ഗ്രാമീണ തദ്ദേശസ്ഥാപനങ്ങളും 10% തുക നഗര തദ്ദേശ സ്ഥാപനങ്ങളും ഉത്പാദന മേഖല പ്രവർത്തനങ്ങൾക്ക് നിർബന്ധമായും നീക്കിവെക്കാൻ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. അതേപോലെ ഗ്രാമപഞ്ചായത്തുകൾ പൊതു വികസന ഫണ്ടിൽ സാധാരണ വിഹിതത്തിന്റെ 30 ശതമാനത്തിൽ കൂടുതൽ തുക പശ്ചാത്തല മേഖലയിൽ വകയിരുത്താനും പാടില്ല. ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് ഇത് യഥാക്രമം 25 ശതമാനവും 45 ശതമാനവുമാണ്. നഗരസർക്കാരുകൾക്ക് ഈ പരിധി 50 ശതമാനമാണ്. സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 2021-22 ൽ പ്രാദേശിക സർക്കാർ ചെലവഴിച്ച പദ്ധതി വിഹിതമായ 5853.07 കോടി രൂപയിൽ ഉത്പാദന മേഖലയിലെ ചെലവ് 797.9 കോടി രൂപയും സേവന മേഖലയിലെ ചെലവ് 4225.17 കോടി രൂപയും പശ്ചാത്തല മേഖലയിലെ ചെലവ് 829.92 കോടി രൂപയുമാണ്. മൊത്തം ചെലവിൽ സേവന മേഖലയുടെ വിഹിതം 72.19 ശതമാനവും ഉത്പാദന മേഖലയിലും പശ്ചാത്തല മേഖലയിലും 14 ശതമാനം




വീതവുമാണ്. ഉത്പാദന മേഖലയിൽ വിനിയോഗിച്ച തുകയിൽ 40.85 ശതമാനവും പ്രാദേശിക സർക്കാരുകൾ കാർഷിക മേഖലയിലാണ് വിനിയോഗിച്ചതെന്ന് കാണാം. തുടർന്ന് മൃഗസംരക്ഷണം (21.8%), ക്ഷീരവികസനം (16.31%), മണ്ണ്, ജലസംരക്ഷണം (8.04%), വ്യവസായ സ്വയംതൊഴിൽ (5.9%), മത്സ്യ ബന്ധനം (2.7%), ജലസേചനം (2.6%) എന്നിങ്ങനെ പോകുന്നു. സേവന മേഖലയിൽ പ്രാദേശിക സർക്കാരുകൾ ചെലവഴിച്ച തുകയുടെ 38.03% ഉം ഭവനമേഖലയിലാണെന്ന് കാണാം. ശുചിത്വത്തിനും മാലിന്യ സംസ്കരണത്തിനും 10.8 ശതമാനം തുകയും വിദ്യാഭ്യാസ മേഖലയിൽ 9.6 ശതമാനവും കുടിവെള്ള മേഖലയിൽ 8.4% ഉം ചെലവഴിച്ചിട്ടുണ്ട്. പശ്ചാത്തല മേഖലയിൽ പ്രാദേശിക സർക്കാർ ചെലവഴിച്ച തുകയിലെ 64.7% ഉം റോഡുകൾ ഉൾപ്പെടുന്ന ഗതാഗത മേഖലയിലാണ്. പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് 16.96% തുകയും വൈദ്യുതീകരണത്തിനായി 14.7% തുകയും വകയിരുത്തിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ പ്രഭവ കേന്ദ്രങ്ങളായി പ്രാദേശിക സർക്കാരുകൾ മാറണമെങ്കിൽ ഉത്പാദന മേഖലയിൽ ഇനിയും ഗൗരവമായ ഇടപെടലുകൾ അവർ നടത്തേണ്ടതായിട്ടുണ്ടെന്ന് തന്നെയാണ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്.

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിയിൽ പ്രത്യേക വിഭാഗങ്ങൾക്ക് നൽകുന്ന പരിഗണനയാണ് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ എടുത്തുപറയേണ്ട ഒരു പ്രത്യേകത. തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10% തുക വനിതാ വികസന പദ്ധതിക്കും 5% തുക ഭിന്നശേഷിക്കാർ, കുട്ടികൾ, ട്രാൻസ്ജെണ്ടർ എന്നിവർക്കും 5% തുക വൃദ്ധർക്കും സാന്ത്വന പരിചരണം എന്നിവക്ക് നിർബന്ധമായും വകയിരുത്താൻ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്

### 2021-22 ലെ പ്രത്യേക പദ്ധതികൾ :

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിയിൽ പ്രത്യേക വിഭാഗങ്ങൾക്ക് നൽകുന്ന പരിഗണനയാണ് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ എടുത്തുപറയേണ്ട ഒരു പ്രത്യേകത. തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10% തുക വനിതാ വികസന പദ്ധതിക്കും 5% തുക ഭിന്നശേഷിക്കാർ, കുട്ടികൾ, ട്രാൻസ്ജെണ്ടർ എന്നിവർക്കും 5% തുക വൃദ്ധർക്കും സ്വാന്തന പരിചരണം എന്നിവക്ക് നിർബന്ധമായും വകയിരുത്താൻ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. 2021-22 ലെ വനിതാ വികസനത്തിനായി പ്രത്യേക ഘടക പദ്ധതിയിൽ 327.44 കോടി രൂപയും കുട്ടികൾക്കുള്ള പ്രത്യേക പദ്ധതിക്കായി 164.76 കോടി രൂപയും വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതിക്കായി 107.36 കോടി രൂപയും ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതിക്കായി 81.95 കോടി രൂപയും സാന്ത്വന പരിചരണത്തിനായി 88.06 കോടി രൂപയും ഭിന്നലിംഗക്കാർക്കുള്ള പ്രത്യേക പദ്ധതിക്കായി 7.00 ലക്ഷം രൂപയുമാണ് സംസ്ഥാനത്തെ എല്ലാ പ്രാദേശിക സർക്കാരുകളും കൂടി ചെലവഴിച്ചിട്ടുള്ളതായി കാണാവുന്നതാണ്. വനിതാ ഘടക പദ്ധതിയിൽ കാർഷിക മേഖലയിൽ പ്രാദേശിക സർക്കാരുകൾ 1897 പ്രോജക്ടുകളും മൃഗസംരക്ഷണ മേഖലയിൽ 3360 പ്രോജക്ടുകളും ക്ഷീരവികസന മേഖലയിൽ 314 പ്രോജക്ടുകളും മത്സ്യബന്ധന മേഖയിൽ 153 പ്രോജക്ടുകളും ചെറുകിട തൊഴിൽ മേഖലയിൽ 394 പ്രോജക്ടുകളും സ്വയംതൊഴിൽ മേഖലയിൽ 1057 പ്രോജക്ടുകളും ഏറ്റെടുക്കുകയുണ്ടായി. ദുർബലവിഭാഗക്കാരുടെ വികസനത്തിനും സാമൂഹ്യ സുരക്ഷിതത്വത്തിനും ആവശ്യമായ മികച്ച പദ്ധതികൾ കണ്ടെത്തുന്നതിലും നടപ്പിലാക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് തന്നെയാണ് സാമ്പത്തിക അവലോകന റിപ്പോർട്ട് വിരൽചൂണ്ടുന്നത്.

### ദുരന്തനിവാരണവും കോവിഡ് അതിജീവനവും

2018 ലെയും 2019 ലെയും പ്രളയവും പ്രകൃതി ദുരന്തങ്ങളും പ്രാദേശിക സർക്കാരുകളെ ദുരന്തനിവാരണ പദ്ധതികൾ വാർഷിക പദ്ധതികളുടെ ഭാഗമാക്കുന്നതിന് പ്രേരിപ്പിക്കുകയുണ്ടായി. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ നൽകുകയുമുണ്ടായി. 2022 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പരിശോധിച്ചാൽ 2021-22 ൽ 2339 ദുരന്ത നിവാരണ പദ്ധതികൾ സംസ്ഥാനത്ത് ആകമാനം പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുകയുണ്ടായി. ഇതിനായി 49.79 കോടി രൂപ ചെലവഴിക്കുകയും ചെയ്യുകയുണ്ടായി. അതേ പോലെ കോവിഡ് മഹാമാരിയുടെ ആഘാതം ലഘൂകരിക്കാനും ആരോഗ്യരംഗത്ത് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി 2829 പദ്ധതികളാണ് പ്രാദേശിക

സർക്കാരുകൾ ഏറ്റെടുത്തത്. ഈ പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെ 20.48% തുക മാത്രമേ പ്രാദേശിക സർക്കാരുകൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും കാണാവുന്നതാണ്. അടിക്കടി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും മഹാമാരിയും സംസ്ഥാനത്തെ വേട്ടയാടുന്നതിനാൽ പ്രാദേശിക സർക്കാരുകൾ അവരുടെ പദ്ധതിയിൽ ഈ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പ്രാധാന്യം നൽകേണ്ടതായിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്.

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (2021-22) വിനിയോഗം

സംസ്ഥാനത്തെ പ്രാദേശിക സർക്കാറുകൾക്ക് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി 2021-22 ൽ 2454.00 കോടി രൂപയാണ് ലഭിച്ചത്. ഒട്ടനവധി നിബന്ധനകളോടെയാണ് ഈ ഗ്രാന്റ് കേന്ദ്രം നൽകിയിട്ടുള്ളത്. ദശലക്ഷത്തിലധികം ജനസംഖ്യയുള്ള ആറ് കോർപ്പറേഷനുകൾക്കും മലപ്പുറം മുൻസിപ്പാലിറ്റിയും ധനകാര്യ കമ്മീഷൻ വിഹിതമായി ലഭിച്ച മുഴുവൻ തുകയും പ്രത്യേക ഉദ്ദേശ (Tied) സ്വഭാവത്തിലുള്ളതിനാൽ തന്നെ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ശുചിത്വം, കുടിവെള്ളം എന്നീ രണ്ട് മേഖലകളിൽ മാത്രമായി ഈ തുക വിനിയോഗിക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മലപ്പുറം ഒഴികെയുള്ള മറ്റ് മുൻസിപ്പാലിറ്റികളും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും അവർക്ക് ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 60% തുക പ്രത്യേക ഉദ്ദേശത്തോടെ മേൽ പ്രതിപാദിച്ച രണ്ട് മേഖലകളിലും ബാക്കിയുള്ള 40% തുക ഉപാധി രഹിതമായും വിനിയോഗിക്കാവുന്നതുമാണ്. 2021-22 ൽ സംസ്ഥാനത്തെ പ്രാദേശിക സർക്കാറുകൾ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് അൺ ടൈഡ് സ്വഭാവത്തിലുള്ള 22313 പദ്ധതികൾ ഏറ്റെടുക്കുകയും 592.57 കോടി രൂപ ചെലവഴിക്കുകയും ഉണ്ടായി. ടൈഡ് സ്വഭാവത്തിലുള്ള 27920 പദ്ധതികളും അതിനായി 751.11 കോടി രൂപയും ഇക്കാലയളവിൽ ചെലവഴിക്കുകയുണ്ടായി. പ്രാദേശിക സർക്കാർ തലങ്ങളിലെ ആരോഗ്യ രംഗം ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ പരിപാലന സംവിധാനത്തിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിനുമായി 2021-22 മുതൽ പ്രാദേശിക സർക്കാറുകൾക്ക് ഹെൽത്ത് ഗ്രാന്റ് കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു.



**പ്രാദേശിക സർക്കാർ തലങ്ങളിലെ ആരോഗ്യ രംഗം ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ പരിപാലന സംവിധാനത്തിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിനുമായി 2021-22 മുതൽ പ്രാദേശിക സർക്കാറുകൾക്ക് ഹെൽത്ത് ഗ്രാന്റ് കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു.**

സംസ്ഥാനത്തിന് 2021-22 ൽ ധനകാര്യ കമ്മീഷൻ നൽകിയ 2454.00 കോടി രൂപയിൽ 559.00 കോടി രൂപ ഹെൽത്ത് ഗ്രാന്റാണ്. വികേന്ദ്രീകൃത ആസൂത്രണത്തിൽ പദ്ധതികൾക്ക് രൂപം നൽകാനും നിർവഹണം നടത്താനുമുള്ള പൂർണ്ണ അധികാരം ഭരണഘടന പ്രാദേശിക സർക്കാറുകൾക്ക് നൽകിയിട്ടുണ്ട് . കേരളം മുന്നോട്ട് വച്ചിട്ടുള്ള ജനകീയാസൂത്രണ മാതൃക ഇന്ന് ഗ്രാമ പഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ കേന്ദ്ര സർക്കാർ രാജ്യത്ത് മുഴുവൻ നടപ്പിലാക്കുകയാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി രാജ്യത്തെ പ്രാദേശിക സർക്കാരുകൾക്ക് കേന്ദ്രം നൽകുന്ന ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ബോധപൂർവ്വമായി നടത്തുന്ന കേന്ദ്രീകൃത ഇടപെടലുകൾ ജനകീയാസൂത്രണത്തിന്റെ അന്തസത്തയെ തന്നെ പൊളിച്ചെഴുതുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ടുകൾ ടൈഡ് സ്വഭാവത്തിൽ നൽകുമ്പോൾ പ്രാദേശിക സർക്കാരുകളുടെ പങ്ക് എന്ത് എന്ന ചോദ്യം പല തലങ്ങളിൽ നിന്നും ഉയരുന്നുണ്ട്.

ചുരുക്കത്തിൽ കേരളത്തിന്റെ ജനകീയ വികസന തന്ത്രം 25 വർഷം പിന്നിടുമ്പോൾ പൊതു ഭരണ രംഗത്ത് കേരളം നടത്തിയിട്ടുള്ള ഏറ്റവും വലിയ സ്ഥാപനപരമായ ഇടപെടലായി അതിനെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിനും സാഹചര്യങ്ങൾക്കും അനുസരിച്ച് പതിനാലാം പദ്ധതി മുന്നോട്ട് വെക്കുന്ന ലക്ഷ്യങ്ങൾ നേടി എടുക്കാൻ പ്രാദേശിക സർക്കാറുകൾ പുതിയ വികസന തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട് എന്ന ഒരു പരിപ്രേക്ഷ്യ വികസന കാഴ്ചപ്പാട് തന്നെയാണ് 2022 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് മുന്നോട്ട് വെയ്ക്കുന്നത്. □

*(ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.)*



# ജലസമൃദ്ധ നവകേരളത്തിലേക്ക്

■ ഡോ. ടി. എൻ. സീമ

പ്രകൃതി വിഭവങ്ങളുടെ കരുതലോടെയുള്ള വിനിയോഗത്തെക്കുറിച്ചുള്ള ബോധ്യം ഇപ്പോൾ ലോകവ്യാപകമായി വന്നുകഴിഞ്ഞിട്ടുണ്ട്. ഭക്ഷണത്തെപ്പോലെതന്നെ വെള്ളത്തിന്റെ ലഭ്യതയിലും കടുത്ത അസമത്വം ലോകത്ത് നിലനിൽക്കുന്നുണ്ട്. സമ്പത്തുള്ളവർ ആവശ്യത്തിലധികം ഉപയോഗിക്കുകയും അനാവശ്യമായി പാഴാക്കി കളയുകയും ചെയ്യുന്നത് ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും കാര്യത്തിൽ ഒരുപോലെ ബാധകമാണ്. സാമ്പത്തിക ശ്രേണിയുടെ താഴെത്തട്ടിലുള്ളവർക്ക് ഇവയുടെ ലഭ്യത കുറയുകയോ ലഭിക്കുന്നവയുടെ ഗുണമേന്മ കുറയുകയോ ചെയ്യുന്ന എന്നത് രണ്ടിന്റെയും കാര്യത്തിൽ ഒരുപോലെ ബാധകമാണ്. എന്നാൽ ആവശ്യത്തിന് മഴ ലഭിക്കുന്ന കേരളത്തിൽ ഇതിൽ നിന്നും അൽപം വിഭിന്നമായ ഒരു സ്ഥിതി കൂടി നിലവിലുണ്ട്. മഴയിലൂടെ ലഭിക്കുന്ന ജലം കരുതലോടെയും ശാസ്ത്രീയമായും കൈകാര്യം ചെയ്യാത്തതു നിമിത്തം മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽകാലത്ത് വരൾച്ചയും ഉണ്ടാകുന്ന സ്ഥിതിയാണ് കേരളത്തിൽ ഉള്ളത്. ഭൂമിയിൽ പെയ്തു വീഴുന്ന ജലം പരമാവധി ഭൂജലമായും ഉപരിതല ജലസ്രോതസ്സുകളിലും സംരക്ഷിച്ചു നിർത്തുകയും നീരൊഴുക്ക് സുഗമമാക്കേണ്ട സ്ഥലങ്ങളിൽ അതിനുള്ള വഴിയൊരുക്കുകയും ചെയ്യുക എന്നതാണ് ഈ അവസ്ഥ പരിഹരിക്കുന്നതിനുള്ള ഒന്നാമത്തെ മാർഗ്ഗം.

ജല സുരക്ഷയിലും ജലസംരക്ഷണത്തിലും പ്രത്യേക ശ്രദ്ധ നൽകുകയാണ് സംസ്ഥാന സർക്കാർ. സർക്കാരിന്റെ പ്രകടന പത്രികയിൽ തന്നെ ഇതുസംബന്ധിച്ച സ്വീകരിക്കേണ്ട ശാസ്ത്രീയ മാർഗങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതിനനുസരണമായുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. 2016 ഡിസംബർ 8 ന് ഹരിതകേരളം മിഷൻ രൂപീകരിച്ചപ്പോൾ അതിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഉപമിഷൻ രൂപീകരിച്ചാണ് ഇതിന് നേതൃത്വം നൽകുന്നത്. കേരളം ജലസുരക്ഷയുള്ള സംസ്ഥാനം എന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ശാസ്ത്രീയ അടിത്തറയോടുകൂടിയ ജനകീയ പ്രവർത്തനമായാണ് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നത്.

കേരളത്തിന്റെ ഭൂപ്രകൃതിയും മഴയുടെ ലഭ്യതയും ജലസ്രോതസ്സുകളുടെ ശോഷണവും ഭൂവിനിയോഗത്തിൽ വന്ന മാറ്റവുമൊക്കെ കാരണം മഴക്കാലത്തുണ്ടാകുന്ന ദുരിതങ്ങൾ ചെറുതല്ല. ഈ പ്രശ്നങ്ങൾ പരിഹരി

ക്കുന്നതിന് താല്ക്കാലിക മാർഗ്ഗങ്ങളല്ല മറിച്ച് ശാസ്ത്രീയ സമീപനത്തോടെയുള്ളതും സുസ്ഥിരവുമായ ഇടപെടൽ ആവശ്യമാണ്.

പുഴകളുടെയും നദികളുടെയും പുനരുജ്ജീവനം, നീർച്ചാലുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടിട്ടുള്ള 'ഇനി ഞാനൊഴുകട്ടെ കാമ്പയിൻ', കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ ജലഗുണ നിലവാര പരിശോധന ലാബുകൾ, ജലലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തയ്യാറാക്കുന്ന ജലബജറ്റ് തുടങ്ങി ഹരിതകേരളം മിഷൻ ജലമേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ദേശീയ ശ്രദ്ധ നേടിയിട്ടുണ്ട്.

നമ്മുടെ സ്വാഭാവിക ജലസ്രോതസ്സ



### ഹരിതകേരളം മിഷന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും വിവിധവകുപ്പുകളുടേയും സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ

(2021 ഏപ്രിൽ മുതൽ 2023 ജനുവരി വരെ)

| ക്രമ നമ്പർ | ജില്ല | സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ | നടത്തിയ പരിശോധനകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ - നീളം (കി.മീ.) | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ (എണ്ണം) | നിർമ്മിച്ച കുളങ്ങൾ (എണ്ണം) | റീചാർജ്ജ് ചെയ്ത കിണറുകൾ (എണ്ണം) | നിർമ്മിച്ച കിണറുകൾ (എണ്ണം) | നിർമ്മിച്ച തടയണകൾ (എണ്ണം) | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | സ്ഥിരം | താത്കാലികം |
| | | ആകെ | ആകെ | ആകെ | ആകെ | ആകെ | ആകെ | ആകെ | ആകെ | ആകെ |
| 1 | തിരുവനന്തപുരം | 13 | 194 | 2347 | 317 | 295 | 280 | 1503 | 861 | 4631 |
| 2 | കൊല്ലം | 11 | 45 | 2202 | 55 | 241 | 467 | 2040 | 2 | 11026 |
| 3 | പത്തനംതിട്ട | 0 | 0 | 613.2 | 31 | 78 | 368 | 533 | 4 | 1378 |
| 4 | ആലപ്പുഴ | 6 | 54 | 558 | 28 | 26 | 175 | 212 | 1 | 0 |
| 5 | കോട്ടയം | 0 | 0 | 439 | 14 | 135 | 300 | 345 | 0 | 1171 |
| 6 | ഇടുക്കി | 35 | 1027 | 575 | 114 | 78 | 230 | 181 | 24 | 0 |
| 7 | എറണാകുളം | 0 | 0 | 1399 | 122 | 212 | 756 | 430 | 6 | 0 |
| 8 | തൃശ്ശൂർ | 54 | 2808 | 515 | 47 | 63 | 179 | 497 | 4 | 0 |
| 9 | പാലക്കാട് | 10 | 402 | 1340 | 151 | 282 | 67 | 383 | 0 | 789 |
| 10 | മലപ്പുറം | 0 | 0 | 478 | 56 | 261 | 2 | 1571 | 3 | 528 |
| 11 | കോഴിക്കോട് | 29 | 3150 | 1225 | 154 | 114 | 302 | 673 | 4 | 0 |
| 12 | വയനാട് | 0 | 0 | 1017 | 24 | 450 | 50 | 61 | 94 | 564 |
| 13 | കണ്ണൂർ | 8 | 1801 | 1270 | 90 | 169 | 1589 | 843 | 1084 | 3378 |
| 14 | കാസർഗോഡ് | 0 | 0 | 585 | 60 | 151 | 663 | 503 | 374 | 809 |
| | | **166** | **9481** | **14563** | **1263** | **2555** | **5428** | **9775** | **2461** | **24274** |









കളിൽ പ്രധാനപ്പെട്ട പുഴകളും നദികളും ജലാശയങ്ങളും വീണ്ടെടുക്കാൻ ലക്ഷ്യമിട്ടാണ് 'ഇനി ഞാനൊഴുകട്ടെ' എന്ന കാമ്പയിനാരംഭിച്ചത്. ഇതിലൂടെ രണ്ടു ഘട്ടങ്ങളിലായി ഇതിനകം 412 കി.മീ. ദൂരം പുഴകളും, 60855 കി.മീ ദൂരം തോടുകളും വൃത്തിയാക്കാനായി. ജനപങ്കാളിത്തംകൊണ്ട് രണ്ടു ഘട്ടങ്ങളും സജീവമായിരുന്നു. ഏകദേശം 162295 പേരാണ് വിവിധ ഇടങ്ങളിലായി ഇതിൽ പങ്കെടുത്തത്. 'ഇനി ഞാനൊഴുകട്ടെ' മൂന്നാംഘട്ടത്തിൽ പശ്ചിമഘട്ട പ്രദേശത്തെ 230 ഗ്രാമപഞ്ചായത്തുകളിലെ നീർച്ചാൽ വീണ്ടെടുപ്പിന് ഊന്നൽ നൽകി സംസ്ഥാനത്തൊട്ടാകെയുള്ള നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്. അധിക ജലം മണ്ണിലേക്കിറങ്ങി പശ്ചിമഘട്ട പ്രദേശത്തുണ്ടാകുന്ന ഉരുൾപൊട്ടലും മണ്ണിടിച്ചിലിനും സാധ്യത കുറയ്ക്കുക കൂടി ഇതിൽ ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നീർച്ചാലുകളെ ഭൂപടത്തിൽ അടയാളപ്പെടുത്തുന്ന മാപത്തോൺ പ്രക്രിയ അവസാന ഘട്ടത്തിലാണ്.

ജനസാന്ദ്രത എന്നതിലുപരി ആളുകൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങൾ സംസ്ഥാനത്ത് ഗ്രാമങ്ങളിൽ പോലും വർധിക്കുന്ന പശ്ചാത്തലത്തിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം സുപ്രധാന വിഷയമാണ്. ഇത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ തുടർ നടപടികൾക്കുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും പ്രാഥമിക ജല ഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിച്ചു വരികയാണ്. ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്രം ലാബിനോട് ചേർന്നാണിത്. 166 ലാബുകൾ ഇതിനകം പ്രവർത്തമാരംഭിച്ചു. 313 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

രാജ്യത്താദ്യമായി ഗ്രാമപഞ്ചായത്തു തലത്തിൽ ജലബജറ്റ് രൂപീകരിക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്. 14 ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 15 ബ്ലോക്കുകളിലായി 94 ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് തയ്യാറായി. ഈ വർഷം ലോക ജലദിനത്തോടനുബന്ധിച്ച് ഈ പഞ്ചായത്തുകളിൽ ഇതു സംബന്ധിച്ച അവതരണവും ജലസഭയും സംഘടിപ്പിക്കുന്നുണ്ട്. ഓരോ കാലങ്ങളിലുമുള്ള ജലലഭ്യതയും ആവശ്യങ്ങളും തുലനം ചെയ്ത് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ജനകീയമായാണ് ജലബഡ്ജറ്റ് തയ്യാറാക്കുന്നത്.

സംസ്ഥാനത്തിന്റെ ജലവിഭവ പരിപാലന സംരക്ഷണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലവിഭവ വകുപ്പ്, മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരെ ചേർത്തു ജനകീയമായാണ് ഹരിത കേരളം മിഷൻ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ☐

*(ലേഖിക നവകേരളം കർമ്മ പദ്ധതിയുടെ സംസ്ഥാന മിഷൻ കോർഡിനേറ്ററാണ്)*




# തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിക്കൽ

## - ഒരു അവലോകനം

■ **അനീഷ് കുമാർ കെ.വി.**

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ട് ബുക്കുകളുടെ പരിപാലനം നിലവിൽ ബുക്ക് കീപ്പിംഗിലെ ഡബിൾ എൻട്രി സമ്പ്രദായത്തിനു കീഴിലുള്ള അക്രൂവൽ അടിസ്ഥാനത്തിലാണ്. 73, 74 ഭരണഘടനാഭേദഗതികൾക്കുമുമ്പ് കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സിംഗിൾ എൻട്രി സമ്പ്രദായത്തിലുള്ള കാഷ് അടിസ്ഥാനത്തിലാണ് നിർവഹിച്ചിരുന്നത്.എന്നാൽ 1993-94 ന് ശേഷം കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വരവ് ചെലവുകളിൽ അതുവരെ ഉണ്ടായിരുന്നതിൽ നിന്നും പ്രകടവും ഭീമവുമായ മാറ്റം ഉണ്ടായി. വരവ് ചെലവുകളുടെ എണ്ണത്തിലും അളവിലും ആ മാറ്റം ദർശിക്കാവുന്നതാണ്. നവതലമുറ തദ്ദേശസ്ഥാപനങ്ങളുടെ ധനകാര്യ പരിപാലനത്തിന് പഴയ സമ്പ്രദായത്തിലെ കാഷ് ബുക്കിലും വരവുചെലവ് രജിസ്റ്ററുകളിലും ഉള്ള പരിമിതമായ രേഖപ്പെടുത്തലുകൾ അപര്യാപ്തമായിത്തീർന്നു. 1996 മുതൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം തുകയും പ്രവർത്തനങ്ങളുടെയും ചുമതലകളുടെയും അധികാര വികേന്ദ്രീകരണവും പ്രവർത്തക ഉദ്യോഗസ്ഥ സംവിധാനത്തിന്റെ വികേന്ദ്രീകൃത വിന്യാസവും 1997-98 മുതൽ പ്രാദേശിക സർക്കാരിനുള്ള വിഹിതമായി അനുബന്ധം 4 കേരള സംസ്ഥാന ബജറ്റിന്റെ ഭാഗമാക്കിയതും തദ്ദേശസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമ്പ്രദായം നവീകരിക്കേണ്ട അനിവാര്യതയിലേക്കെത്തിച്ചു.

നവതലമുറ തദ്ദേശസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് രീതികൾ കാലാനുസൃതമാക്കുന്നതിനുള്ള ആദ്യപടിയായി 2007 ൽ കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് ചട്ടങ്ങളും തുടർന്ന് 2011- ൽ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങളും നിലവിൽ വന്നു. 2007 ൽ തന്നെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവലും നിലവിൽ വന്നതോടെ നാഗരിക തദ്ദേശസർക്കാരുകളുടെ അക്കൗണ്ടിംഗ് പ്രക്രിയ സൈദ്ധാന്തികമായി ശാക്തീകരിക്കപ്പെട്ടു. കേരള




പഞ്ചായത്ത് അക്കൗണ്ട്സ് മാനുവലിനെ കുറിച്ച് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അത് തയ്യാറാക്കപ്പെട്ടിട്ടില്ല എന്നുള്ളത് ഗ്രാമീണ തദ്ദേശസർക്കാരുകളുടെ ധനകാര്യ പരിപാലനത്തിലെയും കണക്ക് രേഖപ്പെടുത്തലിലെയും പ്രക്രിയകളുടെ പൂർണതക്ക് നിലവിലുള്ള ന്യൂനതയായി അവശേഷിക്കുന്നു. കേരളത്തിലെ എല്ലാ നഗരസഭകളും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളും സാംഖ്യ സോഫ്റ്റ് വെയറിലാണ് അക്കൗണ്ടിംഗ് കൈകാര്യം ചെയ്യുന്നത്. 2022 ഏപ്രിൽ മുതൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ILGMS എന്ന ഓൺലൈൻ സോഫ്റ്റ് വെയറിലാണ് അക്കൗണ്ടിംഗ് കൈകാര്യം ചെയ്യുന്നത്.

പഞ്ചായത്തിന്റെ ഓരോ ഫണ്ടിന്റെയും വരവ് ചെലവ് ആസ്തി ബാധ്യതകൾ സംബന്ധിച്ച കണക്കുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറങ്ങളിൽ സൂക്ഷിക്കേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അപ്രകാരമുള്ള കണക്കുകൾ ക്രോഡീകരിച്ചതും ഒരു വർഷ കാലയളവിലേക്കുള്ളതുമായ പത്രികയെ വാർഷിക ധനകാര്യപത്രിക എന്ന് വിളിക്കാം.ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതിയും പ്രവർത്തനഫലവും വ്യക്തമാക്കുന്നതും വർഷാന്ത്യത്തിൽ തയ്യാറാക്കുന്നതുമായ വാർഷിക കണക്കുകളുടെ പത്രികയാണ് ഇത്. വാർഷിക ധനകാര്യപത്രിക തയ്യാറാക്കൽ സാമ്പത്തിക വർഷം അവസാനിച്ച ശേഷം ആരംഭിക്കേണ്ടതായ ഒരു പ്രവർത്തനമാണെന്ന തെറ്റിദ്ധാരണ പൊതുവെ ഉണ്ട്. എന്നാൽ സാമ്പത്തിക വർഷാരംഭം മുതൽ അവസാനം വരെനീളുന്ന നിരന്തരമായ പ്രവർത്തനങ്ങളും അക്കൗണ്ടുബുക്കുകളുടെ ശരിയായ പരിപാലനവും വർഷാന്ത്യത്തിനു ശേഷമുള്ള അക്കൗണ്ട്ബുക്കുകളുടെ യഥാസമയമുള്ള ക്ലോസിംഗ് ഉൾപ്പെടെയുള്ള രേഖപ്പെടുത്തലുകളും ചേർന്ന പ്രവർത്തനങ്ങളാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി വേണ്ടത്.

**സാമ്പത്തിക വർഷാരംഭം മുതൽ അവസാനം വരെ നീളുന്ന നിരന്തരമായ പ്രവർത്തനങ്ങളും അക്കൗണ്ടുബുക്കുകളുടെ ശരിയായ പരിപാലനവും വർഷാന്ത്യത്തിനു ശേഷമുള്ള അക്കൗണ്ട് ബുക്കുകളുടെ യഥാസമയമുള്ള ക്ലോസിംഗ് ഉൾപ്പെടെയുള്ള രേഖപ്പെടുത്തലുകളും ചേർന്ന പ്രവർത്തനങ്ങളാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി വേണ്ടത്**

വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ചില കാര്യങ്ങൾ എന്തൊക്കെയെന്ന് പങ്കുവയ്ക്കുന്നതിനു മുമ്പ് ധനകാര്യ പത്രികയുടെ ഉള്ളടക്കം പരിചയപ്പെടാം. ബാലൻസ് ഷീറ്റും പ്രവർത്തന സംക്ഷിപ്തം ഉൾക്കൊള്ളുന്ന ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റും രസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റുമാണ് വാർഷിക ധനകാര്യപത്രികയുടെ കാതലായ ഭാഗം. സ്ഥാപനത്തിന്റെ ആസ്തികളും ബാധ്യതകളും വിവരിക്കുന്ന സ്റ്റേറ്റ്മെന്റാണ് ബാലൻസ് ഷീറ്റ്. ഒരു നിശ്ചിത ദിവസത്തെ ആസ്തികൾ, ബാധ്യതകൾ, മൂലധനം, റിസർവ് തുടങ്ങിയ അക്കൗണ്ട്സ് ബാലൻസുകളെ അവയുടെ പുസ്തകമൂല്യത്തിൽ പ്രദർശിപ്പിക്കുന്ന ധനകാര്യപത്രിക എന്ന് ബാലൻസ് ഷീറ്റിനെ നിർവചിക്കാം. ഒരു അക്കൗണ്ടിംഗ് കാലയളവിലെ വരുമാനങ്ങളും ചെലവുകളും ഉൾപ്പെടുന്നതും ആ കാലയളവിലെ പ്രവർത്തനഫലം മിച്ചമോ കമ്മിയോ എന്ന് വ്യക്തമാക്കുന്നതുമായ ധനകാര്യപത്രികയാണ് ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്. ഒരു വർഷകാലയളവിലെ ധനകാര്യസ്ഥിതിക്ക് സംഭവിച്ച മാറ്റങ്ങൾ കാണിക്കുന്നതും ലഭിച്ചതോ നൽകിയതോ ആയ പണത്തിന്റെ കണക്ക് ഉൾക്കൊള്ളുന്നതുമായ ധനകാര്യപത്രികയാണ് ആ വർഷത്തെ രസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്.

പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രവർത്തന, നിക്ഷേപ, സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നുള്ള കാഷ്ഫ്ലോ ഉൾപ്പെടുന്ന കാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവയും കൂടി

ചേരുമ്പോഴാണ് വാർഷിക ധനകാര്യപത്രിക പൂർണ്ണമാകുന്നത്. ഇവ കൂടാതെ അക്കൗണ്ടിംഗിനു വേണ്ടി ഉപയോഗിക്കുന്നഎല്ലാ അക്കൗണ്ടുകളുടെയും ഇടപാടുകളുടെ സഞ്ചയിക ആയ ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യപത്രികക്കൊപ്പം നൽകേണ്ടതുണ്ട്.

വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ രേഖകൾ തയ്യാറാക്കപ്പെടുന്നത് സാമ്പത്തിക വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന അക്കൗണ്ടിംഗ് പ്രവർത്തനങ്ങളുടെ ആകെ ഫലമായിട്ടാണ് എന്ന് മുന്നേ പറഞ്ഞല്ലോ. ടി പ്രവർത്തനങ്ങളെ പ്രധാനമായും മൂന്നു ഭാഗങ്ങളായി തരം തിരിക്കാം. വർഷാരംഭത്തിലുള്ള പ്രവർത്തനങ്ങൾ, ദൈനം ദിന / പ്രതിമാസ പ്രവർത്തനങ്ങൾ, വർഷാവസാന പ്രവർത്തനങ്ങൾ



## വർഷാരംഭ പ്രവർത്തനങ്ങൾ

സാമ്പത്തിക വർഷം ആരംഭത്തിൽ അക്കൗണ്ടു ബുക്കുകളിൽ വരുത്തേണ്ട രേഖപ്പെടുത്തലുകളിൽ പ്രധാനം വരവുകളുടെ അക്രൂവൽ രേഖപ്പെടുത്തലാണ്. അക്കൗണ്ട്സ് പോളിസി പ്രകാരം അക്രൂ ചെയ്യേണ്ട വരവുകളിൽ ഉൾപ്പെട്ട വസ്തുനികുതി,ലൈസൻസ് ഫീസ് , സ്ഥാപനങ്ങളുടേയും വ്യാപാരികളുടേയും തൊഴിൽ നികുതി , വാടക തുടങ്ങിയവ വരുമാനമായി ഉൾപ്പെടുത്തുകയും അവ കിട്ടാനുള്ളവയാക്കി മാറ്റുകയും ചെയ്യണം.അക്രൂവൽ ജേണൽ മുഖേനയാണ് ഈ രേഖപ്പെടുത്തലുകൾ വരുത്തേണ്ടത്. വരുമാനങ്ങൾ ക്രഡിറ്റ് സൈഡിലും കിട്ടാനുള്ള ആസ്തിയായി ഡെബിറ്റ് കോളത്തിലും ഉൾപ്പെടുത്തണം. മുൻവർഷത്തെ തന്നാണ്ട് വരവുകൾ കുടിശ്ശികയിലേക്ക് മാറ്റൽ, മുൻകൂറുകളെ തന്നാണ്ട് വരവിലേക്ക് അഡ്ജസ്റ്റ് ചെയ്യൽ, ക്ലോസിംഗ് സ്റ്റോക്കിനെ ഓപ്പണിംഗ് സ്റ്റോക്കാക്കി മാറ്റൽ എന്നിവയും വർഷാരംഭത്തിൽ വരുത്തേണ്ട മറ്റു രേഖപ്പെടുത്തലുകളാണ്.

## പ്രതിദിന പ്രവർത്തനങ്ങൾ

വരവുകളുടെ രസീത്, ചെലവുകളുടെ പേയ്മെന്റ്, അതാതു ദിവസത്തെ കളക്ഷൻ ബാങ്കിലേക്ക് ഒടുക്കു വരുത്തുന്നതിന്റെ കോണ്ട്രാ രേഖപ്പെടുത്തൽ എന്നിവയെല്ലാം പ്രതിദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. എല്ലാ ദിവസത്തേയും രസീതുകൾ പരിശോധിച്ച് രേഖപ്പെടുത്തിയ ഹെഡുകളിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ

**സാമ്പത്തിക വർഷം ആരംഭത്തിൽ അക്കൗണ്ടു ബുക്കുകളിൽ വരുത്തേണ്ട രേഖപ്പെടുത്തലുകളിൽ പ്രധാനം വരവുകളുടെ അക്രൂവൽ രേഖപ്പെടുത്തലാണ്. അക്കൗണ്ട്സ് പോളിസി പ്രകാരം അക്രൂ ചെയ്യേണ്ട വരവുകളിൽ ഉൾപ്പെട്ട വസ്തുനികുതി,ലൈസൻസ് ഫീസ്, സ്ഥാപനങ്ങളുടേയും വ്യാപാരികളുടേയും തൊഴിൽ നികുതി, വാടക തുടങ്ങിയവ വരുമാനമായി ഉൾപ്പെടുത്തുകയും അവ കിട്ടാനുള്ളവയാക്കി മാറ്റുകയും ചെയ്യണം.**

അവയെല്ലാം ശരിയായ അക്കൗണ്ട്ഹെഡുകളിലേക്ക് മാറ്റിയിടേണ്ടതുണ്ട്. അഡ്ജസ്റ്റ്മെന്റ് ജേണൽ വഴിയാണ് അത്തരത്തിൽ ഹെഡ് കറക്ഷൻ ചെയ്യേണ്ടത്.

## പ്രതിമാസ പ്രവർത്തനങ്ങൾ

ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റും ബാങ്ക്ബുക്കും ഒത്തുനോക്കി പൊരുത്തപ്പെടുത്തുന്ന പ്രവർത്തനമാണ് ഇതിൽ ഏറ്റവും പ്രധാനം. തൊട്ടുത്ത മാസം 5ാം തീയതിക്കുമുമ്പ് ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ശേഖരിച്ച് അവയിലെ ഓരോ ഇടപാടുകളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന ബാങ്ക്ബുക്കിലെ ഇടപാടുമായി ഒത്തു നോക്കി മാസാവസാനമുള്ള ബാക്കി തുക പൊരുത്തപ്പെടുത്തേണ്ടതുണ്ട്.

## കാലയളവ് അവസാനിക്കുമ്പോൾ/ വർഷാവസാനത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനു മുമ്പ് ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, എന്നിവ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തണം. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളെ തനത് ഫണ്ടിലേക്ക് നിയമാനു



സ്വത്തം മുതൽക്കൂട്ടാവുന്നതാണ്. കിട്ടാനുള്ള നികുതികളുടെയും ഗ്രാന്റുകളുടേയും ബാക്കിയും വരുമാനങ്ങളും ബന്ധപ്പെട്ടവയുടെ രജിസ്റ്ററുകൾ പരിശോധിച്ച് പൊരുത്തപ്പെടുത്തണം. വരുമാനം അക്രൂ ചെയ്ത് രേഖപ്പെടുത്തിയത് രജിസ്റ്ററുകളുമായി പരിശോധിച്ച് വരുത്തേണ്ട മാറ്റങ്ങൾ രേഖപ്പെടുത്തി വരവുകളുടെ രജിസ്റ്ററുകളും ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെയും ബാലൻസ് ഷീറ്റിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതുണ്ട്. ലഭിച്ച ഗ്രാന്റുകളിൽ നിന്നും അവ വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ ബാധ്യതയിൽ നിന്നും കുറവ് ചെയ്ത് വരുമാനത്തിലേക്കോ അംശാദായത്തിലേക്കോ മാറ്റുക. മറ്റ തരത്തിൽ ആസ്തി സൃഷ്ടിക്കലിനായി ഉപയോഗിച്ച ഗ്രാന്റുകളെയും മൂലധന അംശാദായത്തിലേക്ക് മാറ്റേണ്ടതുണ്ട്. ബാലൻസ് ഷീറ്റിലെ ബി4 പട്ടികയിലെ എല്ലാ ഗ്രാന്റ് ഹെഡുകളുടേയും രജിസ്റ്റർ പരിശോധിച്ച് അവയുടെ ബാലൻസ് പൊരുത്തപ്പെടുത്തുക. പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ള ഗ്രാന്റുകളുടെ ലെഡ്ജർ ബാലൻസ് ബി17 ലെ ബാങ്കിന്റെ ബാലൻസുമായി ഒത്തുപോകണം. വായ്പകളിലെ പലിശ അക്രൂ

**കേരള പഞ്ചായത്ത് രാജ് നിയമം, ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം എന്നിവ പ്രകാരം എല്ലാവർഷവും ജൂലൈ 31 ന് മുമ്പ് തൊട്ടു മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിൽ ഇത് മേയ് 15 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.**

ചെയ്യുകയും ഒപ്പം വായ്പകളുടെ രജിസ്റ്റർ പരിശോധിച്ച് ബാക്കി നിൽക്കുന്ന ബാധ്യതയുമായി പൊരുത്തപ്പെടുത്തുക.തൻ വർഷം അക്രൂ ആയതും കൊടുക്കാത്തതുമായ ബിൽ തുകക്ക് അടുത്ത വർഷം ഉൾപ്പെടുത്തേണ്ട ചെലവിലേക്കായി പ്രൊവിഷൻ രേഖപ്പെടുത്തുക. മുൻകൂറുകൾക്കും നിക്ഷേപങ്ങൾക്കുമുള്ള പലിശ കണക്കുകൂട്ടി അക്രൂ ചെയ്യുക. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിലുള്ള തുക പരിശോധിച്ച് ബന്ധപ്പെട്ട രേഖകളുമായി ഒത്തുനോക്കി ക്രമീകരിക്കുക.സ്റ്റോക്ക് പരിശോധിച്ച് ക്രമീകരിക്കുക. നൽകിയിട്ടുള്ള മുൻകൂറുകൾ തിരികെ ലഭ്യമായിട്ടുള്ളതും ചെലവായി ഉൾപ്പെടുത്തേണ്ടതും സ്ഥിരീകരിക്കുക. സർക്കാർ ഉത്തരവനുസരിച്ച് നിലവിലുള്ള ആസ്തികളുടെ തേയ്മാനം രേഖപ്പെടുത്തുക. കിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ വക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള രേഖപ്പെടുത്തലുകൾ വരുത്തുക. പഞ്ചായത്തിലേക്ക് നേരിട്ട് വരവായി വരാത്ത ബിഫണ്ട് വരവുകളുടെയും ചെലവുകളുടേയും കണക്ക് ബന്ധപ്പെട്ട ലഡ്ജറിലേക്ക് കൊണ്ട് വരുക. തൊഴിലുറപ്പ് , സാമൂഹ്യക്ഷേമ പെൻഷൻ തുടങ്ങിയ ഡി.ബി.റ്റി/ഇപേയ്മെന്റ് സമ്പ്രദായങ്ങളിലൂടെ നേരിട്ട് വരുന്ന വരവിന്റേയും ചെലവിന്റേയും രേഖപ്പെടുത്തലുകൾ അക്കൗണ്ട് ബുക്കുകളിൽ വരുത്തുക.വർഷാവസാന രേഖപ്പെടുത്തലുകൾക്ക് റക്ടിഫിക്കേഷൻ ജേണലാണ് ഉപയോഗിക്കേണ്ടത്.

വാർഷിക ധനകാര്യപത്രിക അംഗീകരിച്ച് സമർപ്പിക്കുന്നതിനുമുമ്പ് ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ എന്തൊക്കെ എന്ന് നോക്കാം.

- എല്ലാ രസീതുകളും രേഖപ്പെടുത്തിയോ (ഔട്ട് ഡോർ കളക്ഷൻ, ഇന്ററപ്റ്റ് രസീത്, സ്ഥിര നിക്ഷേപങ്ങൾക്കുള്ള പലിശ മുതലായവ വിട്ടു പോകാതെ ശ്രദ്ധിക്കണം)
- എല്ലാ പേയ്മെന്റുകളും രേഖപ്പെടുത്തിയോ (ശമ്പളത്തിന്റെ പേയ്മെന്റ് ഓർഡർ തയ്യാറാക്കി അംഗീകരിക്കാൻ മറക്കരുത് )
- ഹെഡ്കറക്ഷനുള്ള (രസീത്/പേയ്മെന്റ്) ജേണൽ എല്ലാം പൂർത്തിയാക്കിയോ
- എല്ലാ ബാങ്ക് അക്കൗണ്ടുകളും റീക്കൺസിൽ ചെയ്തോ
- ബി ഫണ്ട് (തൊഴിൽ രഹിത വേതനം, വിവാഹ ധനസഹായം തുടങ്ങിയവ) വരവുകളും /ചെലവുകളും രേഖപ്പെടുത്തിയോ
- എല്ലാ തനത്ഫണ്ട് പേയ്മെന്റുകളും(ശുചി

ത്വ മിഷൻ, ഐ.സി.ഡി.എസ് ലൈഫ് ലോൺ, ലൈഫ് സ്റ്റേറ്റ് ഷെയർ തുടങ്ങിയവ ഉൾപ്പെടെ) വെബ്സാംഖ്യയിൽ രേഖപ്പെടുത്തിയോ

- സർക്കാരിലേക്ക് ഒടുക്കാനുള്ള കുടിശ്ശികകൾ ഒടുക്കിയോ
- എല്ലാ നികുതി/നികുതിയേതര വരവുകളുടെയും അക്രൂവൽ രേഖപ്പെടുത്തിയോ. അവയുടെ രജിസ്റ്ററുകളെല്ലാം പൂർത്തിയാക്കി ഡിസിബി തയ്യാറാക്കിയോ.
- കിട്ടാനുള്ളവയുടെ തൻവർഷം ഹെഡിൽ ഉണ്ടായിരുന്ന തുക കിട്ടാനുള്ളവയുടെ കുടിശ്ശിഖ ഹെഡിലേക്ക് മാറ്റിയിട്ടോ (ജേണൽ-Dr Arrear Cr. Current)
- നികുതി/നികുതിയേതര വരവുകളുടെ മുൻകൂർ ഹെഡിൽ ഉണ്ടായിരുന്ന തുകയിൽ തൻവർഷ വരവിലേക്ക് മാറ്റിയിടേണ്ടതുക കിട്ടാനുള്ളവയുടെ തൻവർഷം ഹെഡിൽ ക്രഡിറ്റ് ചെയ്തോ (ജേണൽ Cr.Receivables Dr. Advance)
- ബാധ്യത ഹെഡിൽ വരവും ചെലവ്/ആസ്തി ഹെഡിൽ ചെലവും രേഖപ്പെടുത്തിയ ഗ്രാന്റ് /ഫണ്ട് ഇനങ്ങളുടെ (Beneficiary Contribution, NREGS, ICDS, Suchitwa Mission, Life Stateshare etc) ചെലവ് തുകക്ക് തുല്യമായ തുക ബാധ്യത കുറച്ച് വരുമാനം/അംശാദായം ഹെഡിലേക്ക് കൊണ്ടുവന്നോ( ജേണൽ Dr. Liability Cr. Income/Capital Contribution)
- മുൻകൂർ നൽകിയ തുക ചെലവിലേക്ക് മാറ്റേണ്ടവ( MGNREGS ഭരണ ചെലവുകൾ, ഘടക സ്ഥാപന മോധാവികൾക്കുള്ള മുൻകൂർ , മുൻകൂർ യാത്രാ ബത്ത, ഉത്സവ മുൻകൂർ തുടങ്ങിയവ) രേഖപ്പെടുത്തിയോ (ജേണൽ Dr. Expenditure Cr. Advance)
- അംശാദായം രേഖപ്പെടുത്തിയോ (Cr. Capital Contribution Dr. Fund Head)
- തേയ്മാനം(Depreciation) രേഖപ്പെടുത്തിയോ(Dr.Depreciation Expenditure Cr.Accumulated Depreciation)
- കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിലുള്ള തുക പ്രവർത്തി പൂർത്തീകരിച്ച എങ്കിൽ അതാത് ആസ്തികളിലേക്ക് മാറ്റിയോ (Dr.Capital Work in Progress Cr. Asset Head)



- NREGS , Pension എന്നിവയുടെ DBT/EFMS വരവ്ചെലവുകൾ രേഖപ്പെടുത്തിയോ(Dr.Expenditure Cr.Income)
- കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഇൻകം ഹെഡിലേക്ക് മാറ്റി ഇട്ടോ (Dr. Deposite Head Cr. Lapsed Income Head)
- Loan Liability- Prepaid Adjustment നടത്തിയോ(ആവശ്യമെങ്കിൽ)
- Stock Adjustment നടത്തിയോ( ആവശ്യമെങ്കിൽ)
- വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും ഉത്ഭവത്തിൽ കിഴിവ് നടത്തിയ തുകകൾക്കുള്ള (ലൈഫ് ലോൺ തിരിച്ചടവ്, അംഗൻവാടി ഹോണറേറിയം, വാട്ടർ ചാർജ്ജ് തുടങ്ങിയവ) ജേണൽ ചെയ്തോ (Dr.Exp Head Cr. Fund head)
- ലൈബ്രറി സെസ് അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള ജേണൽ ചെയ്തോ( Dr. Property tax Control Account Cr. Receivable Heads)
- ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത് വെബ് സാംഖ്യയിൽ രേഖപ്പെടുത്തിയെങ്കിൽ ആയതിനുള്ള ജേണൽ ചെയ്തോ( Dr. Expenditure head Cr.Beneficiary contribution income head)

എല്ലാ രേഖപ്പെടുത്തലുകളും പൂർത്തിയാക്കി ധനകാര്യപത്രികകൾ തയ്യാറായാൽ ആയത് പഞ്ചായത്ത് യോഗത്തിൽ വച്ച് അംഗീകരിക്കേണ്ടതും പ്രസിഡന്റും സെക്രട്ടറിയും ഒപ്പ് വക്കേണ്ടതുമാണ്. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ aims സൈറ്റിലേക്ക് ഓൺലൈനായും ഹാർഡ് കോപ്പി കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ ജില്ലാ ഓഫീസിലേക്കും അയച്ച നൽകണം.

കേരള പഞ്ചായത്ത് രാജ് നിയമം, ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം എന്നിവ പ്രകാരം എല്ലാവർഷവും ജൂലൈ 31 ന് മുമ്പ് തൊട്ട മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിൽ ഇത് മേയ് 15 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ടി ചട്ടങ്ങളും നിയമങ്ങളും തയ്യാറാക്കുന്ന കാലത്ത് അക്കൗണ്ട്ബുക്കുകൾ മാനുവലായി ആണ് കൈകാര്യം ചെയ്തിരുന്നത്. നിലവിൽ ഓൺലൈനായി പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമായി കൈകാര്യം ചെയ്യുന്നതിനാൽ നന്നായി പരിശ്രമിച്ചാൽ സാമ്പത്തിക വർഷം അവസാനിച്ച് പത്തോ പതിനഞ്ചോ ദിവസത്തിനകം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. □

*(ലേഖകൻ നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലാർക്കാണ്.)*



# നദികളുടെ വീണ്ടെടുപ്പിനായി ഒരു ദിനം,

## മാർച്ച് 14 അന്താരാഷ്ട്ര നദികൾക്ക് വേണ്ടിയുള്ള ദിനം

■ ടി. ഷാഹുൽ ഹമീദ്

"പുഴകൾ, മലകൾ, പൂവനങ്ങൾ ഭൂമിക്ക് കിട്ടിയ സ്ത്രീധനങ്ങൾ "എന്ന് എഴുതിയത് പ്രശസ്ത കവി വയലാർ രാമവർമ്മയാണ്, എന്നാൽ നദികളുടെയും പുഴകളുടെയും മരണം ലോകത്തിന്റെ സ്വസ്ഥത കെടുത്തുന്ന വിഷയമായി മാറി. ലോകത്തിലെ 500 ലേറെ വൻ നദികളിൽ പകുതിയിലധികവും വരളുകയാണെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽകുന്നു. നൈൽ, ആമസോൺ, ഗംഗ, ചാങ് ജിയാങ്, ഡാന്യൂബ് അടക്കം ലോകത്തിലെ മഹാനദികൾ ശോഷിച്ചു കൊണ്ടിരിക്കുന്നു. മറക്കാൻ പാടില്ലാത്ത ജലപാഠങ്ങൾ മറന്നുപോയതിന്റെ ദുരന്ത സാക്ഷ്യങ്ങൾ ലോകം അനുഭവിക്കുന്നു. മണ്ണിന്റെ ജലഞരമ്പുകളായി ഒരിക്കൽ സന്തോഷത്തോടെ ഒഴുകിയ നദികൾ ഇപ്പോൾ കിതക്കുകയാണ്. നൂറ്റാണ്ടുകളായി ചരിത്രത്തെയും, സംസ്കാരത്തെയും, ജീവിതത്തെയും തൊട്ടുനനക്കുന്ന പ്രവാഹങ്ങളാണ് നദികൾ. ജീവപ്രവാഹങ്ങളെ മൃതാവസ്ഥയിലേക്ക് നീങ്ങാൻ അനുവദിച്ചുകൂടായെന്ന് ലോകത്താകമാനം പ്രഖ്യാപിക്കുന്ന ദിവസമാണ് മാർച്ച് 14, അന്നേ ദിവസമാണ് അന്താരാഷ്ട്ര നദികൾക്ക് വേണ്ടിയുള്ള ദിനമായി ആചരിക്കുന്നത്. ഏറ്റവും വലിയ സമ്പത്ത് പാഴായിപ്പോകുന്നത് ജനങ്ങളുടെ തെറ്റായ ജലസംസ്കാരം കൊണ്ടാണെണ് ഓർമ്മപ്പെടുത്തുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്.

കാലഘട്ടങ്ങൾക്കും സംസ്കൃതികൾക്കും മുകളിലൂടെയുള്ള നിരന്തര പ്രവാഹം, മാറിലടിഞ്ഞ മാലിന്യ കൂമ്പാരങ്ങളാൽ തളർന്ന് ഒഴുകാൻ വഴിയില്ലാതെ അന്ത്യ നിമിഷങ്ങൾ എണ്ണിക്കഴിയുന്ന നദികളുടെ ദൈന്യത വല്ലാതെ നൊമ്പരപ്പെടുത്തുമ്പോൾ, മാർച്ച് 14 ന്റെ പ്രത്യേകത മനുഷ്യൻ ഉൾക്കൊള്ളാൻ തയ്യാറാകേണ്ടതായിട്ടുണ്ട്. ഹരിതാഭമണിഞ്ഞ തീരങ്ങൾ എങ്ങോ പോയി മറഞ്ഞിരിക്കുന്നു, പൈതൃകത്തോടെ നദികളെ

തിരിച്ചുപിടിക്കണം, രാജ്യങ്ങളുടെ ജലസുരക്ഷയ്ക്ക് നദികളെ സംരക്ഷിക്കണം. മനുഷ്യന്റെ അനഭിലഷണീയമായ ഇടപെടൽ കാരണം ഒഴുക്ക് നിന്നു പോയ നദികളെ വർത്തമാന കാലത്തിന്റെ ആവശ്യമായി കണ്ട് ഒഴുകാൻ അനുവദിക്കണം. പ്രതിദിനം ലോകത്ത് രണ്ട് ദശലക്ഷം ടൺ മാലിന്യങ്ങൾ നദികളിലേക്ക് ഒഴുകിയെത്തുന്നു എന്നാണ് കണക്കാക്കുന്നത്. ഇത് മനുഷ്യരാശി മുഴുവനും ശ്രദ്ധിക്കേണ്ട വലിയ ആഗോള പ്രശ്നമായി മാറിക്കഴിഞ്ഞ സാഹചര്യത്തിലാണ് 2023ലെ ലോക നദികൾക്ക് വേണ്ടി പ്രവർത്തിക്കേണ്ട ദിനം സമാഗതമായിരിക്കുന്നത്.

## ചരിത്രം

1995 സെപ്റ്റംബറിൽ ലോകത്തെ വിവിധ സംഘടനകൾ ചേർന്ന് അന്താരാഷ്ട്ര റിവർ നെറ്റ്‌വർക്ക് എന്ന സംഘടനയുടെ നേതൃത്വത്തിൽ യോഗം ചേരുകയും ഇന്ത്യ ,യൂറോപ്യൻ യൂണിയൻ ,ചിലി എന്നീ രാജ്യങ്ങളിലെ വിവിധ സംഘടനകൾ യോഗത്തിൽ പങ്കെടുക്കുകയും തുടർന്ന് 1997ൽ മാർച്ച് 14 മുതൽ അന്താരാഷ്ട്ര നദികൾക്ക് വേണ്ടിയുള്ള ദിനം ആചരിക്കുവാൻ തുടങ്ങുകയും ചെയ്തു. ജിയോളജിക്കൽ സർവേയുടെ അഭിപ്രായത്തിൽ ലോകത്ത് മൂന്ന് ദശലക്ഷം നദികൾ ഉണ്ട് എന്നാണ് കണക്കാക്കുന്നത്. 700ലധികം നദികൾ ഉള്ള ബംഗ്ലാദേശിലാണ് ഏറ്റവും കൂടുതൽ നദികൾ ഉള്ളത്, ഏറ്റവും കൂടുതൽ നദികൾ പ്രയാസമനുഭവിക്കുന്നതും മലിന പെട്ട് കിടക്കുന്നതും ബംഗ്ലാദേശിൽ തന്നെയാണ്. 2021ൽ നദികൾക്കും ചില അവകാശങ്ങളുണ്ട് എന്ന് പ്രഖ്യാപിക്കുകയും രാജ്യങ്ങളുടെ ദേശീയ ആസ്തികളായ നദികളെ സംരക്ഷിക്കുവാൻ നിയമപരമായ ബാധ്യത രാജ്യങ്ങൾക്ക് ഉണ്ടെന്നും പ്രഖ്യാപിക്കുകയുണ്ടായി. 2022ൽ നദികൾക്ക് വേണ്ടിയുള്ള ദിനാഘോഷത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ലോക സമുചിതമായി ആചരിക്കുകയും ജൈവവൈവിധ്യ സമ്പത്തിന് പ്രാധാന്യമുള്ളതാണ് നദികൾ എന്ന സന്ദേശം ഉയർത്തിപ്പിടിക്കുകയും ചെയ്തു. 2023 നദികൾക്ക് വേണ്ടിയുള്ള ദിനത്തിൽ പ്രത്യേക സന്ദേശം ഉയർത്തുന്നില്ലായെങ്കിലും ജീവന്റെ നിലനിൽപ്പിന് നദികളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതുന്നു.

## നിലവിലുള്ള അവസ്ഥ

മലിനജലം കുടിക്കുന്നത് കാരണം ലോകത്ത് പ്രതിവർഷം 5 ലക്ഷം പേർ മരിക്കുന്നു. ശുദ്ധജലം തിരിച്ച് പ്രകൃതിയിൽ എത്തുമ്പോൾ 80 % മലിനമാകുന്നു. ലോകത്തെ ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമാണ് നദികളിലെ മലിനപ്പെടൽ. മനുഷ്യ ജീവിതത്തിന്റെ അഭിവാജ്യ ഘടകമാണ് നദികൾ. ഒരു നദിയിൽ നിന്നും മറ്റൊരു നദിയിലേക്ക് മാലിന്യങ്ങൾ ശക്തമായി ഒഴുകിയെത്തുന്ന പ്രതിഭാസം നിലവിലുണ്ട്. പരിസ്ഥിതിയെ സംരക്ഷിക്കാത്ത ജനങ്ങൾ അധിവസിക്കുന്ന സ്ഥലത്താണ് പുഴകൾ ഭീകരമാംവിധം മലിനപ്പെടുന്നത്. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ ഉപയോഗിക്കുവാൻ പറ്റാത്ത വെള്ളം സുരക്ഷിതമല്ല എന്ന് കണക്കാക്കുന്നു.

നദികളിൽ ബാക്ടീരിയ, വൈറസ് ,ഉഭയ ജീവികൾ ,കീടനാശിനികൾ, രാസവളങ്ങൾ, മരുന്നുകളുടെ അവശിഷ്ടങ്ങൾ, നൈട്രേറ്റുകൾ, ഫോസ്ഫേറ്റുകൾ, പ്ലാസ്റ്റിക്ക് അവശിഷ്ടങ്ങൾ, റേഡിയോ ആക്ടിവിറ്റി ഘടകങ്ങൾ എന്നിവ സുലഭമായി കാണുന്നു. ഇത് നദികളിലെ ഓക്സിജന്റെ അളവ് കുറക്കുകയും തദ്വാര വെള്ളം മലിനമാക്കുകയും ചെയ്യുന്നു.

നിലവിൽ ലോകത്ത് ഉത്പാദിപ്പിക്കുന്ന അജൈവമാലിന്യങ്ങളിൽ 20% മാത്രമേ പുനചക്രമണം നടത്തുന്നുള്ളൂ. ലോകത്ത് മറ്റു സ്ഥലങ്ങളിലുള്ളതിനേക്കാൾ കൂടുതൽ മാലിന്യമാണ് നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്നത്. ദൈർഘ്യമേറിയ പുഴകളെയാണ് നദികൾ എന്ന് പറയുന്നത്, 16 കിലോമീറ്റർ നീളമുള്ള പുഴകളെയാണ് നദികൾ എന്ന് പറയുന്നത്. അതിനാൽ രാജ്യത്തെ പുഴകളെയും നദികളെയും സംരക്ഷിക്കേണ്ടത് വരും തലമുറക്ക് വേണ്ടി ഭരണകൂടങ്ങൾ ചെയ്യേണ്ട കർത്തവ്യമാണ്.

**1995 സെപ്റ്റംബറിൽ ലോകത്തെ വിവിധ സംഘടനകൾ ചേർന്ന് അന്താരാഷ്ട്ര റിവർ നെറ്റ്‌വർക്ക് എന്ന സംഘടനയുടെ നേതൃത്വത്തിൽ യോഗം ചേരുകയും ഇന്ത്യ ,യൂറോപ്യൻ യൂണിയൻ, ചിലി എന്നീ രാജ്യങ്ങളിലെ വിവിധ സംഘടനകൾ യോഗത്തിൽ പങ്കെടുക്കുകയും തുടർന്ന് 1997ൽ മാർച്ച് 14 മുതൽ അന്താരാഷ്ട്ര നദികൾക്ക് വേണ്ടിയുള്ള ദിനം ആചരിക്കുവാൻ തുടങ്ങുകയും ചെയ്തു.**

മലിനീകരണപ്പെട്ട നദീതീരങ്ങളിൽ താമസിക്കുന്നവർക്ക് ചർമ്മ രോഗങ്ങൾ, ക്യാൻസർ, കിഡ്നി രോഗങ്ങൾ എന്നിവ വർധിക്കുന്നു. ഇന്തോനേഷ്യയിലെ Citarum നദി ലോകത്തെ ഏറ്റവും മലിന പെട്ട നദിയായി മാറിയിരിക്കുന്നു. മെർക്കുറി അടക്കമുള്ള മാലിന്യങ്ങൾ ഈ നദിയിൽ കുമിഞ്ഞു കൂടിയിരിക്കുന്നു. 200 ദശലക്ഷം പേർ ഈ നദീതീരങ്ങളിൽ ജീവിക്കുന്നു. ചൈനയിലെ മഞ്ഞ നദി (yellow River ) ഒരു മാലിന്യം വലിച്ചെറിയുന്ന സൈറ്റായി മാറിയിരിക്കുന്നു, ഇത് പ്രതിവർഷം 50,000 ആളുകളെ ദുരിതത്തിൽ ആക്കുന്നു. നദികൾ സംസ്കാരത്തിന്റെ ഉത്ഭവസ്ഥാനമാണ്. നദികളും ഭൂമിയും അനേകായിരം വർഷങ്ങളായി പോറ്റിവളർത്തിക്കൊണ്ടിരിക്കുന്ന പല സ്ഥലങ്ങളിലും കുടിവെള്ളത്തിന് ഇന്ന് കടുത്ത ക്ഷാമം അനുഭവപ്പെടുന്നു. നദികളിൽ ജലം എത്തണമെങ്കിൽ അവയുടെ ചുറ്റുമുള്ള മണ്ണ് നനവുള്ളതായിരിക്കണം. ജലം ഒരു വില്പന ചരക്കല്ല, അത് ജീവൻ നിലനിർത്തുന്നതിനുള്ള വസ്തുവാണ് .മനുഷ്യ ശരീരത്തിൽ 72 % ജലമാണ്, മനുഷ്യർ ഒരു ജലാശയമാണ്. സഹസ്രാബ്ദങ്ങളായി നദികൾ നമ്മെ പുണർന്നുകൊണ്ടും പരിപോഷിപ്പിച്ചു കൊണ്ടും ഒഴുകിക്കൊണ്ടിരിക്കുകയാണ്, അവയെ നമുക്ക് നെഞ്ചോട് ചേർക്കാം.

ഒരു മാറ്റം വരുത്താൻ കഴിയുന്ന അവസാന തലമുറയാണ് ഇപ്പോൾ ലോകത്ത് ജീവിക്കുന്നത്. നഗരവത്കരണം, ഭൂവിനിയോഗത്തിലുള്ള മാറ്റം, ഭൂമിയുടെ തുണ്ടുവത്കരണം, അശാസ്ത്രീയമായ കൃഷിരീതികൾ, ജീവിതശൈലിമാറ്റം എന്നിവകൊണ്ട് നദികൾ പ്രയാസപ്പെടുന്നു.

## ഇന്ത്യയുടെ അവസ്ഥ

ഇന്ത്യയിലെ പ്രധാനപ്പെട്ട നദികളിലെല്ലാം മാലിന്യ പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നു. ഗംഗ, യമുന, ബ്രഹ്മപുത്ര, മഹാനദി, ഗോദാവരി, നർമ്മദ, സിന്ധു



എന്നിവ അസ്തിത്വ പ്രശ്നം നേരിടുന്നു. ദേശീയ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഹരിത ട്രൈബ്യൂണൽ എന്നിവ ഉണ്ടായിട്ടും 70% നദികളും കടുത്ത പ്രയാസത്തിലാണ് എന്ന് റിപ്പോർട്ട് ചെയ്യുന്നു. കടുത്ത മാലിന്യ പ്രശ്നങ്ങൾ നേരിടുന്ന നദികൾ 45 എണ്ണമായും മിതമായ മാലിന്യ പ്രശ്നങ്ങളുള്ള നദികൾ 352 ആയും ഇന്ത്യയിൽ വർധിച്ചു. എത്രയെത്ര പദ്ധതികൾ, നമാമി ഗംഗ, ദേശീയ നദി സംരക്ഷണ പദ്ധതി, ദേശീയ ജല നിയന്ത്രണ പദ്ധതി, 2030 ലെ ദേശീയ കാഴ്ചപ്പാട് എന്നിവയൊക്കെ ഉണ്ടായിട്ടും നദികളുടെ അവസ്ഥ പരിതാപകരം തന്നെ. കാലാവസ്ഥാ വ്യതിയാനം കാരണം ഭൂമിയിലെ ചൂട് ക്രമാതീതമായി വർധിക്കുമ്പോൾ മെലിഞ്ഞുണങ്ങിയ പുഴകളെ കുറിച്ചോർത്തു വിലപിക്കാനെ നമുക്ക് സാധിക്കുന്നുള്ളൂ. ലോകത്തെ മലിനീകരണ തോതിൽ ഏറ്റവും വലിയ നദികൾ ഉള്ള അഞ്ചാമത്തെ രാജ്യമാണ് ഇന്ത്യ. നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത രീതിയിലുള്ള മാലിന്യങ്ങളും വലിയ രീതിയിൽ പുഴകളിൽ കണ്ടുവരുന്നു.

## കേരളത്തിന്റെ അവസ്ഥ

ജൈവവൈവിധ്യ കലവറയായ പശ്ചിമഘട്ടം തന്നെയാണ് കേരളത്തിന്റെ നദികളുടെ ജീവൻ. വർത്തമാനകാലത്ത് പശ്ചിമഘട്ടം വലിയ രീതിയിൽ ഭീഷണി നേരിടുന്നത് നദികളെയും ബാധിക്കുന്നു. കേരളത്തിൽ തെക്ക് നിന്ന് വടക്കോട്ട് യാത്ര

**കേരളത്തിലെ ഏറ്റവും മലിനപ്പെട്ട നദി പെരിയാറാണ്, പമ്പ രണ്ടാം സ്ഥാനത്തും മീനച്ചലാർ മൂന്നാം സ്ഥാനത്തും കല്ലാച്ചി പുഴ നാലാം സ്ഥാനത്തും അഞ്ചാം സ്ഥാനത്ത് കരമന യാർ പുഴയും ആണ് ഉള്ളത്. കേരളത്തിലെ 60% ജനങ്ങളും കുടിവെള്ളത്തിന് ആശ്രയിക്കുന്ന ഭൂഗർഭജലത്തിന്റെ ശക്തി സ്രോതസ്സുകളാണ് നദികൾ, കൂടാതെ ശുദ്ധജല പ്രവാഹത്തിന്റെ ഞരമ്പുകളും ജീവിത സ്പന്ദനങ്ങളുമാണ് നദികൾ.**

ചെയ്താൽ ഓരോ 15 കിലോമീറ്റർ കഴിയുമ്പോഴും ഒരു പുഴയെങ്കിലും മുറിച്ചു കടക്കണം. 44 നദികൾ കേരളത്തിലുണ്ട്. ഇതിൽ 41 എണ്ണം പടിഞ്ഞാറോട്ടും മൂന്നെണ്ണം കിഴക്കോട്ടും ഒഴുകുന്നു. നദികളിലെ വെള്ളം കുളിക്കാൻ എങ്കിലും ഉതകുന്ന തരത്തിൽ ശുദ്ധജലം ആയിരിക്കണം. കേരളത്തിലെ നദികളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം സാർവത്രികമാണ്. രാസമാലിന്യങ്ങൾ കൂടിയത് കാരണം വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറഞ്ഞ് വരുന്നു. ജലഗുണനിലവാരസൂചികയിൽ 90ൽ കൂടുതൽ ഉണ്ടെങ്കിലേ ശുദ്ധജലമാണെന്ന് പറയുകയുള്ളൂ എന്നാൽ കേരളത്തിലെ മിക്ക നദികളുടെയും പുഴകളുടെയും ജല ഗുണനിലവാര സൂചിക 45 ൽ താഴെയാണെന്ന് സി ഡബ്ല്യുആർഡിഎം (സെന്റർ വാട്ടർ റിസോർസ് ഡെവലപ്മെന്റ് മാനേജ്മെന്റ് )പഠന റിപ്പോർട്ട് വ്യക്തമാക്കുന്നു. തെളിനീരൊഴുകും നവകേരളം പഠനപ്രകാരം 79% ജലസ്രോതസ്സുകളിലും കോളിഫോം ബാക്ടിരിയയുടെ സാന്നിധ്യം ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരളത്തിലെ ഏറ്റവും മലിനപെട്ട നദി പെരിയാറാണ്, പമ്പ രണ്ടാം സ്ഥാനത്തും മീനച്ചലാർ മൂന്നാം സ്ഥാനത്തും കല്ലാച്ചി പുഴ നാലാം സ്ഥാനത്തും അഞ്ചാം സ്ഥാനത്ത് കരമനയാർ പുഴയും ആണ് ഉള്ളത്. കേരളത്തിലെ 60% ജനങ്ങളും കുടിവെള്ളത്തിന് ആശ്രയിക്കുന്ന ഭൂഗർഭജലത്തിന്റെ ശക്തി സ്രോതസ്സുകളാണ് നദികൾ, കൂടാതെ ശുദ്ധജല പ്രവാഹത്തിന്റെ ഞരമ്പുകളും ജീവിത സ്പന്ദനങ്ങളുമാണ് നദികൾ. കേരളത്തിൽ 26.90% നദികൾ പൂർണമായും 46.10% നദികൾ ഭാഗികമായും മലിനപ്പെട്ടു കിടക്കുന്നു. മലിനപ്പെടാത്ത നദികൾ 27 %മാത്രം. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ 53% നദികളെ മലിനമാക്കുമ്പോൾ ഗാർഹിക മാലിന്യങ്ങൾ 23.24% മലിനമാക്കുന്നു.ഇന്ത്യയിലെ മലിനമായ 351 നദികളിൽ 21 എണ്ണവും കേരളത്തിലാണ് എന്നത് ഗൗരവമുള്ളതാണ്. ശുദ്ധജല ലഭ്യത ലോകത്തിന്റെ പല ഭാഗങ്ങളിലും ചോദ്യചിഹ്നമായി തീർന്ന സാഹചര്യത്തിൽ കേരളത്തിലെ നദികളെയും പുഴകളെയും സംരക്ഷിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചില്ലെങ്കിൽ സ്ഥിതി ഭയാനകരമാകുമെന്ന് തിരിച്ചറിയേണ്ടതായിട്ടുണ്ട്. നദിയുടെ തീരങ്ങളിൽ താമസിക്കുന്നവർക്ക് ബോധവല്ക്കരണം, സാമൂഹ്യാധിഷ്ഠിത ഇടപെടൽ എന്നിവ കൊണ്ട് നദികളെ നമുക്ക് രക്ഷിക്കാം. □

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*



# ഇ-ഗ്രാം പോർട്ടൽ

■ ദീപു പി.

2023-24ലെ കേന്ദ്ര ധനകാര്യ കമ്മിഷൻ ഫണ്ടിലെ ആക്ടിവിറ്റികൾ ഇ-ഗ്രാം പോർട്ടലിൽ ചെയ്ത അംഗീകാരം സമയബന്ധിതമായി വാങ്ങേണ്ടതാണ്.

2023-24 ലെ ആക്ടിവിറ്റികൾ ഇ-ഗ്രാം പോർട്ടലിൽ ചെയ്ത വാലിഡേഷൻ ശരിയാക്കുകയെന്നത് ലേശം ശ്രമകരമായ ജോലി തന്നെയാണ്.

മുൻ വർഷങ്ങളിൽ നമ്മൾ ചെയ്തതിൽ നിന്നും കുറച്ചേറെകാര്യങ്ങൾ ഇത്തവണ ശ്രദ്ധിക്കേണ്ടതുണ്ട്.

കുറച്ചുപേരെങ്കിലും 2023-24 വാർഷിക പദ്ധതി ഡി പി സി ക്കു സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ സമർപ്പിക്കാൻ തയ്യാറെടുക്കുകയാണ്.

നമ്മുടെ പദ്ധതി എപ്പോൾ നൽകിയാലും ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം ധനകാര്യ കമ്മിഷൻ വിഹിതം ഉൾപ്പെടുത്തി ഇ-ഗ്രാംമിൽ തയ്യാറാക്കിയ പ്രോജക്ടുകൾ അതേപോലെ സുലേഖ യിൽ വന്നിരിക്കണം. ഇ-ഗ്രാമിലെ പ്രശ്നങ്ങൾ പഠിക്കാതെ ആദ്യമേ സുലേഖയിൽ പദ്ധതി എന്റർ ചെയ്തിട്ട് അതിനെ അടിസ്ഥാനമാക്കി ഇ-ഗ്രാമിൽ പദ്ധതി കറക്ട് ചെയ്യാൻ ശ്രമിക്കരുത്.

2023-24 മുതൽ തീമാറ്റിക് ആക്ടിവിറ്റികളാണ് നമ്മൾ തയ്യാറാക്കേണ്ടത്. അതായത് മുൻ വർഷങ്ങളിൽ പദ്ധതി രൂപീകരണത്തിൽ നമുക്ക് കൂടുതൽ സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെങ്കിൽ 2023-24 മുതൽ ചില പ്രത്യേക മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ആക്ടിവിറ്റികളാണ് എടുക്കേണ്ടി വരുന്നത്.

2023-24 മുതൽ 2030 വരെ 9 തീമുകളാണ് നമുക്ക് ലഭ്യമായിരിക്കുന്നത്.

ഈ 9 തീമുകൾ ഏതൊക്കെയാണെന്ന് താഴെ നൽകുന്ന ചിത്രത്തിൽ നിന്നും നമുക്ക് മനസിലാക്കാവുന്നതാണ്.

രണ്ടായിരത്തി ഇരുപത്തിമൂന്നോടുകൂടി ഈ 17 SDG കളും നമ്മൾ നേടിയിരിക്കണം. ഒരു വർഷം ഒരു തീമിലുള്ള പകുതി എണ്ണം ആക്ടിവിറ്റികളിൽ ഫണ്ട് യൂട്ടിലൈസ് ചെയ്തുകഴിഞ്ഞാൽ ആ തീം സാച്ചുവേഡ് ആയതായി പരിഗണിക്കാം. വരുംവർഷങ്ങളിൽ മറ്റ് തീമുകൾ പരിഗണിക്കാം.

ഈ 17 SDG കൾ നേടുന്നതിനായി 548 തരം വ്യത്യസ്തമായ ആക്ടിവിറ്റികൾ ഉണ്ട്. അതായത് രണ്ടായിരത്തി മുപ്പതോടുകൂടി നമ്മൾ ഈ ആക്ടിവിറ്റികൾ ഏറ്റെടുക്കുക വഴി അവയിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ നേടിയിരിക്കണം എന്നാണ് നിർദ്ദേശം.

ഇവ ഓരോ തീമും സെലക്ട് ചെയ്താൽ ആയതുമായി ബന്ധപ്പെട്ട് എത്ര ആക്ടിവി







റ്റികൾ ഏറ്റവും കുറഞ്ഞത് എടുക്കണമെന്ന് ചുവടെ നൽകിയിരിക്കുന്ന ഷെഡ്യൂൾ പരിശോധിച്ചാൽ മതിയാകും.

തീം 1 ആണ് നമ്മൾ തെരഞ്ഞെടുത്തിരിക്കുന്നത് എങ്കിൽ അവിടെ നമുക്ക് ആകെ 38 തീമാറ്റിക് ആക്ടിവിറ്റികൾ ഉണ്ട്. എന്നു വച്ചാൽ തീം 1 ആണ് നമ്മൾ തെരഞ്ഞെടുത്തിരിക്കുന്നത് എങ്കിൽ അതിൽ ആകെ ഉൾപ്പെടുത്താവുന്ന 38 തീമാറ്റിക് ആക്ടിവിറ്റികളുടെ പകുതി അതായത് 19 എണ്ണം നിർബന്ധമായും 2023-24 ൽ ഉൾപ്പെടുത്തണം . അവയിൽ ബേസിക് ഗ്രാന്റിന്റെ കുറഞ്ഞത് 50 ശതമാനവും നിർബന്ധമായും ഉൾപ്പെടുത്തണം

ഇങ്ങിനെ 9 ആക്ടിവിറ്റികളുടെയും വിവരങ്ങൾ സ്ക്രീനിൽ ഇപ്പോൾ കാണാം.

ആയതനുസരിച്ച് ഏറ്റവും കുറച്ച് ആക്ടിവിറ്റി എടുക്കേണ്ടി വരുന്നത് തീം 1 ലും ഏറ്റവും കൂടുതൽ ആക്ടിവിറ്റി എടുക്കേണ്ടി വരുന്നത് തീം 6 ലും ( 59 ആക്ടിവിറ്റികൾ ) ആണ്.

അപ്പോൾ നമ്മളിൽ ചിലരെങ്കിലും കരുതും നമ്മുടെ പഞ്ചായത്തിലും തീം 1 സെലക്ട് ചെയ്യുന്നതല്ലേ നല്ലത് അങ്ങിനെയെങ്കിൽ കുറഞ്ഞത് 19 ആക്ടിവിറ്റി എടുത്താൽ മതിയല്ലോ എന്നും.

നമുക്ക് ഇഷ്ടമുള്ള പോലെ തീം എടുക്കാനും ചില ബുദ്ധിമുട്ടുകളുണ്ട്.

തീം 1 ശ്രദ്ധിച്ചാൽ നിങ്ങൾക്ക് മനസിലാകും

തീമിന്റെ പേര് Poverty Free and Enhanced Livelihoods Village എന്നാണ്. അതിൽ ഉൾപ്പെടുത്താവുന്ന തീമാറ്റിക് ആക്ടിവിറ്റികൾ നോക്കുക. നമ്മുടെ പഞ്ചായത്തുകൾ ധനകാര്യ കമ്മിഷൻ വിഹിതമുപയോഗിച്ച് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയിൽ കുറവായിരിക്കും. ഈ തീം ഉപയോഗിക്കാൻ കഴിയുന്നവർ ഉപയോഗിക്കുക. പ്രശ്നമില്ല

അപ്പോൾ പരമാവധി ശ്രദ്ധിച്ച് ബുദ്ധിപരമായി തീം സെലക്ട് ചെയ്യുന്നത് വളരെ പ്രധാനമാണെന്ന് മനസിലാക്കുക. ഭരണസമിതിയുമായി ആലോചിച്ച് തന്നെ 2023-24 ൽ ഏത് തീം സെലക്ട് ചെയ്യണം എന്ന് തീരുമാനിക്കുക

ശ്രദ്ധിക്കുക നമ്മളെല്ലാം 2022 ഏപ്രിലിൽ തന്നെ സ്കീം സെലക്ട് ചെയ്തിരുന്നു. പലരും ഒന്നിൽക്കൂടുതൽ തീം സെലക്ട് ചെയ്യുകയും ചെയ്തു. ഒന്നിൽക്കൂടുതൽ തീം സെലക്ട് ചെയ്താലുള്ള പ്രശ്നം എന്താണെന്ന് ഇപ്പോൾ മനസിലായിക്കാണുമെന്ന് കരുതുന്നു. ഒന്നിൽകൂടുതൽ തീം സെലക്ട് ചെയ്താൽ അവ ഓരോ തീമിലും ഉൾക്കൊള്ളുന്ന തീമാറ്റിക് ആക്ടിവിറ്റികളുടെ പകുതി എണ്ണം നിർബന്ധമായും എടുക്കേണ്ടി വരും.

നമ്മൾ 2023-24 ലേയ്ക്ക് ഏതൊക്കെ തീമുകൾ സെലക്ട് ചെയ്തിട്ടുള്ളത് എന്ന് അറിയാൻ വൈബ്രന്റ് ഗ്രാമസഭയിൽ ഒന്നു ലോഗിൻ ചെയ്തു നോക്കിയാൽ മതി. വൈബ്രന്റ് ഗ്രാമസഭയിൽ തെറ്റായി തീം സെലക്ട് ചെയ്യുകയോ സെലക്ട് ചെയ്തവ മാറ്റേണ്ടതുണ്ട് എങ്കിലോ ആയത് ഇപ്പോഴും ചെയ്യാവുന്നതാണ്. 2023-24 ലെ ഫൈനൽ പ്ലാൻ ഇ-ഗ്രാമിൽ അപ്രൂവ് ചെയ്യുന്നവരെയും തീം മാറ്റി സങ്കൽപ് അപ്ഡേറ്റ് ചെയ്യാവുന്നതാണ്. meeting.online.gov.in എന്ന സൈറ്റിൽ കയറി ആയത് ആവശ്യമെങ്കിൽ മാറ്റാവുന്നതാണ്. 2022 ഏപ്രിലിൽ വൈബ്രന്റ് ഗ്രാമസഭയിൽ ഇവ നമ്മൾ സെലക്ട് ചെയ്തിരുന്നു. ആയതിനെ ബേസ് ചെയ്ത് ഒരു സങ്കൽപ്പം നമ്മൾ ജനറേറ്റ് ചെയ്തിരുന്നു. സങ്കൽപ് എപ്പോ വേണമെങ്കിൽ തിരുത്താവുന്നതാണ് ഡേറ്റ് മാറ്റേണ്ട കാര്യമില്ല.ആസാദികാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കൂടിയ ഗ്രാമസഭ തീയതിയാണ്.

ഇപ്പോൾ ആവശ്യമായ പരിശോധനകൾക്ക് ശേഷം നമ്മൾ ഒരു തീം സെല ക്ട് ചെയ്തിട്ടുണ്ട്. ഇവിടെ തീം 6 ആണ് സെലക്ട് ചെയ്തിരിക്കുന്നതെന്ന് കരുതുക. അതായത് തീം 6 ൽ ആകെ 117 തീമാറ്റിക്ആക്ടിവിറ്റികൾ ഉണ്ട് . അവയുടെ പകുതിയായ 59 ആക്ടിവിറ്റികൾ അപ്പോൾ നിർബന്ധമായും ഏറ്റെടുക്കണം.

ഇവിടെ നമ്മൾ സെലക്ട് ചെയ്ത തീം

| Total No. of Activities and No. of Activities should be taken in GPDP | | | | |
|---|---|---|---|---|
| Sl. No. | | Name of Theme | Total No. of Activities | No. of Activities should be taken from each Theme in GPDP |
| 1 | | Theme 1 - Poverty Free and Enhanced Livelihoods Village | 38 | 19 |
| 2 | | Theme 2 - Healthy Village | 57 | 29 |
| 3 | | Theme 3 - Child Friendly Village | 57 | 29 |
| 4 | | Theme 4 - Water Sufficient Village | 62 | 31 |
| 5 | | Theme 5 - Clean and Green Village | 77 | 39 |
| 6 | | Theme 6 - Self-sufficient Infrastructure in Village | 117 | 59 |
| 7 | | Theme 7 - Socially Just and Socially Secured Village | 40 | 20 |
| 8 | | Theme 8 - Village with Good Governance | 51 | 26 |
| 9 | | Theme 9 - Women Friendly Village | 49 | 25 |
| | | TOTAL ACTIVITIES | 548 | 277 |

ലെ തീമാറ്റിക് ആക്ടിവിറ്റികൾ നോക്കുക. 2023-24 ൽ ധനകാര്യ കമ്മിഷൻ വിഹിത മുപയോഗിച്ച് ഏതൊക്കെ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് മിക്കവാറും ഭരണ സമിതികൾ തീരുമാനമെടുത്തു വച്ചിട്ടുണ്ടാവും. ആ പദ്ധതികൾ നോക്കി അവ ഈ തീമാറ്റിക് ആക്ടിവിറ്റിയിലെ ഏത് പ്രോജക്ടുമായി ബന്ധപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കുക.

ഫണ്ടിന്റെ അലോക്കേഷനിൽ വലിയ വ്യത്യാസമൊന്നുമില്ല. ലഭിക്കുന്ന ബേസിക് ഗ്രാന്റിന്റെ പകുതി ഈ വർഷം സെലക്ട് ചെയ്ത തീമുകളിൽ ഉൾപ്പെട്ട പകുതി ആക്ടിവിറ്റികളിൽ നിർബന്ധമായും ഉൾക്കൊള്ളിക്കണം.

ടൈഡ് ഗ്രാന്റ് പഴയതു പോലെ തന്നെ 50 ശതമാനം സാനിട്ടേഷനും 50 ശതമാനം കുടിവെള്ളത്തിനും. സാച്ചുറേഷൻ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്ത് ഈ നിബന്ധന മറികടക്കാനുള്ള ശ്രമം ദയവായി നടത്താതിരിക്കുക.

പറഞ്ഞു വന്ന വിഷയത്തിലേയ്ക്ക് കടക്കാം.

ഒരു ഉദാഹരണം കാണിക്കാം

ഒരു ഗ്രാമപഞ്ചായത്ത് ധനകാര്യ കമ്മിഷൻ ബേസിക് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ആക്ടിവിറ്റിയാണ് ഒരു പുതിയ റോഡ് നിർമാണം. ഇതിനെ എങ്ങിനെ ഇ-ഗ്രാംമിൽ തീമാറ്റിക് ആക്ടിവിറ്റിയായി ചെയ്യാമെന്ന് നോക്കാം

നേരേ തീമാറ്റിക് ആക്ടിവിറ്റിയിലേയ്ക്ക് വരിക. ഇവിടെ തീം 6 ൽ 17 മതായി ഉള്ള ആക്ടിവിറ്റി പേര് Construction of Roads എന്നതാണ്. അതായത് നമ്മൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത റോഡ് വർക്കിനെ ഈ തീമാറ്റിക് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തിയാൽ മതി. ഈ വർക്ക് എങ്ങിനെ ഇ-ഗ്രാമിൽ എന്റർ ചെയ്യണമെന്ന് പിന്നീട് പറയാം.

ഇനി ഇതേ പോലെ പുതിയ റോഡ് നിർമ്മാണം ഉണ്ടെങ്കിൽ അവയൊക്കെ ഈ തീമാറ്റിക് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തിയാൽ മതി.

ഇനി ആ ഗ്രാമപഞ്ചായത്തിലെ മറ്റൊരു പദ്ധതി നോക്കാം ഗ്രാമപഞ്ചായത്താഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ. ഈ പദ്ധതിയെ തീം 6 ലെ ഏതെങ്കിലും തീമാറ്റിക് ആക്ടിവിറ്റിയുമായി ബന്ധപ്പെടുത്താൻ കഴിയുമോ എന്ന് നോക്കുക. അതിലെ സീരിയൽ നം 68 നോക്കുക അത് Procurement of Printer ആണ്. അപ്പോൾ നമ്മുടെ പ്രോജക്ടിനെ ഈ തീമാറ്റിക് ആക്ടിവിറ്റിയായി ഉൾപ്പെടുത്താം.

നമ്മൾ സെലക്ട് ചെയ്തത് തീം 6 ആയിരുന്നു ആയതു കൊണ്ടു തന്നെ ബേസിക് ഗ്രാന്റ് ഉൾപ്പെടുത്തി 59 ആക്ടിവിറ്റി ചെയ്യണം. ഇപ്പോ നമുക്ക് 2 ആക്ടിവിറ്റി ആയിട്ടുണ്ട്. ഇങ്ങിനെ നമ്മൾ ചെയ്യാൻ ഉദ്ദേശിക്കുന്ന ആക്ടിവിറ്റികളെയെല്ലാം തീമാറ്റിക് ആക്ടിവിറ്റിയായി മാറ്റണം.

ഇവിടെയാണ് നമ്മളിൽ പലരും ബുദ്ധിമുട്ട് അറിയാൻ പോകുന്നത്. വളരെ കുറച്ച് പദ്ധതികൾ മാത്രം ധനകാര്യ കമ്മിഷനിൽ ഏറ്റെടുക്കാൻ തീരുമാനമെടുത്ത പഞ്ചായത്തുകളെ സംബന്ധിച്ച് ഈയൊരു കാര്യത്തിൽ കുറച്ചു തടസങ്ങൾ നേരിടും. അവ മറികടക്കാനുള്ള വഴികൾ പിറകേ പറയാം.

നമ്മൾ ചെയ്യാൻ ഉദ്ദേശിച്ചുവച്ചിരിക്കുന്ന പദ്ധതികളെ തീമാറ്റിക് ആക്ടിവിറ്റിയിലേക്ക് മാറ്റുന്ന ജോലി തുടരണം. ഗ്രാമപഞ്ചായത്തിലെ മറ്റൊരു പ്രോജക്ടാണ് ഘടക സ്ഥാപനങ്ങളിലേയ്ക്ക് കുടിവെള്ള പദ്ധതി. ഇതുമായി ബന്ധപ്പെട്ട തീമാറ്റിക് ആക്ടിവിറ്റി ഏതെന്ന് പരിശോധിക്കുക.

തീം നം 4 ൽ 40-ാമതായുള്ള ആക്ടിവിറ്റി Providing piped water supply to public institutions എന്നതു കണ്ടു.

നമ്മൾ 2023-24 ലേയ്ക്ക് സെലക്ട് ചെയ്തത് തീം 6 ആണ്. പക്ഷേ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി വന്നിട്ടുള്ളത് തീം 4 ൽ ആണ്. എന്നു കരുതി ഈ പദ്ധതി ഉപേക്ഷിക്കേണ്ട കാര്യമില്ല . തീം 4 ൽ Providing piped water supply to public institutions എന്ന തീമാറ്റിക് ആക്ടിവിറ്റിയായി നമ്മൾ ഇത് എടുക്കുന്നു.

ഇതിന്റെ എഫക്ട് വരുംവർഷത്തിൽ എങ്ങിനെയാണ് വരുന്നത് എന്ന് നോക്കാം.

ടൈഡ് ഫണ്ട് പകുതി കുടിവെള്ളത്തിനു നിർബന്ധമായും വയ്ക്കണമല്ലോ.

നമുക്ക് തന്നിരിക്കുന്ന എക്സൽ ഷീറ്റ് നോക്കുമ്പോൾ നിങ്ങൾക്ക് മനസിലാകും ഈ ആക്ടിവിറ്റിയ്ക്ക് നമുക്ക് ടൈഡ് ഫണ്ട് ഉൾപ്പെടുത്താൻ കഴിയും. അപ്പോൾ ഈ ആക്ടിവിറ്റിക്കു വയ്ക്കുന്ന തുക കുടിവെള്ള മേഖലയിലേയ്ക്ക് ലഭിക്കുന്നതാണ്.

2024-25 ൽ നമ്മൾ സെലക്ട് ചെയ്യുന്നത് തീം 4 ആണ് എന്നു കരുതുക. തീം 4 ൽ കുറഞ്ഞത് 31 തീമാറ്റിക് ആക്ടിവിറ്റി എടുക്കണം. ഇവിടെ 2023-24 ൽ നമ്മൾ സ്കീം 4 ൽ നിന്ന് ഒരു ആക്ടിവിറ്റി സെലക്ട് ചെയ്തത് കൊണ്ട് 2024-25 ൽ 30 എണ്ണം എടുത്താൽ മതിയാകും.

ഇനി നമ്മളൊക്കെ അനുഭവിക്കുന്ന പ്രശ്നത്തിലേയ്ക്ക് വരാം. നമ്മൾ എടുക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ആക്ടിവിറ്റികൾ കുറവ്. എന്നാൽ സെലക്ട് ചെയ്തിരിക്കുന്ന തീമിന് അനുസരിച്ച് വളരെക്കൂടുതൽ ആക്ടിവിറ്റി വേണം. ഇവ ഒരു പരിധി വരെ പരിഹരിക്കാൻ ഫ്ലാഗ് ഷിപ്പ് പ്രോഗ്രാമുകൾ സഹായിക്കും. **തുടരും**

*(ലേഖകൻ ചാഴൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റാണ്.)*



# പ്രവാസികൾക്കായി ഒരു ദിനം

**അജിത് വെണ്ണിയൂർ**

ജനുവരി 9 ലോകമെമ്പാടുമുള്ള ഇന്ത്യൻ സമൂഹം പ്രവാസിദിനമായി ആചരിക്കുകയാണ്. ദക്ഷിണാഫ്രിക്കയിൽ 21 വർഷം നീണ്ട അതിസാഹസികമായ പ്രവാസത്തിനുശേഷം മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന ബാരിസ്റ്റർ ഇന്ത്യയിൽ മടങ്ങിയെത്തിയ ദിനമാണ് ജനുവരി ഒൻപത്.

തൊഴിൽ തേടിയോ മറ്റ കാരണങ്ങളാലോ ഒരു രാജ്യത്തു നിന്ന് മറ്റൊരു രാജ്യത്തെത്തി താമസിക്കുന്നവരാണ് പ്രവാസികൾ. ലോകത്തെ ഏറ്റവും വലിയ പ്രവാസി സമൂഹം ഇന്ത്യയിൽ നിന്നുള്ളവരാണെന്നാണ് അനുമാനം.

പ്രകൃതി ദുരന്തങ്ങൾ, കലാപങ്ങൾ, യുദ്ധം, ദാരിദ്ര്യം എന്നിങ്ങനെ പല കാരണങ്ങളാൽ ജനങ്ങൾ മറ്റരാജ്യങ്ങളിൽ എത്തിപ്പെടാറുണ്ട്. എന്നാൽ ഇന്ത്യയിൽ നിന്നുള്ള പ്രവാസികൾ മുഖ്യമായും തൊഴിൽ, വിദ്യാഭ്യാസം, ഗവേഷണം തുടങ്ങിയവയ്ക്കായി മറ്റ രാജ്യങ്ങളിൽ എത്തിപ്പെട്ടവരാണ്. അവർ ആ നാടിന്റെയും സ്വന്തം നാടിന്റെയും പുരോഗതിയിൽ നൽകുന്ന സംഭാവനകളെ അംഗീകരിക്കുകയും ആദരിക്കുകയും അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വേദിയൊരുക്കുകയുമാണ് ഈ ദിനാചരണത്തിലൂടെ ലോകമെമ്പാടുമുള്ള ഇന്ത്യൻ പ്രവാസി സമൂഹം

## പ്രവാസി ഗാന്ധി

ഏറ്റവും പ്രമുഖനും പ്രസിദ്ധനുമായ പ്രവാസിയായിരുന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി. എല്ലാ അർത്ഥത്തിലും പ്രാതിനിധ്യ സ്വഭാവമുള്ള പ്രവാസി. ആദ്യം വിദ്യാഭ്യാസത്തിനു വേണ്ടി ഇംഗ്ലണ്ടിലേക്ക്; പിന്നെ തൊഴിലിനായി ദക്ഷിണാഫ്രിക്കയിലേക്ക്. അവിടെ ദീർഘനാൾനീണ്ട പോരാട്ടങ്ങൾ, പരീക്ഷണങ്ങൾ, കഠിനമായ ത്യാഗങ്ങൾ, ഒടുവിൽ പിറന്ന നാടിന്റെ മോചനത്തിനു വേണ്ട സന്നാഹവും 'സമരായുധങ്ങളു'മായി ഐതിഹാസികമായ മടക്കയാത്ര. സമാനതകളില്ലാത്ത പ്രവാസജീവിതവും സമരചരിത്രവുംകൊണ്ട് തീർത്തും വ്യത്യസ്തമാണ് ഗാന്ധിയുടെ ദക്ഷിണാഫ്രിക്കൻ ജീവിത ഘട്ടം.

മെട്രിക്കുലേഷൻ പാസ്സായശേഷം നിയമപഠനത്തിനായാണ് 1888 ൽ ഗാന്ധി ലണ്ടനിലേക്ക് കപ്പൽ കയറിയത്. ബന്ധുക്കളുടേയും ജാതിനേതാക്കളുടേയും കഠിനമായ എതിർപ്പുകളെ അദ്ദേഹത്തിന് നേരിടേണ്ടി വന്നു. കടൽ കടക്കുന്നത് ജാത്യാചാരത്തിന് വിരുദ്ധമായതിനാൽ ജാതിഭ്രഷ്ടനായി. അതൊന്നും വകവെക്കാതെ ലണ്ടനിലെത്തിയപ്പോഴാകട്ടെ പലവിധ പ്രലോഭനങ്ങ

ളേയും പരീക്ഷണങ്ങളേയും അതിജീവിക്കേണ്ടതായും വന്നു. പക്ഷേ അമ്മയ്ക്ക് കൊടുത്ത വാക്ക് അക്ഷരംപ്രതി പാലിച്ചും ആദർശങ്ങൾ കൈവിടാതെയും പിടിച്ചുനിന്നു മൂന്നു കൊല്ലത്തെ നിയമ പഠനം പൂർത്തിയാക്കി ബാരിസ്റ്റർ ബിരുദവും നേടി ഗാന്ധി 1891 ൽ ഇന്ത്യയിൽ മടങ്ങിയെത്തി.

ഇംഗ്ലണ്ടിൽ പഠിക്കുമ്പോഴാണ് ഗാന്ധി പൊതുപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ സ്വായത്തമാക്കിയത്. അവിടത്തെ ഇന്ത്യൻ വിദ്യാർഥി സംഘടനയിലും വെജിറ്റേറിയൻ പ്രസ്ഥാനത്തിലും അംഗമായി. തിയോസഫിക്കൽ സൊസൈറ്റിയുമായി ഈ കാലഘട്ടത്തിലാണ് ആദ്യമായി അദ്ദേഹം അടുക്കുന്നത്.

പത്രപ്രവർത്തനത്തിലെ ആദ്യചുവടുവയ്പും ഇംഗ്ലണ്ടിലെ പ്രവാസകാലത്താണ്. ഇംഗ്ലണ്ടിലും ഇന്ത്യയിലുമുള്ള പത്രങ്ങൾക്കു വേണ്ടി അദ്ദേഹം വാർത്തകളും കുറിപ്പുകളും എഴുതിക്കൊണ്ടിരുന്നു. അവയിലധികവും അവിടെക്കണ്ട കാഴ്ചകൾ, സസ്യാഹാരപ്രസ്ഥാനം, തിയോസഫിക്കൽ സൊസൈറ്റിയുമായുള്ള ആഭിമുഖ്യം, ഇന്ത്യൻ വിദ്യാർഥികൾ അവിടെ നേരിടുന്ന പ്രശ്നങ്ങൾ, താൻ വായിച്ച പുസ്തകങ്ങൾ. ഇന്ത്യയുടെ ഭാവിയേയും ദേശീയപ്രസ്ഥാനത്തേയും പറ്റി അവിടെ നടക്കുന്ന ചർച്ചകൾ തുടങ്ങിയവയെപ്പറ്റിയായിരുന്നു. ഇവയെല്ലാംതന്നെ പിന്നീട് ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലും നടത്തിയ പ്രവർത്തനങ്ങളിലും പോരാട്ടങ്ങളിലും ഗാന്ധിക്ക് ഏറെ തുണയായി.



## ദക്ഷിണാഫ്രിക്കയിൽ

ഏതൊരു പ്രവാസിയേയും പോലെ ഗാന്ധി ദക്ഷിണാഫ്രിക്കയിലേക്ക് പോയതും രണ്ടു കാര്യങ്ങൾക്കായാണ്- തൊഴിലിനും ധനസമ്പാദനത്തിനും.

ഇംഗ്ലണ്ടിൽ നിന്ന് മടങ്ങിയെത്തി നാട്ടിൽ വക്കീൽ പണി ആരംഭിച്ചെങ്കിലും വേണ്ടത്ര വിജയിക്കാതെ നിരാശനായിരിക്കുമ്പോഴാണ് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ വ്യാപാരിക്കുവേണ്ടി കേസ് വാദിക്കാൻ ഒരവസരം കിട്ടിയത്. പോർബന്തർ ആസ്ഥാനമായ ദാദാ അബ്ദുള്ള കമ്പനിയുടെ വക്കീലായി 105 പവൻ പ്രതിഫലം നിശ്ചയിച്ച് ഒരു കൊല്ലത്തെ കരാറിൽ നേറ്റാളിലേക്ക് കപ്പൽ കയറി.

ഡർബൻ തുറമുഖത്ത് കപ്പലിറങ്ങിയതു മുതൽ വിവാദങ്ങളുടേയും വാർത്തകളുടേയും നടുവിലായിരുന്നു യുവബാരിസ്റ്ററായ ഗാന്ധി. കോടതിയിൽ കേസ് വാദിക്കാനെത്തിയ ഗാന്ധിയോട് തലപ്പാവ് ഊരാൻ മജിസ്ട്രേറ്റ് ആവശ്യപ്പെട്ടു. അതിന് വിസമ്മതിച്ച് കോടതിയിൽ നിന്ന് ഇറങ്ങിപ്പോയതോടെ ഗാന്ധിയുടെ പേര് പത്രത്തിൽ ഇടം പിടിച്ചു. അത് അവിടെ വലിയൊരു വാദപ്രതിവാദത്തിന് വഴിയൊരുക്കി.

ചിലർ ഗാന്ധിയുടെ ധീരതയെ പ്രശംസിച്ചു, മറ്റുചിലർ അവിവേകമെന്ന് ആക്ഷേപിച്ചു. എന്തായാലും ദക്ഷിണാഫ്രിക്കയിലെത്തി മൂന്നാം നാൾ തന്നെ അദ്ദേഹം അവിടെ വിവാദപുരുഷനായി. തുടർന്നങ്ങോട്ട് കോടതിമുറികളിലും തീവണ്ടിയിലും പൊതുവേദികളിലുമെല്ലാം ഗാന്ധി ശ്രദ്ധാകേന്ദ്രമായി.

പ്രവാസികളായ ഇന്ത്യാക്കാരോടും മറ്റു കുടിയേറ്റക്കാരോടുമുള്ള വിവേചനത്തിനും മനുഷ്യത്വരഹിതമായ നിയമങ്ങൾക്കും ക്രൂരമായ പെരുമാറ്റങ്ങൾക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം. ക്രമേണ പാർശ്വവല്കൃത സമൂഹത്തിന്റെ നേതൃസ്ഥാനം ഗാന്ധിയിലെത്തി. വക്കീൽപണിയുടെ കരാർകാലാവധി കഴിഞ്ഞിട്ടും ഇന്ത്യയിലേക്ക് മടങ്ങാനായില്ല.

നീണ്ട ഇരുപത്തൊന്നുവർഷം. ജീവിതത്തിലെ ഏറ്റവും പുഷ്കലമായ കാലഘട്ടം. സംഭവബഹുലമായ നാളുകൾ. ആദ്യത്തെ അപമാനം, നിയമനിഷേധം, ജയിൽ വാസം, തളരാത്ത പോരാട്ടങ്ങൾ, ബഹുഭാഷാപത്രപ്രവർത്തനം, പുസ്തകരചന, സത്യാഗ്രഹ സമര പരീക്ഷണങ്ങൾ, ആശ്രമജീവിതം, പൊതുപ്രവർത്തനം. ഇങ്ങനെ അടിച്ചമർത്തപ്പെട്ടവരും അപമാനിതരുമായ പ്രവാസികളുടെ മാനം വീണ്ടെടുക്കാനും അവകാശങ്ങൾ നേടിയെടുക്കാനും വേണ്ടിയുള്ള നിരന്തരമായ പ്രവർത്തനങ്ങളിലൂടെ അദ്ദേഹം നേടിയത് ഇന്ത്യക്ക് പിൽക്കാലത്ത് കരുതൽധനമായി മാറിയ, മാറ്റുരച്ചുമിനുക്കിയ തന്ത്രങ്ങളും സമരായുധങ്ങളുമായിരുന്നു.

മൂന്നാംക്ലാസിലെ തീവണ്ടി-കപ്പൽ യാത്രയടക്കം ജീവിതകാലമത്രയും പിന്തുടർന്ന തന്റെ ജീവിതത്തിലെ സുപ്രധാനമായ മിക്ക ജീവിതവ്രതങ്ങളും തീരുമാനങ്ങളും ഗാന്ധി കൈക്കൊണ്ടത് ദക്ഷിണാഫ്രിക്കയിലെ പ്രവാസകാലത്താണ്- ലളിതമായ വസ്ത്രധാരണം, ആശ്രമജീവിതം, ബ്രഹ്മചര്യം, അഹിംസ, അനാസക്തി, പ്രകൃതിചികിൽസ ഒക്കെ അദ്ദേഹം സ്വായത്തമാക്കിയത് അവിടെവച്ചായിരുന്നു.

## പത്രപ്രവർത്തനം

ഇംഗ്ലണ്ടിൽ നിയമപഠനം നടത്തുമ്പോൾ തന്നെ പത്രങ്ങൾക്കു വേണ്ടി എഴുതുമായിരുന്നുവെങ്കിലും ഗാന്ധി ഒരു പത്രപ്രവർത്തകനായത് 1903-ൽ ആണ്. ദക്ഷിണാഫ്രിക്കയിൽ വക്കീൽ പണിക്കൊപ്പം വെള്ളക്കാരുടെ അക്രമങ്ങൾക്കും അനീതിക്കുമെതിരെ തീവ്രമായ പോരാട്ടം നടത്തിവന്നകാലത്ത് പൊതുപ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് ഒരു പത്രം ആവശ്യമാണെന്ന് ഗാന്ധിക്കു തോന്നി.

അവിടെ ഒരു അച്ചുകൂടം നടത്തിയിരുന്ന



ഇന്ത്യാക്കാരനായ മദൻജിത്ത് എന്നയാളുമായി ഗാന്ധി അതെപ്പറ്റി സംസാരിച്ചു. അദ്ദേഹം അതീവതാല്പര്യത്തോടെ അതിനു തയ്യാറായി. അങ്ങനെ 1903 ജൂണിൽ മദൻജിത്തിന്റെ പ്രസ്സിൽ നിന്നു ആദ്യമായി ഗാന്ധിയുടെ പത്രം പുറത്തിറങ്ങി. 'ഇന്ത്യൻ ഒപ്പിനിയൻ' എന്ന് അതിനുപേരിട്ടു.

ഇന്ത്യൻ ഒപ്പിനിയന് പരിചയസമ്പന്നനായ ഒരു മുഴുവൻ സമയ പത്രാധിപർ വേണമെന്ന് അവർ തീരുമാനിച്ചു. അതിന് പറ്റിയ ആളെ കണ്ടെത്തുന്ന ചുമതലയും ഗാന്ധിക്കായി. ഇന്ത്യയിൽ ഏറെക്കാലം പത്രപ്രവർത്തകനായിരുന്ന മദൻ സുഖലാൽ നാസ്സർ അക്കാലത്ത് ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്നു. ഗാന്ധി അദ്ദേഹത്തെ പത്രാധിപരായി നിർദ്ദേശിച്ചു. ഗാന്ധി ഇടക്കാലത്ത് ഇന്ത്യയിലായിരുന്നപ്പോൾ ദക്ഷിണാഫ്രിക്കൻ കോൺഗ്രസ്സിന്റെ ചുമതല വഹിച്ചയാളായിരുന്നു മദൻ സുഖലാൽ.

പത്രാധിപരുടെ ചുമതല അദ്ദേഹം ഏറ്റെടുത്തെങ്കിലും ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച കുറിപ്പുകളും എഡിറ്റോറിയലും ലേഖനങ്ങളും എഴുതുന്ന ജോലി ഗാന്ധിക്കായിരുന്നു. ഗാന്ധി അത് ഏൽക്കണമെന്ന വ്യവസ്ഥയിലായിരുന്നു മദൻസുഖലാൽ പത്രാധിപത്യം സമ്മതിച്ചത്. ക്രമേണ ഗാന്ധിയുടെ സമയത്തിലേറിയ പങ്ക് പത്രപ്രവർത്തനത്തിനായി മാറ്റിവയ്ക്കേണ്ടിവന്നു. പ്രതിവാരപത്രികയായി ആരംഭിച്ച ഈ പ്രസിദ്ധീകരണം ക്രമേണ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ വംശജരുടെ ശബ്ദമായിമാറി.

നാലുഭാഷകളിൽ-ഇംഗ്ലീഷ്, ഗുജറാത്തി, തമിഴ്, ഹിന്ദി-ഒരേസമയം ലേഖനങ്ങളും വാർത്തകളും കുറിപ്പുകളും പ്രസിദ്ധീകരിച്ചു വന്ന ഇന്ത്യൻ ഒപ്പിനിയൻ പത്രപ്രവർത്തന മേഖലയിൽ അക്കാലത്തെ പ്രതിഭാസമായി വിശേഷിപ്പിക്കപ്പെട്ടു.

പത്രാധിപർ മദൻസുഖലാൽ ആണെങ്കിലും അതിനു പിന്നിലെ തൂലികയും ധാർമ്മികശക്തിയും ഗാന്ധിയാണെന്ന് സർക്കാരിനും വെള്ളക്കാർക്കും അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ചുരുങ്ങിയ കാലത്തിനുള്ളിൽ 'ഇന്ത്യൻ ഒപ്പിനിയൻ' വെള്ളക്കാരുടെ പേടി സ്വപ്നവും ഗാന്ധി നോട്ടപ്പുള്ളിയുമായി.

പത്രത്തിൽ എഴുതുന്നതിനുപുറമെ അതിന് പണമുണ്ടാക്കുന്ന ചുമതലയും ഗാന്ധിക്കായിരുന്നു. വക്കീൽ പണിയിൽ നിന്നു കിട്ടിയിരുന്ന വരുമാനത്തിന്റെ നല്ലൊരുപങ്ക് അതിനായി അദ്ദേഹം മാറ്റിവച്ചു. ക്രമേണ ഇന്ത്യൻ ഒപ്പിനിയന്റെ പൂർണ ചുമതല അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടിവന്നു.

ദക്ഷിണാഫ്രിക്കയിൽ ഗാന്ധി നടത്തിയ പ്രവർത്തനങ്ങളുടെയും അദ്ദേഹത്തിന്റെ ചിന്താധാരകളുടെയും കണ്ണാടി കൂടിയാണ് ഇന്ത്യൻ ഒപ്പിനിയൻ. സത്യാഗ്രഹമെന്ന സമരായുധം മൂർച്ചകൂട്ടിയെടുക്കുന്നതിൽ ആ പത്രത്താളുകൾ വഹിച്ച പങ്ക് ചരിത്രരേഖയാണ്.

മഹാത്മാഗാന്ധിയുടെ ജീവിതത്തിൽ വഴിത്തിരിവു സൃഷ്ടിച്ച ഗ്രന്ഥങ്ങളിലൊന്നാണ് ജോൺ റസ്കിന്റെ 'അൺടു ദിസ് ലാസ്റ്റ്'. ആ പുസ്തകം വായിച്ചയുടൻ അദ്ദേഹം ആദ്യം ചെയ്തത് 'ഇന്ത്യൻ ഒപ്പിനിയൻ' പത്രത്തിന്റെ അച്ചുകൂടം നാട്ടിൻപുറത്തെ ഒരു കൃഷിയിടത്തിലേയ്ക്ക് മാറ്റുകയായിരുന്നു. അതിലെ ജീവനക്കാർ അവിടെ താമസിക്കണമെന്നും നിശ്ചയിച്ചു. പ്രതിമാസം മൂന്നുപവൻ ആയിരുന്നു എല്ലാവരുടെയും ശമ്പളം. എല്ലാവർക്കും ഒരേ പ്രതിഫലം.

ഒരു ലേഖനത്തിലൂടെ പരിചയപ്പെട്ട ഹെൻറിപോളക്ക് എന്ന ബ്രിട്ടീഷുകാരനാണ് ഗാന്ധിക്ക് റസ്കിന്റെ പുസ്തകം സമ്മാനിച്ചത്. ജോഹന്നസ് ബർഗിൽനിന്ന് ഡർബാനിലേയ്ക്കുള്ള തീവണ്ടിയാത്രയ്ക്കിടയിൽ വായിച്ചു തീർത്ത ആ പുസ്തകത്തിലെ പ്രധാന തത്ത്വങ്ങൾ ഇവയാണ്:

1. സമുദായത്തിന്റെ നന്മ തന്നെയാണ് വ്യക്തിയുടെയും നന്മ.
2. എല്ലാ തൊഴിലിൻറേയും അന്തസ്സ് ഒരു പോലെയാണ്. ഒരു വക്കീലിന്റെ തൊഴിലിനും ക്ഷുരകന്റെ തൊഴിലിനും തുല്യമായ അന്തസ്സ് കല്പിക്കണം.
3. കർഷകന്റേയും കൂലിപ്പണിക്കാരന്റേയും ജീവിതം ഒരുപോലെ ഉൽകൃഷ്ടമാണ്. കാരണം, അവർ ശാരീരികാദ്ധ്വാനം കൊണ്ട് ജീവിക്കുന്നവരാണ്.

വളരെക്കാലമായി താൻ കൊണ്ടുനടന്നിരുന്ന ആശയങ്ങൾക്ക് ഒരു കർമരൂപം കിട്ടിയ ആഹ്ലാദമായിരുന്നു ഗാന്ധിക്ക്. ഇതു പരീക്ഷിക്കാൻ പറ്റിയ ആദ്യസന്ദർഭം ‘ഇന്ത്യൻ ഒപ്പിനിയ’നിൽ അദ്ദേഹം പ്രയോജനപ്പെടുത്തി.

ഇന്ത്യൻ ഒപ്പിനിയൻ പ്രസ്സ് പട്ടണത്തിൽനിന്ന് നാട്ടിൻപുറത്തേയ്ക്ക് മാറ്റാനുള്ള നീക്കത്തെ തുടക്കത്തിൽ പലരും അനുകൂലിച്ചില്ല. പക്ഷേ പിന്നീട് എതിരഭിപ്രായങ്ങൾ അലിഞ്ഞില്ലാതായി. അരുവികളും ഫലവൃക്ഷങ്ങളും ധാരാളമുള്ള ദർബൻ ഗ്രാമത്തിൽ നൂറേക്കർ സ്ഥലം ആയിരം പവൻ കൊടുത്ത് ഗാന്ധി വിലയ്ക്കുവാങ്ങി. അവിടെ അച്ചുകൂടം സ്ഥാപിച്ചു. സ്വയം കൃഷിചെയ്ത് ആഹാരത്തിനു വകകണ്ടെത്താൻ പ്രസ്സിലെ ജോലിക്കാർക്കെല്ലാം മൂന്നേക്കർ വീതം സ്ഥലം നല്കി. കൂട്ടത്തിൽ ഗാന്ധിക്കും കിട്ടി മൂന്നേക്കർ.

'ഫിനിക്സ് സെറ്റിൽമെൻറ്' എന്ന പേരിൽ കൂട്ടായ ജീവിതത്തിന്റെ പരീക്ഷണക്കളരിയും സാമൂഹികവിപ്ലവത്തിന്റെ തീപ്പൊരിയുമായി മാറി ആ ഉദ്യമം.

റസ്കിന്റെ പുസ്തകം വായിച്ചുണ്ടായ മാറ്റം പോളക്കിനെയും അതിയായി സന്തോഷിപ്പിച്ചു. അവിടേയ്ക്ക് താമസം മാറ്റാൻ പോളക്ക് ആഗ്രഹിച്ചു. ഒരു മാസത്തിനു

ളളിൽ അദ്ദേഹം ഫിനിക്സ് സെറ്റിൽമെന്റിൽ പങ്കാളിയാവുകയും ചെയ്തു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അവിടെയുള്ളവർക്ക് ആവേശം പകർന്നു.

## സത്യാഗ്രഹവും ഇന്ത്യൻ ഒപ്പിനിയനും

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിയുടെ നേതൃത്വത്തിൽ വർണവിവേചനത്തിനെതിരെ നടത്തിവന്ന പോരാട്ടങ്ങളെ പാസ്സീവ് റസിസ്റ്റൻസ് (സഹനസമരം) എന്നാണ് ആദ്യകാലത്ത് പത്രങ്ങളും അധികൃതരുമൊക്കെ വിശേഷിപ്പിച്ചിരുന്നത്. ആ പദപ്രയോഗത്തിൽ ഗാന്ധി തൃപ്തനായിരുന്നില്ല.

സഹന സമരം ദുർബലരുടെ സമരതന്ത്രമായി പലരും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. ആ പദത്തിൽ സമരത്തിന്റെ സവിശേഷതപൂർണ്ണമായും ഉൾക്കൊള്ളുന്നില്ലെന്ന് ഗാന്ധിക്കുതോന്നി. മാത്രമല്ല അതൊരു ഇംഗ്ലീഷ് പദവുമാണ്. ഒരു പുതിയ പദം കണ്ടെത്താനായി ഗാന്ധി 'ഇന്ത്യൻ ഒപ്പിനിയനി'ൽ ഒരു അഭ്യർത്ഥന പ്രസിദ്ധീകരിച്ചു.

വായനക്കാർ പലപേരുകൾ നിർദ്ദേശിച്ചു. അവയെല്ലാം അദ്ദേഹം 'ഇന്ത്യൻ ഒപ്പിനിയനി'ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അയച്ചുകിട്ടിയ പേരുകളിൽ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമായത് 'സദാഗ്രഹം' ആയിരുന്നു. അതിനെ ഒന്നുകൂടി മെച്ചപ്പെടുത്തി ഗാന്ധി 'സത്യാഗ്രഹ'മാക്കി. "സത്യത്തിൽ നിന്നും സ്നേഹത്തിൽ നിന്നും അഹിംസയിൽ നിന്നും ഉളവാകുന്ന ശക്തി" എന്ന് അദ്ദേഹം സത്യാഗ്രഹത്തെ നിർവചിക്കുകയും ചെയ്തു.

## ദക്ഷിണാഫ്രിക്കയിലെ പ്രധാന സത്യാഗ്രഹങ്ങൾ

1906 ട്രാൻസ്വാൾ ഗവൺമെൻറ് ഏഷ്യാക്കാരുടെ അവകാശങ്ങൾ വെട്ടിക്കുറച്ചു. കരാർ ജോലിക്കാരായ ഇന്ത്യാക്കാർ കാലാവധി കഴിഞ്ഞാൽ മടങ്ങിപ്പോവുകയോ 25 പവൻ ആൾനികുതി കൊടുക്കുകയോ കരാർ പുതുക്കുകയോ ചെയ്യണമെന്ന് ആഗസ്റ്റ് 22 ന് നിയമം കൊണ്ടുവന്നു. ഇന്ത്യാക്കാർ വഴങ്ങിയില്ല. സെപ്തംബർ 11 ന് ഗാന്ധിയുടെ നേതൃത്വത്തിൽ 3000 പ്രതിനിധികൾ ജോഹന്നസ്ബർഗിൽ യോഗം ചേർന്ന് പ്രതിഷേധസൂചകമായി സത്യാഗ്രഹം അനുഷ്ഠിച്ചു. ഗാന്ധിയടക്കം 200 പേരെ ജയിലിലടച്ചു. ആൾനികുതി മൂന്ന് പവനാക്കി കുറച്ചു.

1907: സമരം കൊടുമ്പിരികൊണ്ടപ്പോൾ അവിടത്തെ പ്രധാനമന്ത്രി ജെനറൽ സ്മട്സ് സന്ധിക്ക് തയ്യറായി. നിയമം പിൻവലിക്കാമെന്ന് ജനവരി 30 ന് ഉറപ്പുകൊടുത്തു. സത്യാഗ്രഹം പിൻവലിച്ചു

1908: സ്മട്സ് വാക്കു പാലിച്ചില്ല. ഇന്ത്യാക്കാർ സ്വയം രജിസ്റ്റർ ചെയ്താൽ നിയമം മാറ്റാമെന്നായി അധികൃതർ. സമരം പുനരാരംഭിച്ചു. ആഗസ്റ്റ് 16: രജിസ്ട്രേഷൻ കടലാസുകൾ പരസ്യമായി തീയിട്ട് വീണ്ടും പ്രക്ഷോഭം. പിഴ, ജയിൽശിക്ഷ, ചാട്ടകൊണ്ട് അടി, വെടി മുതലായ മർദ്ദനമുറകൾ അഴിച്ചുവിട്ടു. സതാഗ്രഹികൾക്കായി ഗാന്ധി രണ്ട് ആശ്രമങ്ങൾ സ്ഥാപിച്ചു-ഫീനിക്സ്, ടോൾസ്റ്റോയ്ഫാം

1913: നേറ്റാൾ അതിർത്തിയിൽ നിന്ന് ട്രാൻസ്വാൾ അതിർത്തിയിലേക്ക് മഹാസത്യാഗ്രഹയാത്ര. ഗാന്ധിയടക്കം അനേകം പേരെ അറസ്റ്റചെയ്ത് ജയിലിലടച്ചു.

1914 ജനുവരി: സന്ധിസംഭാഷണം. സത്യാഗ്രഹികളെയെല്ലാം വിട്ടയച്ചു. ആൾനികുതി നിയമം നിർത്തലാക്കി. മറ്റാവശ്യങ്ങളും അംഗീകരിച്ചു. സമരം പിൻവലിച്ചു.

## മടക്കയാത്ര

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ പ്രവാസികൾക്കുവേണ്ടിയുള്ള ഗാന്ധിയുടെ എട്ടു കൊല്ലത്തെ പോരാട്ടങ്ങൾക്ക് പൂർണപിന്തുണയും സമ്പത്തിക സഹായവും സമാഹരിച്ചു നല്കിയത് അദ്ദേഹം രാഷ്ട്രീയ ഗുരുവായി സ്വീകരിച്ചിരുന്ന ഗോപാലകൃഷ്ണഗോഖലെ ആയിരുന്നു. അദ്ദേഹത്തിന്റെകൂടി നിർദ്ദേശം കണക്കിലെടുത്താണ് ഗാന്ധി ഇന്ത്യയിലേക്ക് താമസവും പ്രവർത്തനവും മാറ്റാൻ നിശ്ചയമെടുത്തത്. സമിശ്രവികാരങ്ങളോടെയാണ് അദ്ദേഹവും പത്നി കസ്തൂർബായും 1914 ൽ തെക്കേ ആഫ്രിക്കയോട് വിടപറഞ്ഞത്.

ഇന്ത്യാക്കാരും വെള്ളക്കാരുമടക്കം ഒരു വൻ ജനാവലി ഗാന്ധികുടുംബത്തെ യാത്രയാക്കാൻ കെയ്പൗൺ തുറമുഖത്ത് തിങ്ങിക്കൂടിയിരുന്നു. വാദ്യഘോഷങ്ങളോടെയാണ് അവരെ ജനങ്ങൾ തുറമുഖത്തേക്കാനയിച്ചത്. തന്റെ ആത്മാർഥസുഹൃത്തായിരുന്ന പോളക്കിന്റെ പത്നിയും അക്കൂട്ടത്തിലുണ്ടായിരുന്നു. ഗാന്ധി കുടുംബത്തിന്റെ മടക്കയാത്രയെപ്പറ്റി അവർ എഴുതി: "കപ്പൽ പതുക്കെ പതുക്കെ കരയിൽ നിന്നകലുന്നത് ഞാൻ നോക്കി നിന്നു. എന്റെ ജീവിതത്തിൽ സഹിക്കവയ്യാത്ത ഒരു ശൂന്യത ബാധിച്ചതായി അനുഭവപ്പെട്ടു. പ്രവർത്തനങ്ങളും ചിന്തകളും വികാരങ്ങളും തിരതല്ലിക്കൊണ്ടിരുന്ന ജീവിതത്തിലെ ഒരദ്ധ്യായം അവസാനിച്ചു".

ഗാന്ധിയുടെ എഴുപതാം ജന്മദിനാഘോഷവേളയിൽ ജനറൽ സ്മട്സ് ഇങ്ങനെ അനുസ്മരിച്ചു: "അന്നുതന്നെ ഗാന്ധിയെ എനിക്ക് വലിയ ബഹുമാനമായിരുന്നു. അങ്ങനെയുള്ള ഒരാളുടെ എതിരാളിയാകേണ്ടിവന്നത് എന്റെ നിർഭാഗ്യമാണ്. അന്ന് അദ്ദേഹം പ്രകടിപ്പിച്ച ഗുണങ്ങൾ വികസിച്ചുവന്നത് അതിലും വിശാലമായ ഒരു രംഗത്തിലാണ്. തെക്കേ ആഫ്രിക്കയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നെ ഒട്ടധികം വിഷമിപ്പിച്ചിരുന്നു എന്ന് ഇവിടെ തുറന്നുപറഞ്ഞുകൊള്ളട്ടെ. ഗാന്ധി ചെയ്തിരുന്ന ഏത് പ്രവൃത്തിയിലും ചില പ്രത്യേകതകൾ കാണാം. അന്യോന്യബഹുമാനത്തോടെയാണ് ഞങ്ങൾ പൊരുതിരിയിരുന്നത്. വ്യക്തിപരമായ വെറുപ്പിനോ വിദ്വേഷത്തിനോ അതിൽ സ്ഥാനമുണ്ടായിരുന്നില്ല. അദ്ദേഹം ഒരിക്കലും വിശാലമനസ്ഥിതി കൈവെടിഞ്ഞിരുന്നില്ല. സമരത്തിന് തൃപ്തികരമായ ഒത്തുതീർപ്പിനുള്ള അവസരം അത് സൃഷ്ടിച്ചു."

യാത്ര ഇംഗ്ലണ്ടുവഴിയാക്കാൻ ഗോഖലേ നിർദ്ദേശിച്ചു. 1914 ആഗസ്ത് 6 ന് ഇംഗ്ലണ്ടിൽ എത്തിയ ഗാന്ധിക്കും പത്നിക്കും ആഗസ്ത് 8ന് ഇന്ത്യാക്കാരും ബ്രിട്ടീഷുകാരും ഉൾപ്പെട്ട സുഹൃത്സംഘം വൻ പൗരസ്വീകരണം നല്കി. ഡിസംബർ 19ന് ഇന്ത്യയിലേക്ക് യാത്ര പുറപ്പെട്ടപ്പോൾ ഹൃദ്യമായ യാത്രയയപ്പ്. 1915 ജനവരി 9ന് കപ്പൽ ബോംബെ തുറമുഖത്ത് എത്തിച്ചേർന്നു.

സ്വദേശീ വേഷത്തിലാണ് അദ്ദേഹവും പത്നിയും കപ്പലിറങ്ങിയത്. അവിടെ രാജകീയ സ്വീകരണമാണ് അവരെ കാത്തിരുന്നത്. പത്രങ്ങൾ വൻ പ്രാധാന്യത്തോടെ ആ സംഭവം റിപ്പോർട്ട് ചെയ്തു. ഇന്ത്യയിലെത്തിയ ഗാന്ധി ആദ്യം തന്നെ ഗോഖലെയെ കാണാനായി പൂണെയിലേക്ക് പുറപ്പെട്ടു. ഭാവി പ്രവർത്തനങ്ങൾക്ക് തന്റെ രാഷ്ട്രീയ ഗുരുവിന്റെ ഉപദേശവും ആശീർവാദവും തേടിയുള്ള ആ യാത്ര ഇന്ത്യയിൽ ഗാന്ധിയുടെ പിന്നീടുള്ള ജീവിതത്തേയും ഇന്ത്യയുടെ ഭാഗധേയത്തെതന്നെയും എങ്ങനെ മാറ്റിമറിച്ചു എന്നത് പില്ക്കാല ചരിത്രം. □

*ലേഖകൻ തിരുവനന്തപുരം ഭാരതീയ വിദ്യാഭവൻ കോളേജ് ആൻഡ് കമ്യൂണിക്കേഷനിലെ കോഴ്സ് ഡയറക്ടറാണ്.*



# അറിയാം; കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ

# പുതിയ ഭേദഗതികൾ

■ എൻ. ആർ. ശിവദാസ്

വാർത്തവിനിമയ രംഗത്ത് 5G യുടെ കടന്നുവരവെന്ന സുപ്രധാന മുന്നേറ്റത്തിനാണ് 2023 പുതുവൽസരത്തിൽ രാജ്യം സാക്ഷ്യം വഹിച്ചത്. മൊബൈൽ ഡാറ്റാ കൈമാറ്റം വ്യക്തതയിലും വേഗത്തിലും സാധ്യമാക്കുന്നതിന് 5G യുടെ രംഗപ്രവേശം കളമൊരുക്കുന്നു. കേരളത്തിൽ കൊച്ചി നഗരത്തിലും 5G സേവനം ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ഡാറ്റാ കൈമാറ്റം നടക്കുന്നത് മൊബൈൽ സംവിധാനത്തിലൂടെ ആയതിനാൽ 5G സേവനം തടസ്സമില്ലാതെ നൽകുന്നതിന് ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. 5G നെറ്റ് വർക്ക് ഉപയോഗം പ്രോൽസാഹിപ്പിക്കുകയെന്ന സംസ്ഥാന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിലേക്ക് കൂടുതൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ / തൂണുകളുടെ നിർമ്മാണം/സ്ഥാപിക്കൽ അനിവാര്യമാണ്. ഇതിനുവേണ്ടിയുള്ള നടപടികൾ ലഘൂകരിക്കത്തക്ക വിധത്തിൽ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രധാനമായു അധ്യായം 18 ലെ നിലവിലുണ്ടായിരുന്ന ചട്ടവ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് എസ്.ആർ.ഒ.101/2023 ാം നമ്പരായി {ഉത്തരവ് നമ്പർ(പി) 10/2023/തസ്വഭവ. തീ:17/01/2023} ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഭേദഗതി വിജ്ഞാപനത്തിൽ ചട്ടം 2 ന്റെ ഒന്നാം ഉപചട്ടത്തിലെ നിർവചനങ്ങൾ എന്നതിൽ പോൾ (12 മീറ്ററിന് താഴെയുള്ള ഇൻസ്റ്റാലേഷൻ), ടെലികമ്മ്യൂണിക്കേഷൻ ടവർ (12 മീറ്ററിന് മുകളിലുള്ള ഇൻസ്റ്റാലേഷൻ), ഇൻ ബിൽഡിംഗ് സൊല്യൂഷൻ എന്നിവയുള്ള നിർവചനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ചട്ടം 6 ന്റെ ആറാം ഉപചട്ടത്തിലെ സർവ്വീസ് പ്ലാൻ എന്നതിലെ പിരിവ് (V) നുശേഷം (Vi)-മത് പിരിവായി ടെലിക്കമ്മ്യൂണിക്കേഷൻ/ഇന്റർനെറ്റുമായി ബന്ധപ്പെട്ട ഇൻ-ബിൽഡിംഗ് സർവ്വീസ ഇൻഫ്രാസ്ട്രക്ച്ചർ സംവിധാനത്തിന് ആവശ്യമായ സ്പെസിഫിക്കേഷനോടുകൂടിയ വിവരങ്ങൾ കാണിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഏഴാം ഉപചട്ടത്തിലെ 'ബിൽഡിംഗ് പ്ലാൻ 'എന്നതിൽ (X) –ാം പിരിവിനുശേഷം (XI) മതായി ഇൻ-ബിൽഡിംഗ് സൊല്യൂഷനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിനുളളിലെയും മേൽക്കൂരപ്പുറത്തെയും ബ്രോഡ് ബാൻഡ്/ഡിജിറ്റൽ കണക്ടിവിറ്റി ആന്റിനകളുടെ വിവരങ്ങൾ കെട്ടിടത്തിന്റെ സെക്ഷൻ ഡ്രോയിംഗിൽ ശരിയായവിധം അടയാള

പ്പെടുത്തിരിക്കേണ്ടതാണെന്ന വ്യവസ്ഥയും കൂട്ടിച്ചേർത്തു. ഉപചട്ടം 13 ന് ശേഷമുള്ള കളർ സ്കീം ടേബിൾ 1 ൽ 11-ാം ക്രമനമ്പരായി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലൈൻ 'നീല' കളറിൽ കെട്ടിടത്തിന്റെ പ്ലാനിൽ രേഖപ്പെടുത്തിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ചട്ടം 8 ലെ പെർമിറ്റ് ആവശ്യമില്ലാത്ത നിർമ്മാണങ്ങൾ എന്നതിൽ (XVI)-ാം പിരിവിനുശേഷം (XVII) – മതായി ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളെയും ടെലിക്കമ്മ്യൂണിക്കേഷൻ പോൾ സ്ട്രക്ച്ചറുകളെയും, അനുബന്ധമുറികളെയും കൂടി ഉൾപ്പെടുത്തി. എന്നിരുന്നാലും നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ഈ ചട്ടങ്ങളിലെ അധ്യായം 18 ലെ വ്യവസ്ഥകൾക്കനുസൃതമായി ഇന്റിമേഷൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ലോ റിസ്ക് കെട്ടിടങ്ങൾ ഒഴികെയുള്ള മറ്റെല്ലാത്തരം കെട്ടിടങ്ങളിലും കേരള സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതുപോല ഇൻ-ബിൽഡിംഗ് സൊല്യൂഷനുള്ള ആവശ്യത്തിലേക്കായി കേബിൾ ഡക്ടുകളും പവർ കണക്ഷനുകളും ഉൾപ്പെടെ സ്മോൾ സെൽ ഡിപ്ലോയ്മെന്റിന് ആവശ്യമായ ഏർപ്പാടുകൾ നിർബന്ധമാക്കിക്കൊണ്ട് ചട്ടം 41 A കൂടി ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം 18 ലെ 83 മുതൽ 88 വരെയുള്ള ചട്ടങ്ങളിലെ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ/തൂണുകളുടെ നിർമ്മാണത്തിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തിയിട്ടുള്ളത് താരതമ്യ വിശകലനത്തിലൂടെ അടുത്തറിയാം. ചട്ടം 84(2), 84(3) (iii), (iv), 84(4), 85(5), 84(6), 85(1), 87(2), 87(3), 87(5) എന്നിവയിലെ വ്യവസ്ഥകൾ ഭേദഗതികളില്ലാതെ അതേപോലെതന്നെ നിലനിർത്തിയിട്ടുണ്ട്. മറ്റുള്ളവയുടെ ഭേദഗതികൾ ചുവടെ ചേർക്കുന്നു.

| ചട്ട നമ്പർ | വ്യവസ്ഥകൾ | |
|---|---|---|
| | ഭേദഗതിക്കുമുൻപ് | ഭേദഗതിക്കുശേഷം |
| 83 | ടവർ നിർമ്മാണത്തിന് മുൻപ് പ്രത്യേകമായി പെർമിറ്റ് നേടിയിരിക്കണം | പെർമറ്റ് ആവശ്യമില്ല. ടവർ നിർമ്മാണത്തിനു മുൻപ് അപ്പൻഡിക്സ് എ5 ൽ ആവശ്യമായ രേഖകളും ഫീസും സഹിതം ഇന്റിമേഷൻ സെക്രട്ടറിക്ക് നൽകിയിരിക്കണം |
| 84 (1) (i), (ii), (iii) | റോഡിൽ നിന്നും അതിരുകളിൽ നിന്നുമുള്ള അകലം സംബന്ധിച്ച വ്യവസ്ഥകൾ | അതേപോലെ നിലനിർത്തി |
| | 'പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം' എന്നത് | ഇന്റിമേഷനോടൊപ്പം എന്നാക്കി മാറ്റി |
| 84(3) (i) | അനുബന്ധമുറികളുടെ പ്ലാനുകൾ പെർമിറ്റ് അപേക്ഷയോടൊപ്പമോ അല്ലെങ്കിൽ പ്രത്യേകമായോ നൽകിയാൽ അനുമതി നൽകാം | അനുബന്ധമുറികളുടെ പ്ലാനുകൾ ഇന്റിമേഷനോടൊപ്പമോ പ്രത്യേകമായോ നൽകാം. |
| 84(3) (ii) | ക്യാബിൻ വിസ്തീർണ്ണം 15 ച. മീറ്ററിൽ കവിയാൻ പാടില്ല | ക്യാബിൻ വിസ്തീർണ്ണം സംബന്ധിച്ച് പരാമർശമില്ല |
| 84(7) (i) | തറനിരപ്പിൽനിന്നും 40 മീറ്റർ ഉയരത്തിലും 70 മീറ്റർ ഉയരത്തിലും 2 വീതം ഏവയേഷൻ മുന്നറിയിപ്പ് ലൈറ്റുകളും ഏറ്റവും മുകളിൽ ഒരു ലൈറ്റും സ്ഥാപിച്ചിരിക്കണം. | 40 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഓരോ ടവറിലും മുന്നറിയിപ്പ് ലൈറ്റുകൾ സ്ഥാപിച്ചിരിക്കണം.<br>ടെലിക്കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്നതോ അല്ലെങ്കിൽ ബാധകമായ മറ്റേതെങ്കിലും നിയമത്തിൽ പ്രതിപാദിച്ചിക്കുന്നതോ ആയ കളർ സ്പെസിഫിക്കേഷൻ ചെയ്തിരിക്കണം. |
| 84(7) (ii) | ഓരോ ടവറും ഏറ്റവും മുകളിലായി ഇൻറർനാഷണൽ ഓറഞ്ച് കളറിൽ പെയിൻറ് ചെയ്തും അവിടെ നിന്നും താഴേക്ക് 5 മീറ്റർ വീതം ഇടവിട്ടുള്ള ബാൻഡുകളിൽ ഒന്നിടവിട്ട് ഇൻറർനാഷണൽ ഓറഞ്ചു കളറിലും വെള്ള കളറിലും പെയിൻറ് ചെയ്തിരിക്കണം | |
| 85(2) | 'ഷാൽ ബി പെർമിറ്റഡ്' എന്ന വാക്കുകൾ | 'ഷാൽ ബി ഡൺ' എന്നാക്കി മാറ്റി |

| | | |
|---|---|---|
| 86 | ഹെഡിംഗ് : സൈറ്റ് അപ്രൂവൽ മുതലായവ | ഹെഡിംഗ് : ടൌൺ പ്ലാനിംഗ് സ്കീം പ്രൊവിഷൻസ് എന്ന് മാറ്റി |
| 86(1) | സൈറ്റ് അപ്രൂവൽ ആവശ്യമില്ല | സൈറ്റ് അപ്രൂവൽ സംബന്ധിച്ച് വ്യവസ്ഥയില്ല |
| 86(2) | ടൗൺ പ്ലാനിംഗ് സ്കീമിലെ ഏത് സോണുകളിലും അല്ലെങ്കിൽ ഒക്യുപ്പൻസി കണക്കാക്കാതെ ഏത് കെട്ടിടത്തിന് മുകളിലും ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകൾ/ളുണുകൾ അനുവദിക്കാം. | ഈ വ്യവസ്ഥ ഇതേ പോലെ തന്നെ ചട്ടം 86 ന്റെ ഹെഡിംഗിനു ശേഷം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 'ഷാൽ ബി പെർമിറ്റെഡ്'എന്ന വാക്കുകൾ 'ക്യാൻ ബി എറക്റ്റഡ്' എന്നു മാറ്റിയിട്ടുണ്ട്. |
| 87 | അപേക്ഷ സമർപ്പിക്കലും അതിന്റെ തീർപ്പാക്കലും എന്ന ഹെഡിംഗ് | ഹെഡിംഗ് ഇന്റിമേഷൻ സമർപ്പിക്കൽ എന്നാക്കി മാറ്റി |
| 87(1) | പെർമിറ്റിനുള്ള അപ്പൻഡിക്സ് എ1 അപേക്ഷയോടൊപ്പം അനുബന്ധമായി ഉണ്ടായിരിക്കേണ്ട രേഖകളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. | ചട്ടം 87(1) ന്റെ (i) മുതൽ (vi) വരെയുള്ള പിരിവുകളിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ സഹിതം അപ്പൻഡിക്സ് എ5 ഫോമിൽ ഇന്റിമേഷൻ നൽകണം. (ഇന്റിമേഷൻ സമർപ്പിക്കുന്നതു മുതൽ അപേക്ഷകന് നിർമ്മാണ പ്രവർത്തിയുമായി മുന്നോട്ട് പോകാവുന്നതാണെന്ന ക്ലിപ്ത നിബന്ധനകൂടി ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു)<br>കുറിപ്പ്:ഓണർഷിപ്പ് രേഖകൾ എന്നതിൽ അധികമായി ഭൂനികുതി രസീത് എന്നിവ കൂടി ചേർത്തു. |
| 87(4) | സൈറ്റ് പ്ലാനിൽ ഏതൊക്കെ വിവരങ്ങൾ കാണിച്ചിരിക്കണമെന്ന വ്യവസ്ഥ | വ്യവസ്ഥ അതേപോലെ ടെലിക്കമ്മ്യൂണിക്കേഷൻ ടവറിന് മാത്രമായി നിലനിർത്തുകയും പോൾ സ്ട്രക്ച്ചറുകളുടെ സൈറ്റ് പ്ലാനിന്റെ സംഗതിയിൽ സൈറ്റിന്റെ അളവുകൾ, സൈറ്റിൽ നിലനിൽക്കുന്ന നിർമ്മിതികൾ, സൈറ്റിൽ നിർദ്ദിഷ്ട പോൾ സ്ട്രക്ച്ചറിന്റെ ലൊക്കേഷൻ എന്നിവ കൂടി കാണിക്കണമെന്ന വ്യവസ്ഥ കൂടി ചേർത്തു. |
| 87(6) | അപേക്ഷ ഫീസ് 1000 രൂപയും പെർമിറ്റ് ഫീസ് താഴെ വിവരിക്കുന്നതുമായിരിക്കും<br>(a) ഏത് ഉയരത്തിലുള്ള ടവറിനും 10,000 രൂപ<br>(b) പോൾ സ്ട്രക്ച്ചറിന് (എത്ര എണ്ണം ളുണുകളുള്ളതായാലും ഒരു യൂണിറ്റിന്) 2,500 രൂപ<br>(c) അനിവാര്യമായ അനുബന്ധ മുറികൾക്ക് അപേക്ഷാ ഫീസ് ആവശ്യമില്ലാത്തതും എന്നാൽ അവയ്ക്ക് സാധാരണ കെട്ടിടങ്ങളെപോലെ പെർമിറ്റ്ഫീസ് അടവാക്കേണ്ടതുണ്ട്. | ഗവൺമെന്റിതര ടെലിക്കമ്മ്യൂണിക്കേഷൻ ടവറിന്റെയും അല്ലെങ്കിൽ പോളിന്റെയും അല്ലെങ്കിൽ അനുബന്ധമുറികളുടെയും നിർമ്മാണം, പുനർനിർമ്മാണം, മാറ്റം വരുത്തൽ എന്നിവയ്ക്ക് ഫീസ്<br>(a) ഏതുയരത്തിലുള്ള ടവറിനും 10,000 രൂപ<br>(b) പോൾ സ്ട്രക്ച്ചറിന് 2,500. രൂപ<br>(c) അനിവാര്യമായ അനുബന്ധ മുറികൾക്ക് നിർമ്മിത വിസ്തീർണ്ണത്തിന് ഒരു ചതുരശ്രമീറ്ററിന് 15 രൂപ നിരക്കിൽ ഫീസ് അടവാക്കേണ്ടതാണ്. |

| | | |
|---|---|---|
| 87(7) | ഫീസ് ഈടാക്കുന്നതിലേക്ക് ടവറിന്റെ ഉയരം ടവറിന്റെ ബേസിൽനിന്നും കണക്കാക്കേണ്ടതും കെട്ടിടത്തിന്റെ ബേസിൽ നിന്നും കണക്കാക്കാൻ പാടില്ലാത്തതുമാണ്. | പ്രത്യേകമായ വ്യവസ്ഥയില്ല (ടവറിന്റെ ഉയരം സംബന്ധിച്ച് പോൾ, ടെലിക്കമ്മ്യൂണിക്കേഷൻ ടവർ എന്നിവയുടെ നിർവചനം കൂടി കാണുക – ലേഖകൻ) |
| 87(8) | സെക്രട്ടറി, പ്ലോട്ടിന്റെ ഉടമസ്ഥതയും അതിർത്തികളും പ്ലാനുകളും ഡ്രോയിംഗുകളും സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥയും ബോധ്യപ്പെട്ട് അപേക്ഷാ തീയതി മുതൽ 15 ദിവസങ്ങൾക്കകം പെർമിറ്റ് അനുവദിക്കണം | പെർമിറ്റ് ആവശ്യമില്ലാത്തതിനാൽ പ്രത്യേക വ്യവസ്ഥയില്ല |
| 87(9) | അനുവദിച്ച പെർമിറ്റ് ഒരു വർക്ക് പെർമിറ്റ് ആയിരിക്കുന്നതും പെർമിറ്റ് തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തികരിച്ചിരിക്കേണ്ടതുമാണ് | പെർമിറ്റ് ആവശ്യമില്ലാത്തതിനാൽ നിർമ്മാണം പൂർത്തികരിക്കുന്നതിന് പ്രത്യേക കാലാവധി വ്യവസ്ഥയില്ല |
| 87(10)<br>87(11)<br>87(12) | പെർമിറ്റിന്റെ സാധുതാ കാലയളവിൽ തന്നെ പെർമിറ്റ് കാലാവധി നീട്ടലിന് വെള്ളപേപ്പറിലെ അപേക്ഷ മതിയായ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അസ്സൽ പെർമിറ്റും കൂടി ചേർത്ത് സമർപ്പിച്ച് പെർമിറ്റ് നീട്ടുന്ന സമയത്ത് ബാധകമായ അസ്സൽ പെർമിറ്റിനുള്ള ഫീസിന്റെ 50 ശതമാനം തുക ഫീസായി അടവാക്കിയാൽ പെർമിറ്റ് കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകാവുന്നതാണ്. | പെർമിറ്റ് ആവശ്യമില്ലാത്തതു കൊണ്ട് കാലാവധി നീട്ടൽ വ്യവസ്ഥയില്ല |
| 88(1) | പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തികരിച്ച ശേഷം അപേക്ഷകൻ അപ്പൻഡിക്സ് ഇ1 ലെയും എഞ്ചിനീയർ അപ്പൻഡിക്സ് ഇ3 യിലെയും ഫോറത്തിലുള്ള കംപ്ലീഷൻ റിപ്പോർട്ട് ടവറിന്റെയും കെട്ടിടത്തിന്റെയും സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി/ സേഫ്റ്റി സർട്ടിഫിക്കറ്റും കൂടി ചേർത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ് | ടവറിന്റെയോ പോൾ സ്ട്രക്ച്ചറിന്റെയോ നിർമ്മാണ പ്രവർത്തികൾ പൂർത്തികരിച്ച ശേഷം അപേക്ഷകൻ/സർവ്വീസ് പ്രൊവൈഡറും എഞ്ചിനീയറും ഒരു കംപ്ലീഷൻ റിപ്പോർട്ട് എഴുതി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി സെക്രട്ടറിക്ക് സമർപ്പിച്ച ഇന്റിമേഷന്റെ പകർപ്പും കൂടി ഉണ്ടായിരിക്കേണ്ടതുമാണ്. |
| 88(2) | സെക്രട്ടറി, പെർമിറ്റ് പ്രകാരമാണ് നിർമ്മാണ പ്രവർത്തികൾ പൂർത്തികരിച്ചതെന്ന് ബോധ്യപ്പെട്ടാൽ കംപ്ലീഷൻ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ അപ്പൻഡിക്സ് എഫ്2 മാതൃകയിൽ ഒരു 'യൂസ് സർട്ടിഫിക്കറ്റ്' അനുവദിക്കേണ്ടതും ടവർ സേവനാവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിലേക്ക് കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന ശ്രേണിയിൽ നിന്ന് വ്യത്യസ്തമായ ശ്രേണിയിലുള്ള ഒരു നമ്പരും അനുവദിക്കേണ്ടതാണ്. | സെക്രട്ടറിക്ക്, ടെലിക്കമ്മ്യൂണിക്കേഷൻ ടവർ/ പോൾ സ്ട്രക്ച്ചർ, അനുബന്ധമുറികൾ എന്നിവ നിർമ്മിച്ചിക്കുന്നത് ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് ഒത്തുനോക്കുന്നതിലേക്ക് ഏത് സമയത്തും പരിശോധന നടത്താവുന്നതാണ്. |

*(ലേഖകൻ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്)*

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്

# പ്രാചീന ലിഖിതങ്ങൾ

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

രാജ്യത്തിന്റെയും ഭരണത്തിന്റെയും ജനജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഷയുടെയും ലിപികളുടെയും വികാസ പരിണാമങ്ങൾ പഠിക്കുന്നതിനുള്ള രേഖകളാണ് പ്രചീന ലിഖിതങ്ങൾ. ഇവയെ പുരാരേഖകൾ എന്നും പറയുന്നു. ശിലാ താമ്ര ശാസനങ്ങൾ, താളിയോല ഗ്രന്ഥങ്ങൾ, ചുരുണകൾ, മുളക്കരണങ്ങൾ, കടലാസു രേഖകൾ എന്നിവയെല്ലാം പ്രാചീന ലിഖിതങ്ങളിൽ ഉൾപ്പെടുന്നു. ഇവയിൽ വട്ടെഴുത്ത്, കോലെഴുത്ത്, ഗ്രന്ഥാക്ഷരം, തമിഴ്, മലയാണ്മ എന്നിങ്ങനെ വിവിധ ലിപി സമ്പ്രദായങ്ങൾ കാണാം. സത്യസന്ധവും വസ്തുനിഷ്ഠവുമായ സമീപനവും, ശാസ്ത്രീയമായ ഗവേഷണവും പ്രാചീന ലിഖിതങ്ങളുടെ പഠനത്തിന് അത്യാവശ്യമായിരിക്കുന്നു. അതിലെ ഭാഷയും ലിപിയും അറിയുക എന്നത് അനേക കാലത്തെ പഠനംകൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ.

പ്രിചീന ലിഖിതങ്ങളുടെ ശാസ്ത്രീയ പഠനത്തിന് എത്ര മാത്രം പ്രസക്തിയുണ്ടെന്ന് ഒരു ഉദാഹരണം കൊണ്ടു വ്യക്തമാക്കാം. ഡോ. എ. ഫ്യൂറർ എന്ന പണ്ഡിതൻ 1986 ഡിസംബർ 1-ാം തീയതി നേപ്പാൾ താഴ്വരയിലെ പടേറിയ എന്ന ഗ്രാമത്തിൽ ഒരു ശിലാസ്തംഭം കണ്ടു. അതിന്റെ ചുവട്ടിലുള്ള ലിഖിതം കണ്ടുപിടിക്കുന്നതിനായി അദ്ദേഹം അതിനു ചുറ്റും കുഴിച്ചു. ബ്രാഹ്മി ലിപിയിൽ





കൊത്തിയിരുന്ന പാലി ഭാഷാ രേഖയാണ് ശിലയിൽ അദ്ദേഹം കണ്ടെത്തിയത്. അശോക ചക്രവർത്തി, ഇരുപത്തൊന്നാം ഭരണ വർഷത്തിൽ അതായത് 250 ബി.സി-യില് അവിടം സന്ദർശിച്ച് ശ്രീബുദ്ധനെ വണങ്ങി എന്നും ബുദ്ധന്റെ ജന്മം കൊണ്ടു ധന്യമായ ആ സ്ഥലത്തെ ജനങ്ങളുടെ നികുതിഭാരം വളരെ കുറച്ചു എന്നുമാണ് ആ ശാസനത്തിൽ രേഖപ്പെടുത്തിയിരുന്നത്. ഈ പഠനം ബുദ്ധന്റെ ജീവചരിത്രപഠനത്തിനും പുതുവെളിച്ചം നല്കി.

കേരളത്തിലെ പ്രീചീന ലിഖിതങ്ങളുടെ പഠനത്തിൽ, വിശാഖം തിരുനാൾ, പ്രൊഫ. സുന്ദരംപിള്ള, ഗോപിനാഥ റാവു, കെ.വി. സുബ്രഹ്മണ്യ അയ്യർ, കവിമണി ദേശിക വിനായകം പിള്ള, ഉള്ളൂർ എസ്. പരമേശ്വരയ്യർ, ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ള, എ. ഗോവിന്ദ വാര്യർ, എസ്. ശങ്കു അയ്യർ, വി.ആർ. പരമേശ്വരൻ പിള്ള എന്നിവർ പ്രമുഖ പങ്കുവഹിച്ചവരാണ്. സ്വയംഭരണ രീതി, ദണ്ഡനീതി, നികുതി സമ്പ്രദായം, ജന്മി- കുടിയാൻ ബന്ധങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, കലാസാഹിത്യ സംരംഭങ്ങൾ, ഉത്സവാഘോഷങ്ങൾ, വിദേശ ബന്ധങ്ങൾ, ജനക്ഷേമം, രാജ്യാഭിവൃദ്ധി എന്നിവ ലക്ഷ്യമാക്കി ഭരണാധികാരികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ വിവിധ പദ്ധതികൾ, ശിക്ഷാസമ്പ്രദായം, മതസൗഹാർദ്ദം, പ്രകൃതിസംരക്ഷണം തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളെയും സംബന്ധിച്ച വിവരങ്ങൾ പ്രാചീന ലിഖിതങ്ങളുടെ പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്, വി.ആർ. പരമേശ്വരൻ പിള്ളയുടെ 'പ്രാചീന ലിഖിതങ്ങൾ' എന്ന ഗ്രന്ഥം പുരാരേഖകളുടെ പഠനത്തിന് നല്ലൊരു മാതൃകയാണ്.

ആദ്യകാല മലയാള ഭാഷയുടെ സ്വരൂപം മനസ്സിലാക്കാൻ അവലംബിക്കുന്ന ലിഖിതങ്ങളാണ് ശാസനങ്ങൾ. ശിലകളിലുള്ള ശാസനങ്ങളെ ശിലാ ശാസനങ്ങൾ എന്നും ചെമ്പു തകിടിലുള്ള ശാസനങ്ങളെ താമ്രശാസനങ്ങൾ എന്നും പറയുന്നു. അവയിലെ ഭാഷ അകൃത്രിമവും സാധാരണ ജനങ്ങളുടെ ഭാഷയോട് അടുത്തുനില്ക്കുന്നതുമാണ്. കേരളം ഭരിച്ചിരുന്ന രാജശേഖര ചക്രവർത്തിയുടെ വാഴപ്പള്ളി ശാസനമാണ് (എ.ഡി. 830) നമുക്കു ലഭിച്ചിട്ടുള്ള ഏറ്റവും പഴയ രേഖ. 9-ാം ശതകത്തിലെ ഭാഷ പഠിക്കാനുള്ള മുഖ്യ അവലംബം ആ ശാസനമാണ്. എ.ഡി. 937-ലെ കോതരവിയുടെ അവിട്ടത്തൂർ ശാസനവും ,എ.ഡി. 951-ലെ കവിയൂർ ശാസനവും 10-ാം ശതകത്തിലെ കേരള ഭാഷ പഠിക്കാൻ സഹായകവുമാണ്. ഭാസ്കരരവിയുടെ തിരുനെല്ലി ശാസനവും (എ.ഡി. 1010) പെരുന്ന ശാസനവും (എ.ഡി. 1079) 11-ാം ശതകത്തിലെ ഭാഷയുടെ മാതൃക കാട്ടിത്തരുന്നു. കോത മാർത്താണ്ഡവർമ്മയുടെ തിരുവനന്തപുരം ശാസനവും കൊല്ലൂർ മഠം ചെമ്പു പട്ടയവും തിരുവല്ല ശാസനവും 12-ാം ശതകത്തിലെ ഭാഷ പഠിക്കാനുള്ള ഉപാദാനങ്ങളാണ്.

പ്രാചീനപദകോശം നിർമ്മിക്കുന്നതിനും പഠിക്കുന്നതിനും പ്രാചീന ലിഖിതങ്ങൾ സൂക്ഷ്മാപഗ്രഥത്തിനു വിധേയമാക്കേണ്ടിയിരിക്കുന്നു. പദങ്ങളുടെ ശരിയായ അർത്ഥം കണ്ടെത്തുക ശ്രമസാധ്യമാണ്. ചില ദൃഷ്ടാന്തങ്ങൾ കാണിക്കാം. ഉടൻപാട് (ഉടമ്പടി) ആട്ടിക്കൊടുക്കുക (ദാനമായിക്കൊടുക്കുക), മുതുക്കുറ് (മൂപ്പ്), തിരുവടി തൊഴുക (സ്വാമി ദർശനം നടത്തുക), തേവകാരിയം (ക്ഷേത്രകാര്യം), കാണം (മൂന്നു കഴഞ്ചു ഭാരം) മിരിച്ചികഞ്ഞായിറ് (വൃശ്ചിക മാസം), മുക്കാൽ വട്ടം (ക്ഷേത്രം) ഇപ്പരിച് (ഇപ്രകാരം), രക്ഷാഭോഗം (രക്ഷിക്കുന്നതിനുള്ള നികുതി) തുവാമി (സ്വാമി), എഴുതിന്റവരൾ (എഴുതുത്തവർ), തവൈയ്യാർ (സഭക്കാർ), കണക്കപ്പിള്ള (അക്കൗണ്ടന്റ്) എന്നിങ്ങനെ ശരിയായ അർത്ഥം കണ്ടെത്തുക എന്നത് ദീർഘകാലത്തെ പഠനം കൊണ്ടു മാത്രമേ സാധ്യമാകൂ. വിക്രമാദിത്യ വരഗുണന്റെ തിരുനന്ദിക്കര ശാസനത്തിലെ തിരുവടി ചാർത്തുക എന്ന പ്രയോഗത്തിന് വിവാഹം ചെയ്തു കൊടുക്കുക എന്ന അർത്ഥം കൽപ്പിച്ചു കൊണ്ടാണ് മഹാ പണ്ഡിതനായ ഗോപിനാഥറാവു ശാസനത്തെ വ്യാഖ്യാനിച്ചത്. തിരുവടി ചേർക്കൽ എന്നതിന് വൈഷ്ണവർ മഹാവിഷ്ണുവിന്റെ തിരുവടികളിൽ ഐക്യം പ്രാപിക്കൽ (ഇഹലോക ജീവിതത്യാഗം) എന്നാണ് അർത്ഥമാക്കുന്നത് എന്നും തിരുവടി ചാർത്തൽ എന്നതുകൊണ്ട് ഈശ്വരാരാധനയ്ക്കായി സ്വയം സമർപ്പിക്കൽ എന്നാണ് അർത്ഥമാക്കേണ്ടതെന്നും പുരാരേഖാപഠന വിദഗ്ധനായ കവിമണി ദേശിക വിനായകം പിള്ള പിന്നീട് സ്ഥാപിക്കുകയുണ്ടായി. പ്രാചീന ലിഖിതങ്ങളുടെ പഠനം എത്ര മാത്രം സൂക്ഷ്മവും ശാസ്ത്രീയവും ആകണമെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ.

മലയാളത്തിലെ പ്രാചീന പദങ്ങളുടെ ശേഖരത്തിൽ നിന്നാണ് ഭാഷയുടെ പഴമ കണ്ടെത്തിയതും അങ്ങനെ മലയാള ഭാഷയെ ക്ലാസിക്കൽ 'ശ്രേഷ്ഠഭാഷാ പദവി'ക്ക് അർഹമാക്കിയതും, 2013 മെയ് 23-ന് മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചു.

*(തുടരും)*

# വാർത്തകൾ വിശേഷങ്ങൾ

### വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെട്ടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ പ്രാദേശിക സാമ്പത്തികവികസനപദ്ധതി ( Local Economical Development) നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.3/2023/ത.സ്വ.ഭ.വ തീയതി 04.01.2023

### വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെട്ടുവിച്ചു

ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി മാലിന്യസംസ്കരണ പ്രോജക്റ്റുകൾ പുതുതായി ഏറ്റെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷികപദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടവിച്ചു.

സ.ഉ(സാധ) നം. 25/2023/ത.സ്വ.ഭ.വ തീയതി 05.01.2023

### ഖരമാലിന്യശേഖരണം ഹരിതകർമ്മസേന പ്രവർത്തനം- ഉത്തരവ് പുറപ്പെട്ടുവിച്ചു.

ഹരിതകർമ്മസേന പ്രവർത്തനങ്ങൾ - ഖരമാലിന്യശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി സേവനത്തിന് യൂസർഫീ – യൂസർഫീ കാർഡ് മറ്റ് സേവനങ്ങൾക്കുള്ള അനിവാര്യരേഖയായി പരിഗണിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടവിച്ചു

സ.ഉ(സാധ) നം. 41/2023/ത.സ്വ.ഭ.വ തീയതി 06.01.2023

### 2023-24 വാർഷികപദ്ധതി – ഉത്തരവ് പുറപ്പെട്ടുവിച്ചു.

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2023-24 വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(സാധ) നം. 128/2023/ത.സ്വ.ഭ.വ തീയതി16.01.2023

### വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെട്ടുവിച്ചു

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് ഭൗതിക സൗകര്യം ഒരുക്കുന്നതിനും ആധുനികവത്ക്കരണത്തിനുമുള്ള പ്രോജക്റ്റ് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം ഏറ്റെടുക്കുന്നതിന് ജില്ലാ പഞ്ചായത്തിനും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(സാധ) നം. 169/2023/ത.സ്വ.ഭ.വ തീയതി 20.01.2023

### 2022-23 വാർഷികപദ്ധതി – ഉത്തരവ് പുറപ്പെട്ടുവിച്ചു.

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2022-23 വാർഷികപദ്ധതി ഭേദഗതി ജില്ലാ ആസൂത്രണസമിതിക്ക് ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(സാധ) നം. 197/2023/ത.സ്വ.ഭ.വ തീയതി 23.01.2023

### വിവരാവകാശ നിയമം 2005 – ഉത്തരവ് പുറപ്പെട്ടുവിച്ചു.

വിവിരാവകാശ നിയമം 2005 പ്രകാരം ചീഫ് ടൌൺപ്ലാനർ( വിജിലൻസ് ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെയും അപ്പീൽ അധികാരിയെയും നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(സാധ) നം. 198/2023/ത.സ്വ.ഭ.വ തീയതി 23.01.2023

### കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ- ഉത്തരവ് പുറപ്പെട്ടുവിച്ചു

കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെട്ടുവിച്ചു.

സ.ഉ(അ) നം. 10/2023/ത.സ്വ.ഭ.വ തീയതി 17.01.2023

### ശുചിത്വമിഷൻ – ഉത്തരവ് പുറപ്പെട്ടുവിച്ചു.

ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഗ്ലോബൽ എക്സ്പോ ഓൺ വേസ്റ്റ് മാനേജ്മെൻറ് ടെക്നോളജീസ്( GEX kerala 23)അന്താരാഷ്ട്ര ടെക്നിക്കൽ കോൺക്ലേവിൽ പങ്കെടുക്കുന്നതിന് കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻമാർക്കും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു

സ.ഉ(സാധ) നം. 216/2023/ത.സ്വ.ഭ.വ തീയതി 25.01.2023

### മിഷൻ അന്ത്യോദയ സർവ്വെ 2022 – ഉത്തരവ് പുറപ്പെട്ടുവിച്ചു.

മിഷൻ അന്ത്യോദയ സർവ്വെ 2022 –സംസ്ഥാനതല, ജില്ലാതല മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചും ജില്ലാ ബ്ലോക്ക് തലത്തിൽ നോഡൽ ഓഫീസർ മാരെ നിയമിച്ചും സർവ്വെ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെട്ടുവിച്ചും സർക്കാർ ഉത്തരവിറക്കി

സ.ഉ(സാധ) നം. 237/2023/ത.സ്വ.ഭ.വ തീയതി 27.01.2023

### തദ്ദേശദിനാഘോഷം 2023- ഉത്തരവ് പുറപ്പെട്ടുവിച്ചു.

2023 ലെ തദ്ദേശദിനാഘോഷത്തിന്റെ നടത്തിപ്പിനായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(ആർ. ടി.) നം. 242/2023/ത.സ്വ.ഭ.വ തീയതി 28.01.2023

### കെട്ടിടനിർമ്മാണ അനുമതി- സർക്കുലർ പുറപ്പെട്ടുവിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ താൽക്കാലിക എഞ്ചിനീയറായും ഓവർസിയർ ആയും ജോലി ചെയ്തുവരുന്ന, കെട്ടിടനിർമ്മാണ ചട്ടപ്രകാരം ലൈസൻസുള്ള വ്യക്തികൾ കെട്ടിടനിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട പ്ലാനുകൾ തയ്യാറാക്കുന്നത് ഒഴിവാക്കുന്നത് സംബന്ധിച്ച് പൊതു നിർദ്ദേശങ്ങൾ നൽകി സർക്കുലർ പുറപ്പെട്ടുവിച്ചു

ആർ.ബി 3/339 /2022 ത.സ്വ.ഭ.വ തീയതി 21.01.2023

### സാമൂഹ്യസുരക്ഷപെൻഷൻ- സർക്കുലർ പുറപ്പെട്ടുവിച്ചു.

വിവാഹിത/ പുനർവിവാഹിത അല്ലായെന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്ത വിധവ/50 വയസ്സുകഴിഞ്ഞ അവിവാഹിത പെൻഷൻ ലഭിക്കുന്നവർക്ക് 60 വയസ്സ് കഴിഞ്ഞ് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി സർക്കുലർപുറപ്പെട്ടുവിച്ചു

സർക്കുലർ നം 12/2023/ധന തീയതി 31.01.2023

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.



# മാലിന്യ സംസ്കരണം നമ്മൾ ചെയ്യേണ്ടത്

■ പി. അജയകുമാർ

കേരളത്തിലെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന രീതിയിലാണ് നടന്നുവരുന്നത്. പ്രതിദിനം കേരളത്തിൽ ഏതാണ്ട് 10044 ടൺ മാലിന്യം ഉല്പാദിപ്പിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ഏതാണ്ട് 77 ശതമാനം ജൈവമാലിന്യങ്ങളും 23 ശതമാനം അഴുകാത്ത അജൈവ പാഴ് വസ്തുക്കളുമാണ്. കേരളത്തിന്റെ കാലാവസ്ഥയനുസരിച്ച് ഇവിടെയുണ്ടാകുന്ന മാലിന്യത്തിന് ഈർപ്പത്തിന്റെ അളവ് കൂടുതലാണ്.

കേരളത്തിന്റെ ജനസാന്ദ്രതയും ഭൂമിയുടെ ലഭ്യതക്കുറവും കണക്കാക്കിയാൽ പൊതു മാലിന്യസംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നമുക്ക് പരിമിതികളുണ്ട്. അതുകൊണ്ടുതന്നെ ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്ന നയമാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള സമീപനമാണ് ഒട്ടുമിക്ക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സ്വീകരിച്ചുവരുന്നത്. മാലിന്യം വെറുതെ വലിച്ചെറിയാനുള്ള സാധനമല്ല. സമ്പത്താക്കി മാറ്റാവുന്ന തരത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുമുണ്ട്.

> ●●●
>
> **മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിച്ച് കൈമാറിയാൽ മാത്രമേ കാര്യക്ഷമമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സാധ്യമാവുകയുള്ളൂ. ഇതിന് എല്ലാവരും തയ്യാറാവേണ്ടതുണ്ട്**
>
> ●●●

മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ എന്നത് നിയമംമൂലം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും അനിവാര്യ ചുമതലയാണ്. അതുപോലെതന്നെ മാലിന്യ സംസ്കരണം മാലിന്യ ഉല്പാദകന്റെ ഉത്തരവാദിത്തവുമാണ്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്നതാണ് നാം സ്വീകരിക്കേണ്ട സമീപനവും.

മാലിന്യസംസ്കരണത്തിന് നിരവധി നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമവും ഈ നിയമത്തെ അടിസ്ഥാനമാക്കി 2016-ൽ അംഗീകരിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടം ഉൾപ്പടെ നിരവധി ചട്ടങ്ങൾ ഇന്ന് പ്രാബല്യത്തിലുണ്ട്. കൂടാതെ 1994-ലെ പഞ്ചായത്തീരാജ് നിയമവും, കേരള മുനിസിപ്പാലിറ്റി നിയമവും മാലിന്യ സംസ്കരണ സംബ










ന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മാലിന്യ ഉല്പാദകരുടെയും കടമകളും കർത്തവ്യങ്ങളും വ്യക്തമാക്കിയുള്ളതാണ്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കണമെങ്കിൽ അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. വീടുകളിൽനിന്നും അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിന് 941 ഗ്രാമപഞ്ചായത്തുകളിലും 93 നഗരസഭകളിലുമായി 30380 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു. ഇവർ മാസത്തിൽ ഒന്നോ രണ്ടോ തവണ വീടുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ചുവരികയാണ്. ഈ സേവനം ലഭിക്കുന്നതിന് വീടുകളിൽനിന്ന് പ്രതിമാസം 50 രൂപയും സ്ഥാപനങ്ങളിൽനിന്ന് 100 രൂപയും യൂസർഫീയായി നൽകേണ്ടതുമാണ്. നിലവിലെ നിയമങ്ങൾക്ക് വിധേയമായാണ് ഈ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിലെ 61 ലക്ഷം വീടുകളും 5.5 ലക്ഷം സ്ഥാപനങ്ങളും ഈ സേവനം പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ പ്രാഥമിക സൂക്ഷിപ്പിനായി ഇപ്പോൾ 1181 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 12500 ലധികം മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ പാഴ് വസ്തുക്കൾ തരം തിരിക്കുന്നതിനും മൂല്യവർദ്ധനയുള്ളവ പ്രത്യേകം ശേഖരിച്ച് ഏജൻസികൾക്ക് കൈമാറുന്നതിനുമായി 173 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും പ്രവർത്തിച്ചുവരികയാണ്. ഈ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ അജൈവ പാഴ് വസ്തുക്കൾ പൊടിയാക്കുന്നതിനുള്ള ഷ്രെഡിംഗ് മെഷീനുകളും കെട്ടി സുരക്ഷിതമാക്കുന്നതിന് ബെയിലിംഗ് മെഷീനുകളും ചിലയിടങ്ങളിൽ തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റും പ്ലാസ്റ്റിക്കിലെ പൊടിപടലങ്ങൾ മാറ്റാനുള്ള യന്ത്രങ്ങളും സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നുണ്ട്. പൊടിയാക്കിയ പ്ലാസ്റ്റിക് റോഡ് ടാർ ചെയ്യുന്നതിനും മറ്റുള്ളവ റീസൈക്ലിംഗ് ഏജൻസികൾക്കും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ക്ലീൻ കേരള കമ്പനി മുഖേന കൈമാറി വരികയാണ്. പ്രതിമാസം ശരാശരി 5500 ടൺ അജൈവ പാഴ് വസ്തുക്കൾ ഇത്തരത്തിൽ റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറുന്നുണ്ട്.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി 13 ലക്ഷം വീടുകളിൽ മാലിന്യ സംസ്കരണ ഉപാധികളായ ബയോ







ഗ്യാസ് പ്ലാന്റുകൾ ബയോ ബിന്നുകൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കുഴി കമ്പോസ്റ്റുകളും സോക്പിറ്റുകളും പ്രവർത്തിക്കുകയാണ്. ഇത്തരത്തിൽ 54 ലക്ഷം വീടുകളിൽ ഏതെങ്കിലും രീതിയിലുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. കമ്മ്യൂണിറ്റി തലത്തിൽ 3810 ഉറവിട മാലിന്യ ഉപാധികളും പ്രവർത്തിക്കുന്നു.

പ്രതിദിനം കേരളത്തിൽ 1050 മെട്രിക് ടൺ ഇറച്ചിമാലിന്യം ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു. ഇവ പൂർണ്ണമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് 40 റന്ററിംഗ് പ്ലാന്റുകൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുകയാണ്. കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു. ജലമലിനീകരണം തടയുന്നതിന് തെളിനീരൊഴുകും നവകേരളം എന്ന പേരിൽ ക്യാമ്പയിനുകൾ നടത്തിവരുന്നതോടൊപ്പം കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള നടപടികളും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. മെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം നമുക്കുണ്ട്. സാനിട്ടറി മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ ചില പരിമിതികൾ നിലനിൽക്കുന്നു.

മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് കൈമാറിയാൽ മാത്രമേ കാര്യക്ഷമമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സാദ്ധ്യമാവുകയുള്ളൂ. ഇതിന് എല്ലാവരും തയ്യാറാവേണ്ടതുണ്ട്. അതോടൊപ്പം തന്നെ ഇതൊരു ശീലത്തിന്റെ ഭാഗമാകണം. 2023 ജനുവരി 26 ന് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നവകേരളം-വൃത്തിയുള്ള കേരളം വലിച്ചെറിയൽമുക്ത കേരളം എന്ന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. 2025 ജനുവരിയിൽ മാലിന്യം വലിച്ചെറിയാത്ത മാലിന്യക്കൂനകളില്ലാത്ത വൃത്തിയുള്ള കേരളമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഉറവിട മാലിന്യ സംസ്കരണം ശക്തിപ്പെടുത്തിയും ഹരിതകർമ്മസേനയുടെ വാതിൽപ്പടി ശേഖരണം കാര്യക്ഷമമാക്കിയും മാലിന്യം തരംതിരിച്ചു കൈമാറിയും ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയാൽ കൊച്ചിയിലെ ബ്രഹ്മപുരം ആവർത്തിക്കാതെ നമുക്ക് നാടും പരിസ്ഥിതിയും സംരക്ഷിക്കാൻ കഴിയും. □

*(ലേഖകൻ ഹരിതകേരളം മിഷനിലെ പ്രോഗ്രാം ഓഫീസറാണ്.)*

# മല്ലപ്പള്ളി

ഡോ. വിളക്കുടി രാജേന്ദ്രൻ

പത്തനംതിട്ട ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ ചെറുപട്ടണവും. മല്ലപ്പള്ളി, ആനിക്കാട്, കുന്നന്താനം, കല്ലൂപ്പാറ, പുറമറ്റം, കോട്ടാങ്ങൽ, പെരുമ്പട്ടി, എഴുമറ്റൂർ തെള്ളിയൂർ എന്നീ ഒമ്പതു വില്ലേജുകൾ താലൂക്കിലുണ്ട്. മണിമലയാറ്റിൻ തീരം, കോട്ടയം ജില്ലയുമായി അതിരു പങ്കിടുന്ന ഈ താലൂക്ക് കോട്ടയത്തേക്കുള്ള പ്രവേശനകവാടം കൂടിയാണ്. തിരുവല്ലയിൽ നിന്ന് 17 കിലോമീറ്ററും പത്തനംതിട്ടയിൽ നിന്ന് 30 കിലോമീറ്ററും ചങ്ങനാശ്ശേരിയിൽ നിന്ന് 15 കിലോമീറ്ററും ദൂരമുണ്ട് ഇവിടേക്ക്. മലകൾ നിറഞ്ഞ നിമ്നോന്നത പ്രദേശങ്ങളാണ് അധികവും. ധാരാളം പ്രമുഖ ക്രൈസ്തവ ദേവാലയങ്ങളും ഹിന്ദു ദേവാലയങ്ങളുമുണ്ട്. മല്ലപ്പള്ളി തിരുമാലിട മഹാദേവർ ക്ഷേത്രത്തിലെ ശിവരാത്രിയുൽസവമാണ് ഏറ്റവും വലിയ പ്രാദേശികോൽസവം. മണിമലയാറിലെ വെള്ളപ്പൊക്കം ആനിക്കാട്, കീഴ്‌വായ്പ്പൂർ തുടങ്ങിയ താഴ്ന്ന സ്ഥലങ്ങളെ വെള്ളത്തിലാഴ്ത്താറുണ്ട്. മലയാണ്മയുടെ വ്യാകരണം രചിച്ച റവ.ജോർജ് മാത്തൻ (1819-1870) ആദ്യമായി പൗരോഹിത്യച്ചുമതലകൾ നിർവ്വഹിക്കുകയും വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തത് ഇവിടെയാണ്. മല്ലപ്പള്ളി അച്ചൻ എന്ന പേരിലും ജോർജ് മാത്തൻ പ്രസിദ്ധനായിരുന്നു. മല്ലൻമാരുടെ അഥവാ കായികാഭ്യാസികളുടെ നാട് മല്ലപ്പള്ളിയായെന്ന് നാട്ടുപഴമ. പള്ളിക്ക് ഗ്രാമം എന്നും ബുദ്ധവിഹാരം എന്നും അർഥമുണ്ട്. പ്രാചീനബുദ്ധമതകേന്ദ്രമായിരുന്നോ ഇത്? എന്തായാലും അതിന്റെ തെളിവുകളൊന്നും അവശേഷിച്ചിട്ടില്ല. □





# നമുക്കു ചിരിക്കാം
# ഇത്തിരി വർത്തമാനം പറയാം

■ മുരളീധരൻ തഴക്കര

'ചിരി' ഒരു മരുന്നാണെന്നാണ് ആധുനിക വൈദ്യശാസ്ത്ര നിരീക്ഷണം! ജീവിതശൈലീരോഗങ്ങളും മറവിരോഗവും പിടിമുറുക്കുമ്പോൾ നിത്യജീവിതത്തിലെ പിരിമുറുക്കങ്ങളും മാനസിക സമ്മർദ്ദങ്ങളും കുറയ്ക്കുകയും സന്തോഷകരമായ ജീവിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുക എന്നത് നിശ്ചയമായും അതിജീവനത്തിനുള്ള മറുമരുന്നാണ്. നന്നായി പാടുന്ന, നൃത്തം ചെയ്യുന്ന, ശബ്ദാനുകരണം നടത്തുന്ന, പ്രഭാഷണം ചെയ്യുന്ന കൊച്ചുകുട്ടികളെപ്പോലും കൈയ്യടിച്ച് ഒന്നു പ്രോത്സാഹിപ്പിക്കാൻ നമുക്കിപ്പോൾ മടിയായിരിക്കുന്നു. കുറിക്കുകൊള്ളുന്ന ഒരു ഫലിതം കേട്ടാൽ പോലും മനസ്സ് തുറന്ന് ചിരിക്കാൻ നമുക്ക് വിമുഖതയാണ്. വഴിയോരത്ത് പരസ്പരം കണ്ടുമുട്ടുമ്പോൾ എന്തെങ്കിലും ഒരു കുശലം ചോദിക്കുകയെന്നത് മലയാളിയുടെ സഹജശീലമായിരുന്നു. എല്ലാ വികാര വിചാരങ്ങളും ഉള്ളിലൊതുക്കി മാനസിക സമ്മർദ്ദത്തിന് ആക്കം കൂട്ടുമ്പോൾ പ്രഷറിനും ഷുഗറിനും കൊളസ്ട്രോളിനുമുള്ള വളക്കൂറായി അത് മാറുകയാണെന്ന യാഥാർത്ഥ്യം മറക്കേണ്ട.

ചുരുക്കത്തിൽ വർത്തമാനകാല ജീവിതത്തിൽ നിന്ന് ഊർന്നും ചോർന്നും നഷ്ടമാകുന്ന നിരവധി നന്മകളോടൊപ്പം പരസ്പരം സംസാരിക്കാനും ഒന്ന് ചിരിക്കാനും നമുക്ക് വിമുഖതയായിരിക്കുന്നു. അയൽപക്കബന്ധങ്ങളും സൗഹൃദങ്ങളും എന്നെന്നേക്കുമായി പടിയിറങ്ങിപ്പോയി! നമ്മുടെ വീടുകളിൽപ്പോലും പരസ്പരമുള്ള സംസാരം നന്നേ കുറഞ്ഞിട്ടില്ലേ? ഓരോരുത്തരും ഓരോ തുരുത്തുകളായി മാറിയിരിക്കുന്നു. ജീവിതം ഏറെക്കുറെ പൂർണമായും യാന്ത്രികമായിരിക്കുന്നു. മൊബൈൽ ഫോണിന്റെ യാന്ത്രികതയിൽ അഭിരമിക്കുവാനാണ് എല്ലാവർക്കും ഇഷ്ടം! അച്ഛനും അമ്മയ്ക്കും അപ്പൂപ്പനും അമ്മൂമ്മയ്ക്കും മോനും മോൾക്കുമെല്ലാം പ്രത്യേകം പ്രത്യേകം മൊബൈൽ ഫോണുകളുണ്ട്. നമ്മൾ







ഉറങ്ങുന്നതും ഉണരുന്നതും മൊബൈൽ ഫോണുമായാണ്! ഉറങ്ങാൻ കിടക്കുന്നതിനു മുൻപ് ഏറ്റവും അവസാനമായി എത്തിയ 'വാട്സാപ്പ് മെസ്സേജ്' കൂടി വായിച്ചു എന്ന് ഉറപ്പാക്കുന്നു! ഭൂമിയെ തൊട്ടു വന്ദിച്ച് ഈ ദിവസം സാർത്ഥകമാക്കേണമേ എന്ന പ്രാർത്ഥനയോടെ ഉണർന്നെണീറ്റിരുന്ന സംസ്കാരത്തിൽ നിന്നും രാത്രി ഉറങ്ങിയ ശേഷം പുതുതായി മൊബൈലിലെത്തിയ സന്ദേശങ്ങൾ പരതിയാണ് ഇപ്പോൾ നാം ഉണരുന്നത്.

വീട്ടിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിയ്ക്കുന്ന ഒരു ശീലം നമുക്കുണ്ടായിരുന്നു. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നതോടൊപ്പം നാട്ടുവർത്തമാനങ്ങളും വീട്ടുവിശേഷങ്ങളും പരസ്പരം പങ്ക് വെച്ചിരുന്നു. അക്ഷരാർത്ഥത്തിൽ ഇതൊരു കുടുംബ കൂട്ടായ്മയായിരുന്നു. ഇങ്ങനെയൊരു അടുക്കള സദസ്സ് ഇന്നേതെങ്കിലും വീടുകളിൽ മരുന്നിനു പോലും ബാക്കിയുണ്ടാകുമോ? അത്രമാത്രം തിരക്കുപിടിച്ചതായിരിക്കുന്നു ജീവിതം- ജോലികഴിഞ്ഞ് അച്ഛൻ ഒരു സമയത്ത് എത്തുന്നു, ഓഫീസ് വിട്ട് വൈകിയെത്തുന്ന അമ്മ, സ്കൂൾ വിട്ട് എൻട്രൻസ് ക്ലാസും കഴിഞ്ഞ് ക്ഷീണിച്ചെത്തുന്ന മകൾ - ആരോടും മിണ്ടാനോ ഉരിയാടാനോ

വീട്ടിൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിയ്ക്കുന്ന ഒരു ശീലം നമുക്കുണ്ടായിരുന്നു. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുന്നതോടൊപ്പം നാട്ടുവർത്തമാനങ്ങളും വീട്ടുവിശേഷങ്ങളും പരസ്പരം പങ്ക് വെച്ചിരുന്നു. അക്ഷരാർത്ഥത്തിൽ ഇതൊരു കുടുംബ കൂട്ടായ്മയായിരുന്നു. ഇങ്ങനെയൊരു അടുക്കള സദസ്സ് ഇന്നേതെങ്കിലും വീടുകളിൽ മരുന്നിനു പോലും ബാക്കിയുണ്ടാകുമോ? അത്രമാത്രം തിരക്കുപിടിച്ചതായിരിക്കുന്നു ജീവിതം

ഇല്ലാതെ ഏകാന്തതയുടെ തടവറയിൽ ഒറ്റയ്ക്കായി പോകുന്ന മുത്തശ്ശിയോ മുത്തശ്ശനോ- ഇതാണ് പുതിയകാലത്തെ നമ്മുടെ അണുകുടുംബജീവിതാവസ്ഥ.

"നേരമില്ലാർക്കുമിന്നീ-
ഐക്യനർമ്മദയുടെ
തീരത്തിരുന്നൊന്നു സല്ലപിക്കാൻ"-

മഹാകവി അക്കിത്തത്തിന്റെ വരികൾ എത്ര വാസ്തവം!

പലപ്പോഴായി വീടണയുന്നവർ വീണ്ടും അവരവരുടെ തുരുത്തുകളിലേക്ക് ചേക്കേറുകയായി! ആരും തമ്മിൽ മനസ്സുതുറന്ന സംസാരമില്ല. അഥവാ ഇത്തിരി സമയം കണ്ടെത്തി എങ്ങനെയും ടെലിവിഷൻ സീരിയൽ കാണും. കുടുംബജീവിതത്തിന്റെ താളപ്പിഴകളും അപസ്വരങ്ങളും അസ്വസ്ഥതകളും അതിന്റെ പിരിമുറുക്കങ്ങളും എങ്ങനെ നന്നായി വിളയിച്ചെടുക്കാൻ കഴിയുമെന്ന് പഠിപ്പിക്കുന്ന പാഠപുസ്തകമാണ് ഒട്ടുമിക്ക സീരിയലുകളുടെയും കഥാതന്തു! ഇതെല്ലാം കൂടി ചേരുംപടി ചേരുമ്പോൾ വീടുകളിൽ നിന്ന് ചിരിയും ചിന്തയും വർത്തമാനവുമെല്ലാം പടിയിറങ്ങുക തികച്ചും സ്വാഭാവികം!

കുടുംബബന്ധങ്ങൾ പോലെ തന്നെ ഊഷ്മളമായിരുന്നു അയൽപക്കബന്ധങ്ങളും. വീടിന്റെ അതിർത്തിയിൽ മാത്രമല്ല

മനസ്സിന്റെ അതിർത്തിയിലും മതിൽ കെട്ടിയപ്പോൾ നഷ്ടമായത് നല്ല അയൽബന്ധങ്ങൾ മാത്രമല്ല ജാതിമത ചിന്തകൾ തൊട്ടു തീണ്ടാത്ത മാനുഷികബന്ധങ്ങൾ കൂടിയാണ്. ഇല്ലായ്മകളും വല്ലായ്മകളും നോവുകളും നൊമ്പരങ്ങളും സന്തോഷവും സന്താപവുമെല്ലാം പരസ്പരം പങ്കുവെച്ചിരുന്ന കാലം എന്നന്നേക്കുമായി കടലെടുത്തു പോയി. ഈസ്റ്ററിനും ക്രിസ്തുമസിനും കിഴക്കേതിലെ റാഹേലമ്മച്ചി കൊണ്ടുതരുന്ന പാലപ്പത്തിനും കോഴിയിറച്ചിയ്ക്കും പ്രതീക്ഷയോടെ കാത്തിരുന്ന ഒരു കുട്ടിക്കാലം ഇന്നും മനസ്സിൽ ബാക്കി നിൽക്കുകയാണ്. മനസ്സു നിറയെ സ്നേഹംകൂടി ചാലിച്ചു ചേർത്ത് നൽകിയിരുന്ന ഈ ഇഷ്ടവിഭവങ്ങൾ ഒരിക്കലും മുടങ്ങിയിരുന്നില്ല. വീട്ടിൽ അപ്രതീക്ഷിതമായി ഉച്ചനേരത്തെത്തിയ വിരുന്നുകാർക്ക് ഊണുകൊടുക്കുവാൻ ഞങ്ങളുടെ അടുക്കളയിലേക്ക് ഓടിവന്ന് ചോറുകലത്തിൽ നിന്ന് പാത്രം നിറയെ ചോറും കറികളുമായി ധൃതിയിൽ അടുക്കള വാതിൽ കടന്നുപോകുന്ന റാഹേലമ്മച്ചി സ്നേഹസമ്പൂർണ്ണമായ അയൽപക്കബന്ധത്തിന്റെ തിരുശേഷിപ്പായി ഇന്നും മനസ്സിൽ ജീവിക്കുന്നു. അക്ഷരാർത്ഥത്തിൽ പങ്കുവയ്ക്കലിന്റെ നന്മ പാഠങ്ങൾ പകർന്നു തന്ന പാഠശാലയായിരുന്നു ഈ അയൽപക്ക സ്നേഹസൗഹൃദം!

സ്വന്തം വീട്ടിൽ തന്നെ പരസ്പരം ചിരിയും കളിയും സംസാരവും നാമമാത്രമായി മാറുമ്പോൾ അയൽപക്കബന്ധത്തിന്റെ കാര്യം പറയേണ്ടതില്ലല്ലോ? കേരളവും അമേരിക്കയുമായുള്ള ദൂരം വളരെ കുറഞ്ഞു. പക്ഷേ നമ്മുടെ വീടും അയൽപക്കത്തെ വീടും തമ്മിലുള്ള ദൂരം വളരെ കൂടുകയും ചെയ്തു എന്നതാണ് ഈ കാലത്തിന്റെ ഏറ്റവും വലിയ ദുര്യോഗം. ലോകത്തിന്റെ ഏത് കോണിലും നമുക്ക് സുഹൃത്തുക്കളുണ്ട്. ഒരിക്കലും നേരിട്ട് കണ്ടിട്ടില്ലാത്ത ഈ സുഹൃത്തുക്കളുടെ മൊബൈലിലെ ഇമേജുമായി നാം എന്തെല്ലാം വിശേഷങ്ങൾ പങ്കിടുന്നു. പക്ഷേ തൊട്ടയൽപക്കത്ത് രോഗബാധിതനായി വേദന തിന്ന് കഴിയുന്ന അയൽക്കാരനെ ഒന്ന് കാണുവാനോ കൈപിടിച്ച് ഒന്ന് സ്വാന്ത്വനിപ്പിക്കുവാനോ നമുക്ക് നേരമില്ല - ഏറെ തിരക്കിലാണ് നമ്മൾ.

മറ്റൊരാളെ കേൾക്കുവാൻ ചെവി കൊടുക്കുക എന്നതാണ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും ഉൽകൃഷ്ടമായ നന്മ. മനസ്സുതുറന്ന് വിഷമങ്ങളും പ്രയാസങ്ങളും മറ്റൊരാളോട് പറയുമ്പോൾ തന്നെ മനസ്സി



ന്റെ പിരിമുറുക്കത്തിനും അസ്വാസ്ഥ്യത്തിനും അയവ് വരും! നമ്മുടെ മക്കളോടൊപ്പം അല്പസമയമെങ്കിലും സംസാരിക്കാൻ എത്ര അച്ഛനമ്മമാർക്ക് സമയം കിട്ടുന്നുണ്ട്. സ്കൂൾവിട്ട് വീട്ടിലെത്തുന്ന കുഞ്ഞുങ്ങളോടൊപ്പം എല്ലാ തിരക്കുകൾക്കും അവധികൊടുത്ത് തെല്ലുനേരം സംസാരിക്കുവാൻ സ്കൂൾ വിശേഷങ്ങളൊക്കെ ചോദിച്ചറിയുവാൻ വാത്സല്യത്തോടെ മടിയിലിരുത്തി മനസ്സ് പങ്കുവെയ്ക്കുവാൻ നമുക്ക് കഴിയണം. ചോദിക്കുന്നതെന്തും വാങ്ങി നൽകുന്ന, എന്തിനും ഏതിനും പണം നൽകുന്ന എ.ടി.എം. മെഷീൻ മാത്രമാണോ അച്ഛനമ്മമാർ. എന്തും മനസ്സുതുറന്നു പറയുവാൻ വീട്ടിൽ എന്റെ അച്ഛനും അമ്മയുമുണ്ടെന്ന ആത്മവിശ്വാസം കുഞ്ഞുങ്ങൾക്കൊരു കരുത്തും അതിജീവനത്തിന്റെ മരുന്നുമാണ്.

ഈ ശിഥില ചിന്തകൾക്ക് അനുബന്ധമായി ഒരനുഭവം കൂടി പങ്കുവെച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം സ്കൂളുകളിൽ ജനകീയകൂട്ടായ്മകളും ചർച്ചകളും വിലയിരുത്തലുകളും നടക്കുകയുണ്ടായി. വീടിനടുത്തുള്ള ഒരു ഹയർസെക്കൻഡറി സ്കൂളിൽ ഈ ചർച്ചയിൽ പങ്കെടുക്കാൻ എനിക്കും അവസരമുണ്ടായി. റിട്ടയർമെന്റിന് മാസങ്ങൾ മാത്രം ബാക്കിയുള്ള സ്കൂൾ ഹെഡ്മിസ്ട്രസ്സിന്റെ വാക്കുകൾ എന്നെ വല്ലാതെ സ്പർശിച്ചു. "കാലം വല്ലാതെ മാറിപ്പോയി സാറേ, സ്കൂളും ഞങ്ങൾ അധ്യാപകരും പിള്ളേരും രക്ഷിതാക്കളും എല്ലാം ആകെ മാറി - പണ്ടൊക്കെ ടീച്ചേഴ്സ് റൂമിലായിരുന്നു എല്ലാ ചർച്ചകളും നടന്നിരുന്നത്. കുട്ടികളെ യൂത്ത്ഫെസ്റ്റിവലിനു കൊണ്ടുപോകുന്നതും, കുസൃതിയും കുറുമ്പുമുള്ള കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളും, സ്കൂൾ വാർഷികത്തിന് മുഖ്യാതിഥിയെ തീരുമാനിക്കുന്നതും, പോർഷൻ തീരാത്തത് കാരണം എക്സ്ട്രാ ക്ലാസ് എടുക്കേണ്ടതും തുടങ്ങി സ്കൂളുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു മിക്കവാറും ഞങ്ങൾ ഒഴിവ് നേരങ്ങളിൽ കൂട്ടായി ചർച്ച ചെയ്തിരുന്നത്. എന്തിനേറെ ഞങ്ങളുടെയൊക്കെ മക്കളുടെ പഠനകാര്യങ്ങളും കല്യാണക്കാര്യങ്ങളും വീട്ടുവിശേഷങ്ങളുമെല്ലാം പരസ്പരം പങ്കുവയ്ക്കുന്നയിടം കൂടിയായിരുന്നു ടീച്ചേഴ്സ് റൂം. ഇന്ന് ആർക്കും ഒന്നിനും നേരമില്ല. പരസ്പരമുള്ള സംസാരം തന്നെ തീരെയില്ല. അല്പം ഒഴിവു കിട്ടിയാൽ എല്ലാവരും മൊബൈലിലാണ്."

ഇതൊരു ഒറ്റപ്പെട്ട അനുഭവമല്ല. സ്കൂളിലെ 'ടീച്ചേഴ്സ് റൂമിൽ' മാത്രമല്ല നമ്മുടെ വീടുകളിലും ഓഫീസുകളിലും സമസ്ത മേഖലകളിലും ഇതുസംഭവിച്ചിരിക്കുന്നു! ജീവിതത്തിന് വല്ലാതെ സ്പീഡ്കൂടിയ ഈ പുതിയ കാലത്ത് ഇതെല്ലാം വഴിയിൽ ഉപേക്ഷിക്കുക സാധ്യമല്ല. പക്ഷേ ഉപയോഗത്തിൽ കുറച്ചു കൂടി വീണ്ടുവിചാരവും വിവേകവും ആവശ്യാധിഷ്ഠിതമായ നിയന്ത്രണവുമുണ്ടായില്ലെങ്കിൽ നമുക്ക് നമ്മളെത്തന്നെ നഷ്ടമാ

# ...എന്ന് വായനക്കാർ

2022 ഡിസംബർ മാസത്തെ പഞ്ചായത്ത് രാജ് മാസികയൽ പ്രസിദ്ധീകരിച്ച പ്രാദേശിക വികസനപദ്ധതികൾ മാറ്റുന്ന വികസന തന്ത്രങ്ങൾ എന്ന ശീർഷകത്തിൽ ശ്രീ ഹുസൈൻ.എം മിന്നത്ത് പ്രസിദ്ധീകരിച്ച കവർസ്റ്റോറി വളരെ മനോഹരവും വിജ്ഞാനപ്രദവും ആയിരുന്നു. ഐക്യരാഷ്ട്രസഭ മാനവരാശിയുടെ സമഗ്രവികസനത്തിനും ഉന്നമനത്തിനുമായി മുന്നോട്ടുവച്ചിട്ടുള്ള സുസ്ഥിരവികസനലക്ഷ്യങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എപ്രകാരം തങ്ങളുടെ പ്രാദേശിക വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്ന് ലേഖകൻ ചൂണ്ടികാണിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് പുതിയ തൊഴിൽസംരഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി താഴെത്തട്ടിൽ തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനുള്ള ഉത്തമ ഉപാധിയായ പ്രാദേശിക സാമ്പത്തികവികസനപദ്ധതികളെ എങ്ങനെ ഉപയോഗിക്കണം എന്നും പദ്ധതികളുടെ ഓരോ സൂക്ഷ്മഘടകങ്ങളെയും വിശദീകരിക്കുകയും വഴി വായനക്കാർക്ക് വ്യക്തമായ അറിവ് പകരുന്നത് കൂടിയായിരുന്ന ലേഖനം എന്ന് എടുത്ത് പറയട്ടെ. ഇതിനോടൊപ്പം ചേർത്തുവയ്ക്കേണ്ട ഒന്നായിരുന്നു, ശ്രീ. ഷാഹുൽ ഹമീദിന്റെ 'കാലം ആവശ്യപ്പെടുന്ന നൈപുണ്യം. യുവജനങ്ങൾക്ക് വേണം' എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനവും. ആധുനികതൊഴിൽ മേഖലകളിൽ കടന്നുചെല്ലുന്നതിനും വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും നമ്മുടെ യുവതീയുവാക്കളുടെ നൈപുണ്യം പുഷ്ടിപ്പെടുത്തേണ്ടതിന്റെ അനിവാര്യത, വ്യക്തമായ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ അദ്ദേഹം ലേഖനത്തിലൂടെ മുന്നോട്ടുവയ്ക്കുന്നു. വൃത്തിയുള്ള കേരളം എന്ന എന്ന തലവാചകത്തിൽ സൂര്യ.എസ്.ബി പ്രസിദ്ധീകരിച്ച ലേഖനവും മികച്ചതായിരുന്നു. പ്രാദേശികമായി മാലിന്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ ലേഖനത്തിലൂടെ വിശദീകരിക്കപ്പെടുന്നു. കൂടാതെ ലോക മണ്ണദിനം, മണ്ണ് അന്നത്തിന്റെ ഉറവിടം എന്ന ശ്രീ അജിത്ത് വെണ്ണിയൂരിന്റെ ലേഖനവും മികച്ചതായിരുന്നു. ലോക മണ്ണ്ദിനത്തിന്റെ പശ്ചാത്തലത്തിൽ മാനവരാശിയുടെ നിലനിൽപ്പിന് മണ്ണിനെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വായനക്കാരിലേക്ക് എത്തിക്കുന്നതിന് തന്റെ ലേഖനത്തിലൂടെ അദ്ദേഹത്തിന് സാധിച്ചുവെന്ന് കാണാവുന്നതാണ്.

ചുരുക്കത്തിൽ ഡിസംബർ മാസത്തെ പഞ്ചായത്ത് രാജ് മാസികയിൽ. പ്രസിദ്ധീകരിച്ച ലേഖനങ്ങളും ചിത്രങ്ങളും ഉന്നത നിലവാരത്തിലുള്ളതും അറിവ് പകരുന്നതുമായിരുന്നു. പ്രസിദ്ധീകരണത്തിന് അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും ആശംസകൾ അറിയിക്കുന്നു.

**രാജേഷ് കുമാർ**
തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.



കുമെന്ന തിരിച്ചറിവ് കൂടിയേ തീരൂ!

വിദ്യാർഥികളെ പോലും പ്രലോഭനങ്ങളുടെ ചുണ്ടക്കൊളുത്തിൽപ്പെടുത്തി തെറ്റിന്റെ ലോകത്തേയ്ക്ക് വലിച്ചെറിയാൻ തക്കം പാർത്തിരിക്കുന്ന ഒരു ലോകത്ത് അതിനുള്ള പ്രതിരോധം തീർക്കേണ്ടത് നമ്മുടെ വീടുകളിൽ തന്നെയാണ്. കളിയും ചിരിയും വർത്തമാനവും സന്തോഷവും നിറഞ്ഞ ഊഷ്മളമായ കുടുംബാന്തരീക്ഷം കുട്ടികളെ ഏറെ സ്വാധീനിക്കും. വീടുകളിൽ സ്നേഹോഷ്മളമായ അന്തരീക്ഷവും പാരസ്പര്യവും മനസ്സുപങ്കുവയ്ക്കലും കുട്ടികളെ നേർവഴിക്കുനയിക്കുന്ന മാനസികാരോഗ്യ ചികിത്സ തന്നെയാണ്. എത്ര പണം ചെലവാക്കിയും നമ്മുടെ കുട്ടികളുടെ ഏതൊരാവശ്യവും നിവർത്തിക്കുന്നതിനേക്കാൾ പ്രധാനം അവരോടൊപ്പം അല്പം സമയം ചെലവഴിയ്ക്കുക, അവരെ ചേർത്തുനിർത്തുക, അവർക്ക് കാതു കൊടുക്കുക എന്നത് തന്നെയാണ്. നമ്മുടെ കുഞ്ഞുങ്ങളോട് സ്നേഹമല്ല വേണ്ടത് മറിച്ച് വാൽസല്യമാണ്; സ്നേഹത്തോടൊപ്പം ബോധപൂർവ്വമായ കരുതൽ കൂടി ചേരുമ്പോഴാണ് അത് വാത്സല്യമാകുന്നത്. അതിനാൽ അല്പനേരം നമുക്ക് പരസ്പരം സംസാരിക്കാം-മനസ്സ് തുറന്നൊന്നു ചിരിക്കാം. ഈ ചിരിയും വർത്തമാനവും മറവി രോഗത്തിന് മറുമരുന്നും ആയുരാരോഗ്യത്തിന് അത്യുത്തമവുമാണെന്ന് ആധുനിക വൈദ്യശാസ്ത്രവും ഓർമ്മിപ്പിക്കുന്നു. അങ്ങനെ കൂടുമ്പോൾ ഇമ്പമുള്ള ഇടമായി കേരളീയ കുടുംബങ്ങൾ മാറട്ടെ! ☐




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) January 2023
Annual Subscription ₹120, Published on 20 January 2023
RNI. No. : 7959/61

2022 സൂര്യപ്രഭ

നവകേരള സൃഷ്ടിക്കായി നമുക്ക് കൈകോർക്കാം

എന്റെ ഗ്രാമം LED ഗ്രാമം

















വികസനം വിരൽത്തുമ്പിൽ

Office : 96566 83444, 62826 53855 . Sales : 97446 48942, 73066 73152

തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ ആവശ്യപ്രകാരം സൈറ്റ് സന്ദർശിച്ച് സർക്കാർ നിഷ്കർഷിക്കുന്ന പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നു. ഇന്റർനാഷണൽ ബ്രാൻഡ് ആയ ഫിലിപ്സ്, L.T LED ലൈറ്റ് 3 മുതൽ 5 വർഷം വാറന്റി സുലഭമാണ്. ഞങ്ങൾ ഏറ്റെടുക്കുന്ന വർക്കുകൾ സമയബന്ധിതമായി നിർവ്വഹിക്കും. ഞങ്ങളുടെ ഉത്പ്പന്നങ്ങൾ സർക്കാർ പൊതുമേഖലാ സ്ഥാപനമായ സിൽക്ക്, K.E.L (കേരള ഇലക്ട്രിക്കൽസ്), K.S.I.E എന്നീ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് ടെൻഡർ കൂടാതെ വാങ്ങാവുന്നതാണ്. കൂടാതെ ഞങ്ങളുടെ AMC മുഖാന്തരം LED മിനി മാസ്റ്റ്, ഹൈ മാസ്റ്റ്, സോളാർ ലൈറ്റുകൾ പരിപാലനം AMC (ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ്) കൂടി ലഭ്യമാണ്.

JN LIGHTINGS
( K E R A L A )
Govt. Approved Electrical Contractors
West Othera P.O., Thiruvalla - 689 551
jnlightingskerala@gmail.com

Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS